



ഖുത്വ്ബ | ത്യാഗം ചെയ്തും ജീവിതത്തിൽ പരിവർത്തനം വരുത്തിയും പെരുന്നാളാഘോഷിക്കുക

# സത്യദൂതൻ

2012 ഓഗസ്റ്റ് | ലക്കം 8

വില ₹ 20



# ദൈവകണത്തിന്റെ രഹസ്യം

പ്രപഞ്ചത്തിലെ ഏറ്റവും അടിസ്ഥാനകണങ്ങൾക്ക് ഭാരം എന്ന ഗുണം നൽകുന്ന കണമാണ് ഹിഗ്സ് ബോസോൺ കണം. അതിന് 'ദൈവകണം' എന്ന് നാമകരണം ചെയ്തത് ജനങ്ങളിൽ ഔത്സുക്യം വളർത്താനും ഫണ്ടിംഗ് ഏജൻസികളിൽനിന്ന് ധനസഹായം ഉറപ്പാക്കാനുമുള്ള ശാസ്ത്ര സമൂഹത്തിന്റെ ഒരു പ്രൊഫഷണൽ തന്ത്രം എന്നല്ലാതെ മറ്റു യാതൊരർഥം ഈ നാമകരണത്തിനില്ല.



**BAIT-UN-NOOR, Nunspeet, Holland**



**MASJID NASIR Hartlepool, UK**



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2012 ഓഗസ്റ്റ്
ഹി.ശ.1391 - സുഹൂർ
1433 റമസാൻ - ശവ്വാൽ
പുസ്തകം 84 ലക്കം 8
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്വ്ബ
**ത്യാഗം ചെയ്തും ജീവിതത്തിൽ പരിവർത്തനം വരുത്തിയും പെരുന്നാളാഘോഷിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)



12
**കണ്ണ്: വിസ്മയകരമായ മനുഷ്യാവയവം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)
ദൈവം മനുഷ്യന് നൽകിയ വിസ്മയകരമായ ഒരവയവമാണ് കണ്ണ്. അത് ആകസ്മികമായും യാദൃച്ഛികവുമായാണ് രൂപപ്പെട്ടതെന്ന ഡാർവിനിസ്റ്റുകളുടെ വാദം കണ്ണിന്റെ അദ്ഭുതകരമായ രൂപ സംവിധാനത്തിനും പ്രവർത്തനത്തിനും മുമ്പിൽ പരാജയപ്പെട്ടു പോകുന്നു.

16
**മലക്കുകളുടെ അനിവാര്യത**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

19
**സമൂദ്: നശിച്ചൊടുങ്ങിയ അറബ് പൂർവ സമുദായം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)



22
**ദൈവകണത്തിന്റെ രഹസ്യം**
എ.എം.മുഹമ്മദ് സലിം
പ്രപഞ്ചത്തിലെ ഏറ്റവും അടിസ്ഥാനകണങ്ങൾക്ക് ഭാരം എന്ന ഗുണം നൽകുന്ന കണമാണ് ഹിഗ്സ് ബോസോൺ കണം. അതിന് 'ദൈവകണം' എന്ന് നാമകരണം ചെയ്തത് ജനങ്ങളിൽ ഔത്സുക്യം വളർത്താനും ഫണ്ടിംഗ് ഏജൻസികളിൽനിന്ന് ധനസഹായം ഉറപ്പാക്കാനുമുള്ള ശാസ്ത്ര സമൂഹത്തിന്റെ ഒരു പ്രൊഫഷണൽ തന്ത്രം എന്നല്ലാതെ മറ്റു യാതൊരർഥം ഈ നാമകരണത്തിനില്ല.

27
**അബൂഹുറയ്റ (റ)**
മാലിക്ക് അമീൻ, കാക്കനാട്



31
**ലണ്ടൻ മസ്ജിദിന്റെ ചരിത്രം**
ആസിഫ് എം. ബാസിത്
എട്ടരപതിറ്റാണ്ടുകൾക്ക് മുമ്പ് പാശ്ചാത്യ നാഗരികതയുടെ വളർത്തുതൊട്ടിലായ ലണ്ടൻ പട്ടണത്തിൽ പണിത ആദ്യത്തെ മുസ്‌ലിം പള്ളിയുടെ ചരിത്രം



34
**നവോത്ഥാനം: ദൈവീക പ്രസ്ഥാനത്തിലൂടെ**
യാസർ അറഫാത്ത്, തിരുത്തിയാട്
ഇസ്‌ലാമിക നവോത്ഥാനത്തിന്റെ അവകാശ വാദവുമായി പ്രാദേശിക സംഘടനാഗ്രൂപ്പുകൾ സെമിനാറുകളും ക്യാമ്പയിനുകളും സംഘടിപ്പിക്കുമ്പോൾ, യഥാർഥത്തിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ചത് ദൈവീക പ്രസ്ഥാനമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണെന്ന് ഈ ലേഖനത്തിലൂടെ സമർഥിക്കുകയാണ്.

36
**തവഫ്ഫയുടെ പ്രയോഗങ്ങൾ**
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

40
കുറിപ്പുകൾ
**ആർക്കും വേണ്ടാത്ത പെൺകുട്ടികൾ**
മുസാഫിർ

43
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



ആകാശ ഭൂമികളുടെ ആധിപത്യം അല്ലാഹുവിനുള്ളതാണ്. താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും. താനുദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാണ്. **(48:15)**

## നബിവചനം



ഞാനെന്റെ ദാസനോട് പെരുമാറുന്നത് എന്നോട് അവനുള്ള വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ്. അതു കൊണ്ട് അവരെന്നോട് അവനുദ്ദേശിച്ച വിധം പ്രതീക്ഷിച്ചു കൊള്ളട്ടെ **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



ഒരു ദാർശനികൻ ദൈവത്തിന്റെ സത്തയിൽ വിശ്വസിക്കുന്നില്ലെന്നു വന്നാലും, അയാൾക്ക് കാര്യകാരണ ത്തിന്റെ സത്തയെ നിഷേധിക്കുവാൻ വയ്യാത്തതിനാൽ ആദികാരണത്തിന്റെ സത്തയെ നിരസിക്കാനും അയാൾ ശക്തനാകുന്നില്ല. ഇത് ഒരു പ്രകാരത്തിൽ ദൈവത്തിന്റെ സത്തയെ അംഗീകരിക്കുക തന്നെയാണ്. എന്നാൽ അത് പൂർണമായ വിശ്വാസ സമ്മതമല്ല. ദൈവത്തിന്റെ സത്തയെ നിഷേധിക്കുന്ന നാസ്തികർ, ഭൗതികമായ താഴ്ന്ന ഉദ്ദേശ്യങ്ങളെയും വിചാരങ്ങളെയും കുറിച്ച് നിർബോധനായിരിക്കുവാനും ഒരു പരമ ശക്തിയുടെ അനുജ്ഞക്ക് വിധേയനായിരിക്കുവാനും തക്കവണ്ണം ബോധവിഹീനനാക്കപ്പെടുന്നതായാൽ, ആ അവസ്ഥയിൽ അയാൾ ഈശ്വര സത്തയെ സമ്മതിക്കും എന്നുള്ളതിലേക്ക് അനുഭവസിദ്ധരായ പലരുടേയും ദൃഷ്ടാന്തം തെളിവായിരിക്കുന്നുണ്ട്....... അതായത് മനുഷ്യന്റെ താഴ്ന്ന വിചാരങ്ങൾ ശക്തിയോടെ വ്യാപരിച്ചു കൊണ്ടിരിക്കുമ്പോൾ മാത്രമാണ് ദൈവത്തിന്റെ സത്തയെ നിഷേധിക്കാനുള്ള നിർബന്ധബുദ്ധി കാണുന്നുവെന്നും, പരിശുദ്ധമായ മനുഷ്യ പ്രകൃതിയാവട്ടെ ദൈവ വിചാരത്താൽ പരിവൃതമായിരിക്കുന്നതാണ്. **(ഇസ്ലാം മത തത്വജ്ഞാനം)**

എഡിറ്റോറിയൽ

# ശാസ്ത്രവും വിശ്വാസവും

**പ്ര**പഞ്ചത്തിലെ സ്ഥൂല യാഥാർത്ഥ്യങ്ങൾ വിവരിച്ചു കൊണ്ട് സൂക്ഷ്മനായ ദൈവത്തിന്റെ അസ്തിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന ഒരു സവിശേഷ ശൈലി വിശുദ്ധ ഖുർആനിലുണ്ട്. ഇത് വഴി ശാസ്ത്രത്തെ ദൈവത്തെ പറ്റി അറിയാനുള്ള ഒരുപകരണമാക്കി മാറ്റുകയാണ് ഖുർആൻ ചെയ്യുന്നത്. ഖുർആൻ ദൈവത്തിന്റെ വചനമാണെങ്കിൽ യഥാർഥ ശാസ്ത്രം ദൈവത്തിന്റെ പ്രവർത്തനമാണ്. ശാസ്ത്രത്തെ ഭയന്ന് അതുമായി വിരോധത്തിൽ നിൽക്കുന്ന മത യാഥാസ്ഥികത്വത്തിന്റെ നിലപാടല്ല ഖുർആനുള്ളത്. ശാസ്ത്രത്തെ അഭിമുഖീകരിച്ച് ഖുർആൻ നടത്തുന്ന നിരവധി ആഹ്വാനങ്ങൾ അതിന് തെളിവാണ്.'*ഏഴാകാശങ്ങളെ പടിപടിയായി സൃഷ്ടിച്ചവനാണവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. വീണ്ടും നോക്കുക. വല്ല വിടവും കാണുന്നുണ്ടോ? വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചു കൊണ്ട് നിന്നിലേക്ക് തന്നെ തിരിച്ചു വരും' (67: 4,5) തീർച്ചയായും ആകാശങ്ങളെയും ഭൂമിയേയും (അവയുടെ പരിപഥങ്ങളിൽ നിന്നും ) നീങ്ങി പോകാതിരിക്കാൻ അല്ലാഹു പിടിച്ചു നിർത്തുന്നു. ഇനി അവ രണ്ടും നീങ്ങിപ്പോകുന്നതായാൽ അവനു പുറമെ ആരും തന്നെ അവയെ പിടിച്ചു നിർത്തുകയില്ല. നിശ്ചയമായും അവൻ ശക്തനും സർവഥാ പൊറുക്കുന്നവനുമാണ്.(35:42) സൂര്യൻ അതിന്റെ നിശ്ചിത ദിശകളിലേക്ക് സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അത് പ്രതാപവാനും സർവജ്ഞനുമായ അല്ലാഹുവിന്റെ ആസൂത്രണമത്രെ (36:40) ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.( 55:8)* ഇത്തരത്തിലുള്ള 750 ശാസ്ത്ര സൂചക വചനങ്ങൾ ഖുർആനിലുണ്ട്. ഇത് വിശുദ്ധ ഖുർആന്റെ എട്ടിലൊരുഭാഗം വരും.

ശാസ്ത്ര ജ്ഞാനം ആർജിക്കുന്തോറും അതിന്റെ സങ്കീർണമായ ജ്ഞാന വിസ്മയങ്ങൾ കാണുന്ന ഒരാൾക്ക് ഈ ഭൗതിക പ്രപഞ്ചത്തിന്റെ പിന്നിൽ ഒരു ആസൂത്രകനും നിയന്താവും നിയാമകൻ ഉണ്ടെന്നതിലേക്ക് അനിഷേധ്യമായ തെളിവുകൾ ലഭിക്കും. പ്രപഞ്ച വസ്തുക്കളിലും പ്രതിഭാസങ്ങളിലും ഉള്ള സങ്കീർണതയും ധൈഷണിക സംഘാടനവും യാദൃച്ഛികവും ആകസ്മികവു മായുണ്ടായതാണെന്ന ദൈവ നിഷേധികളുടെ വാദം പരിഹാസ്യവും അസംബന്ധവുമാണെന്ന് തെളിയിച്ചു കൊണ്ടാണ് ശാസ്ത്രം ഓരോ നിമിഷവും പുരോഗമിക്കുന്നത്. സങ്കീർണമായ ഒരു വസ്തു തനിയെ ഉണ്ടാവുന്നു എന്നത് അനുഭവത്തിന്റെ ലോകത്ത് നടക്കാത്ത കാര്യമാണ്. ഈ അന്ധവിശ്വാസം പൊക്കി പിടിച്ച് ദൈവാസ്തികൃത്തെ എതിർക്കുന്നവർ കടുത്ത മത യാഥാസ്ഥിതികരെക്കാൾ യുക്തി ഹീനരാണ്. കൂസലില്ലാതെ അവർ പഴയവാദം തന്നെ ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഭൂമി ഉരുണ്ടതാണെന്ന് കണ്ടെത്തിയ ശാസ്ത്രം, തങ്ങളാണ് അതിന് ഗോളാകാരം നൽകിയത് എന്ന മട്ടിൽ ധാർഷ്ട്യത്തോടെ സ്രഷ്ടാവിന്റെ സൃഷ്ടി വൈഭവത്തെ നിഷേധിക്കുന്നതും അവഗണിക്കുന്നതും പരിഹാസ്യമല്ലേ? അജ്ഞാനിയായ മനുഷ്യൻ ഭൂമി ഉരുണ്ടതാണെന്നറിയാതെ പതിനായിരക്കണക്കിന് വർഷം അതിന്ന് മുകളിൽ ജീവിച്ചിട്ടുണ്ട് എന്ന യാഥാർഥ്യം മനുഷ്യ വിജ്ഞാനത്തിന്റെ നിസ്സാരതയാണ് വെളിപ്പെടുത്തുന്നത്. കണ്ടുപിടിത്തങ്ങളോടും പുതിയ ശാസ്ത്ര വിജ്ഞാനത്തോടും വിനീത വിധേയത്വത്തോടെയാണ് നാം സമീപിക്കേണ്ടത്. വാസ്തവത്തിൽ ശാസ്ത്രത്തിന്റെ പ്രവർത്തനമെന്നാൽ ദൈവത്തിന്റെ സൃഷ്ടി രഹസ്യങ്ങളെ അനാവരണം ചെയ്യലാണ്. ദൈവം സൃഷ്ടിച്ച പ്രകൃതി നിയമങ്ങളെ അനുകരിച്ച് നിർമാണം നടത്തുന്ന ദൈവനിഷേധികളായ ശാസ്ത്രജ്ഞന്മാർ തങ്ങളും സ്രഷ്ടാക്കളാണെന്ന് അവകാശവാദം പുറപ്പെടുവിച്ച് ദൈവം ചമയാൻ ശ്രമിക്കുകയാണ്. ബോധ ശൂന്യമായ ഹിഗ്ബോസോൺ കണത്തെ ' ദൈവ കണം 'എന്ന നാമകരണവും ചെയ്യുന്നതിന് പിന്നിലും അത്തരം ഒരു ലക്ഷ്യം കൂടിയുണ്ട്.

മതത്തിന്റെ ഭാഗത്ത് നിന്ന് ശാസ്ത്ര ജ്ഞാനത്തോടുള്ള എതിർപ്പാണ് ഏറ്റവും രൂക്ഷം. ഇക്കാലത്തും അത് തുടരുന്നു എന്നതാണ് ഖേദകരം. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞത് *'നവീന ജ്ഞാനങ്ങൾ ആർജിക്കുന്നതിനെ എതിർക്കുന്ന മൗലവിമാർ പിഴച്ചവരാണെന്ന് ഞാൻ കരുതുന്നു. തങ്ങളുടെ ബലഹീനതകളെ മറച്ചു വെക്കാൻ വേണ്ടിയാണ് അവരങ്ങനെ പറയുന്നത്. ആധുനിക വിജ്ഞാനങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ തെറ്റിലേക്ക് നയിക്കുമെന്നും ആളുകളെ ഇസ്ലാമിൽ നിന്നും അകറ്റി കളയുമെന്നും ഇവർ കരുതുന്നു. യുക്തിയും സയൻസും ഇസ്ലാമുമായി പൊരുത്തപ്പെടുകയില്ല എന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്....മതത്തിന്റെ സേവനത്തിനും ദൈവവചനങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും എല്ലാ ആധുനിക വിജ്ഞാനങ്ങളും ആർജിക്കേണ്ടതാണ്. '* **( മൽഫൂസാത്ത് ഭാ 65, 66)**



ഹദ്റത്ത് അഹ്മദ് (അ)

# ദൈവത്വത്തെ വികലമാക്കുന്ന ദൈവസങ്കല്പം

ആര്യന്മാർ വിശ്വസിക്കുന്നത് പരമേശ്വരൻ ഒരു ആത്മാവിനെയും സൃഷ്ടിച്ചിട്ടില്ല എന്നാണ്. എല്ലാ ആത്മാക്കളും അനന്തവും അസൃഷ്ടങ്ങളുമാണെന്നും അവർ വിശ്വസിക്കുന്നു. ഒരു മനുഷ്യന് അനശ്വരമായ മോക്ഷം ലഭിക്കില്ല എന്നും അവർ കരുതുന്നു. അതായത് മോക്ഷത്തിന്റെ ഭവനത്തിൽ പ്രവേശിക്കപ്പെട്ടതിനു ശേഷം ഓരോ ആത്മാവും ഒരു നിശ്ചിത കാലത്തിനു ശേഷം ബഹിഷ്കൃതനാവുകയും ഭൂമിയിലേക്ക് വീണ്ടും പ്രത്യാനയിക്കപ്പെടുകയും ചെയ്യുന്നു. ഈ രണ്ടു തത്ത്വങ്ങളും അസ്വീകാര്യമാണ്. ഒന്നാമത്തേത് സർവശക്തനായ ദൈവത്തിന്റെ ഏകത്വത്തെ നിഷേധിക്കുന്നു. തീർച്ചയായും അതുവഴി അവന്റെ ദൈവത്വത്തേയും ഈ തത്ത്വം നിഷേധിക്കുന്നു. രണ്ടാമത്തെ തത്ത്വം അസ്വീകാര്യമാവുന്നത് അത് ദൈവത്തിന്റെ വിശ്വസ്തനായ ഒരു ദാസനു നേരെ അനാവശ്യമായ അന്യായം ഉൾക്കൊള്ളുന്നു എന്നത് കൊണ്ടാണ്.

എല്ലാ ആത്മാക്കളും വസ്തുക്കളുടെ പരമാണുക്കളും അനന്തവും അസൃഷ്ടങ്ങളുമാണെന്ന് കരുതുകയാണെങ്കിൽ അത്തരം സങ്കല്പങ്ങൾ നിരവധി തിന്മകൾ ഉല്പാദിപ്പിക്കും. ഉദാഹരണത്തിന്, അത്തരമൊരു പരികല്പനയിൽ ദൈവാസ്തിക്യം സ്ഥാപിക്കാൻ ഒരു വാദവും ഉന്നയിക്കാൻ സാധ്യമല്ല. എല്ലാ ആത്മാക്കളും പരമാണുക്കളും സ്വയംഭൂവാണെങ്കിൽ അതിനെ സംയോജിപ്പിക്കേണ്ട ആവശ്യത്തിനായി മാത്രം ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ല. എല്ലാം തന്നെ സ്വയംഭൂവും അസൃഷ്ടങ്ങളുമാണെങ്കിൽ അവയെല്ലാം ഒരുമിച്ചു കൂട്ടാൻ ഒരു പരമേശ്വരന്റെ ആവശ്യമെന്തെന്ന് ഒരു നിരീശ്വരവാദിക്ക് ചോദിക്കാവുന്നതാണ്.

അത്തരം തത്ത്വങ്ങളിൽ നിന്ന് ഉദ്ഭൂതമാവുന്ന മറ്റൊരു തിന്മ ദൈവത്തിന്റെ ദൈവത്വം അത് കവർന്നെടുക്കുന്നു എന്നതാണ്. ആത്മാവിൽ നിക്ഷേപിക്കപ്പെട്ട അദ്ഭുതകരമായ ഗുണങ്ങൾ പദാർഥങ്ങളിലെ പരമാണുക്കളുടെ കേവല സംയോജനത്തിലൂടെ സൃഷ്ടിക്കപ്പെടുന്നതല്ല എന്ന് മനഃശ്ശാസ്ത്രത്തെ സംബന്ധിച്ചും ആത്മാവിന്റെ ഗുണങ്ങളെ സംബന്ധിച്ചും അഗാധമായി പഠിച്ചിട്ടുള്ളവർക്കറിയാം. ഉദാഹരണത്തിന് ആത്മാവിന് ചില ഗുണങ്ങളുണ്ട്. ആത്മാവ് വേണ്ടവിധം ശ്രമിക്കുമ്പോൾ മറഞ്ഞു കിടക്കുന്ന ജ്ഞാനങ്ങൾ കരഗതമാവുന്നു. അവക്ക് യുക്തിജ്ഞാനത്തിനുള്ള കഴിവുമുണ്ട്. അതിന്റെ പ്രവർത്തനത്തിലൂടെ ദൈഷണിക വിഷയങ്ങളിൽ അതിന് ജ്ഞാനം ലബ്ധമാവുന്നു. കൂടാതെ അതിന് സ്നേഹം എന്ന ഗുണമുണ്ട്. അതിന്റെ ബലത്തിൽ അത് ദൈവത്തെ കൊള്ളേ ചായുകയും ചെയ്യുന്നു. ഒരു സ്രഷ്ടാവിനെ കൂടാതെയാണ് ഈവിധ ഗുണങ്ങളെല്ലാം നിലനിലനിൽക്കുന്നതെങ്കിൽ ഇത് പരമേശ്വരനെ സംബന്ധിച്ച് വലിയൊരു അപമാനമാണ്. അത് അർഥമാക്കുന്നത് ഏറ്റവും ഉന്നതവും മഹത്വമാർന്നതുമായ കാര്യങ്ങൾ സ്വയംഭൂവായി നിലനിൽക്കുമ്പോൾ നിസ്സാരവും താഴ്ന്നതുമായ കാര്യങ്ങൾ പരമേശ്വരന്റെ സൃഷ്ടിക്കായി വിടുകയും ചെയ്തിരിക്കുന്നു എന്നാണ്. ആത്മാവിന്റെ സ്വയംഭൂവായതും അദ്ഭുതകരവുമായ ഗുണങ്ങളും ആത്മാവിന്റെ കഴിവുകളും പരമേശ്വരന്റെ പ്രവർത്തനങ്ങളേക്കാൾ എത്രയോ മികച്ചതാണ് എന്ന് കരുതേണ്ടി വരും. എത്രത്തോളമെന്നാൽ പരമേശ്വരൻ പോലും അതിന്റെ മികവിനാൽ അദ്ഭുതപ്പെടുന്നു. അതിനാൽ ആര്യന്മാരുടെ ഈ ദൈവസങ്കല്പം ദൈവത്തിന്റെ ഗുണങ്ങളെ ഗുരുതരമായി ദോഷം വരുത്തുന്നു. അതുകൊണ്ട് ദൈവത്തിന്റെ അസ്തിത്വത്തിൽ യാതൊരു വ്യതിരിക്തതയും സംജാതമാവുന്നില്ല. ദൈവമഹത്വത്തെ ഉയർത്തിപ്പിടിക്കുന്ന യാതൊരു വാദമുഖവും ഈ ദൈവസങ്കല്പത്തിൽ നിന്ന് ഉദ്ഭൂതമാവുന്നില്ല.

*(സുർമ ചശ്മെ ആര്യ)*

## ത്യാഗം ചെയ്തും ജീവിതത്തിൽ പരിവർത്തനം വരുത്തിയും

# പെരുന്നാളാഘോഷിക്കുക

**(2009 ന് ഈദുൽ ഫിത്വറിന് ഖലീഫത്തുൽ മസീഹ് ചെയ്ത ഖുത്വ്ബയുടെ മലയാള വിവർത്തനം)**



**അ**ൽഹംദുലില്ലാഹ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് നമുക്ക് ഒരിക്കൽ കൂടി ഈദുൽ ഫിത്വ്റ് ആഘോഷിക്കാനുള്ള ഭാഗ്യം ലഭിച്ചു കൊണ്ടിരിക്കുകയാണ്. ഒരു മാസം നാം അല്ലാഹുവിന്റെ കല്പനപ്രകാരം, അവന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി, പൊതുവിൽ ഒരു വിധിവിലക്കും ഇല്ലാത്ത പ്രവർത്തനങ്ങളിൽ നിന്നു പോലും വിട്ടു നിൽക്കുകയുണ്ടായി. അതോടൊപ്പം നമ്മുടെ ആത്മീയ ഉന്നമനത്തിനും വളർച്ചയ്ക്കും വേണ്ടി വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അത് പാരായണം ചെയ്യുന്നതിനും അതിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കു ന്നതിനുമായി അവരവരുടെ കഴിവനുസരിച്ച് പരിശ്രമിക്കുകയും ചെയ്തു. അതിന്റെ സന്തോഷത്തിലാണ് നാം ഇന്ന് ഈദുൽ ഫിത്വ്റ് ആഘോഷിക്കുന്നത്. ഈ മാസത്തിൽ നിർബന്ധ നമസ്കാരങ്ങൾ ജമാഅത്തായി അനുഷ്ഠിക്കുന്നതിന് ശ്രമിക്കുകയും അതോടൊപ്പം നമസ്കാരം ഭക്തി സാന്ദ്രമാക്കിക്കൊണ്ട് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്തു. കാരണം റമദാൻ മാസം ദൈവസാമീപ്യത്തിന്റെ മാസമാണ്. ഇതിനായി പ്രയത്നിക്കുന്നവർക്ക് ഞാൻ ഈ മാസം പ്രത്യേക പ്രതിഫലം നൽകുന്നതാണെന്ന് അല്ലാഹു പറയുന്നു. നമസ്കാരം പ്രായപൂർത്തി എത്തിയ സ്വബോധമുള്ള എല്ലാ മുസ്‌ലിമിനും നിർബന്ധമാണ്. അലസതയിൽ കഴിഞ്ഞവർ ഈ ദിനങ്ങളിൽ അതിൽ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. എന്നെ വിളിക്കുന്നവന്റെ വിളിക്ക് ഞാൻ ഉത്തരം നൽകുന്നതാണെന്ന അല്ലാഹുവിന്റെ കല്പന പലരും പാലിക്കുകയുണ്ടായി. അതോടൊപ്പം തന്റെ ധാർമിക ഗുണങ്ങൾ മുമ്പത്തേക്കാളുപരി ഉയർത്തുന്നതിന് പലരും ശ്രമിക്കുകയും ചെയ്തു.

റമദാൻ മാസത്തിൽ നാം പരസ്പരമുള്ള വെറുപ്പും പ്രശ്നങ്ങളുമെല്ലാം ഞാൻ നോമ്പുകാരനാണെന്ന് പറഞ്ഞ് ഒഴിവാക്കാൻ ശ്രമിക്കുകയുണ്ടായി. ആരാണോ തന്റെ നാഥന്റെ തൃപ്തി കരസ്ഥമാക്കാനായി സഹനം കൈക്കൊണ്ടത് എന്ന അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവർ സഹനം കൈക്കൊണ്ടു. ഈ കല്പനകളെല്ലാം തന്നെ സത്യവാനായ ഒരഹ്മദി മുസ്‌ലിം ചെയ്യുന്നത് അനുസരണത്തിന്റെ ഉത്തമ ഉദാഹരണം കാഴ്ചവെക്കൽ കൂടിയാണ്. കാരണം റമദാൻ അനുസരണത്തിന്റെ പാഠം കൂടി പഠിപ്പിക്കുന്നുണ്ട്. ഈ അനുസരണ പാഠം കൊണ്ടാണ് അനുവദ നീയമായ കാര്യങ്ങൾ പോലും ദൈവകല്പന പ്രകാരം മനുഷ്യൻ റമദാനിൽ ഉപേക്ഷിക്കുന്നത്. ചുരുക്കത്തിൽ ഒരു മാസത്തെ പരിശീലനത്തിലൂടെ നാം നേടി യെടുത്ത, ആത്മീയതയിലും ധാർമിക ഗുണങ്ങളിലും അനുസരണത്തിലും അഭിവൃദ്ധിയുടെ ഉന്നത സ്ഥാനംകരസ്ഥമാക്കാനുള്ള നമ്മുടെ പരിശ്രമം നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ നാം ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് റമദാനെ ശരിക്കും പ്രയോജനപ്പെടുത്തി എന്ന് നമുക്ക്

പറയാൻ സാധിക്കുകയുള്ളൂ.

റമദാൻ ആരംഭിച്ചു കഴിഞ്ഞാൽ പൊതുവിൽ നാം റമദാൻ ആശംസകൾ നേരാറുണ്ട്. അത് നല്ലതു തന്നെയാണ്. നാം ഇതിൽ പറയാറുള്ളത് റമദാൻ മുബാറക്ക് എന്നാണ്. ഇതിൽ ശരിക്കും നാം പറയേണ്ടത് ഈ റമദാൻ എനിക്കും നിങ്ങൾക്കും അനുഗൃഹീതമായി ത്തീരാൻ നിങ്ങൾ പ്രാർഥിക്കണം എന്നാണ്. റമദാന്റെ യഥാർഥ പൊരുൾ നാം മനസ്സിലാക്കേണ്ടതാണ്. അപ്പോൾ മാത്രമേ നമുക്ക് ഇന്നത്തെ ഈ സന്തോഷത്തിന് അവകാശമുള്ളൂ. നമ്മിൽ നാം വരുത്തിയിട്ടുള്ള പരിശുദ്ധ പരിവർത്തനങ്ങൾ നിലനിർത്താൻ നാം പ്രതിജ്ഞ എടുക്കേണ്ടതാണ്. ഈ പ്രതിജ്ഞാപാലനത്തിലൂടെ നാം അല്ലാഹുവിന്റെ സ്വർഗത്തിന് അവകാശി കളായി തീരുന്നതാണ്. അല്ലാഹുവിന്റെ സ്വർഗത്തെ കുറിച്ചുള്ള സുവാർത്ത നമുക്ക് ലഭിക്കുന്നുണ്ടെങ്കിൽ പിന്നെന്തു കൊണ്ട് നമുക്ക് പെരുന്നാൾ ആഘോ ഷിച്ചുകൂടാ!!. അല്ലാഹു നമ്മോട് പെരുന്നാൾ ആഘോഷിക്കാൻ കല്പിച്ചി രിക്കുകയാണ്. അതിനാൽ ഈ പെരു ന്നാളാഘോഷിക്കാൻ ഒരുമിച്ച് കൂടിയ നാം സൗഭാഗ്യവാന്മാരാണ്. റമദാൻ നമുക്ക് അനുസരണത്തിന്റെ പാഠമാണ് നൽകിയിരിക്കുന്നത്. റമദാനിൽ നാം സഹനം കൈക്കൊണ്ടതും ധീരത കാട്ടിയതും ധാർമിക ഗുണങ്ങൾ സ്വായത്തമാക്കി യതും അല്ലാഹുവിന്റെ വിശു ദ്ധഗ്രന്ഥം പഠിക്കാൻ ശ്രമിച്ചതും ഇന്ന് ഈദ് ആഘോഷിക്കുന്നതും എല്ലാം തന്നെ അല്ലാഹുവിന്റെ കല്പന അനുസരിച്ചു കൊണ്ട് അത് നടപ്പിൽ വരുത്തുക എന്ന വികാരത്തോടു കൂടിയാണ്. ഇതിനു പകരം അല്ലാഹു നമുക്ക് സ്വർഗത്തെ കുറിച്ചുള്ള സുവാർത്ത നൽകുന്നുണ്ട്.

ആർ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുന്നുവോ അല്ലാഹു അവനെ താഴേ‍ാരത്തു കൂടി അരുവികൾ ഒഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ (ശാശ്വതമായി) നിവസിക്കുന്നവരായി രിക്കും. (4:14) ശാശ്വത സ്വർഗത്തെ കുറിച്ചുള്ള സുവാർത്ത വെറും 29 ദിവസത്തിന് പകരമല്ലെന്നോർക്കണം. അനുസരണം സ്ഥിരമായി അനുവർ ത്തിക്കുന്നവർക്കുള്ള വാഗ്ദാനമാണിത്. സ്ഥിരമായ അനുസരണത്തിന്റെ ഫല മായി ഈ ദുൻയാവിൽ അതിന് പ്രതിഫ ലമായി നമുക്ക് ഈദ് എന്ന സുദിനം കാണിച്ച് തന്നു. അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കു ന്നവരും അവന്റെ അനുഗ്രഹങ്ങളെ അന്വേഷി ക്കുന്ന വരും അവന്റെ പ്രീതി കരസ്ഥമാ ക്കുന്നു. അതിന്റെ പ്രതിഫലം സ്വർഗ മായി നൽകുന്നു. ഇവിടെ ലഭിക്കുന്ന ഈ സ്വർഗം ആരാധനയുടെ നിലവാരം ഉയർത്തുന്നതിലൂടെ മനഃശാന്തി നൽകി ക്കൊണ്ടാണ് ലഭിക്കുന്നത്. ഇത് സംബ ന്ധമായി അല്ലാഹു പറയുന്നു.

അറിയുക, അല്ലാഹുവിന്റെ സ്മരണ യിലൂടെയാണ് മനസംതൃപ്തി കരസ്ഥ മാക്കുക. അല്ലാഹുവിന്റെ സ്മരണ യിലൂടെ ഈ ദുൻയാവിൽ മനഃശാന്തി കൈവരുന്നു. മനഃശാന്തി ലഭിച്ചവർക്ക് വേറെ ഏതു സ്വർഗത്തിന്റെ ആവശ്യമാ ണുള്ളത്. ലൗകീകതയിൽ മുഴുകിക്കഴി യുന്നവൻ സുഖ സൗകര്യങ്ങൾക്കാവ ശ്യമായ എല്ലാം ഉണ്ടായിട്ടും അസ്വസ്ഥ നാണ്. പല സമ്പന്നരും രാത്രി ഉറങ്ങാൻ ഉറക്ക ഗുളികയെ ആശ്രയിക്കുന്നു. അസ്വസ്ഥതയിലും ഭയപ്പാടിലും പകൽ മുഴുവനും അവരുടെ മനസ്സ് അശാന്ത മായിരിക്കും. പണമാണ് അസ്വസ്ഥത കൾ അകറ്റി മനശാന്തി നൽകുന്ന തെങ്കിൽ പണക്കാർക്ക് ഒരിക്കലും അസ്വസ്ഥതയും അശാന്തിയും ഉണ്ടാകു മായിരുന്നില്ല. എന്നാൽ നാം ഒന്ന് പരിശോധിക്കുകയാണെങ്കിൽ പൊ തുവിൽ പണക്കാർക്കാണ് മനസ്സിൽ എപ്പോഴും അസ്വസ്ഥതയും അശാ ന്തിയും നിലനിൽക്കുന്നതെന്ന് കാണാൻ സാധിക്കുന്നതാണ്. പ്രത്യേകിച്ച് ദൈവ വുമായി ബന്ധമൊന്നുമില്ലാത്ത പണ ക്കാർക്ക്. സാത്വികനായ ഒരു വ്യക്തിക്ക് അസ്വസ്ഥതയുണ്ടെങ്കിൽ തന്നെ അവന്റെ അസ്വസ്ഥതയ്ക്ക് കാരണം ദൈവത്തോടുള്ള കടപ്പാടുകൾ താൻ പൂർണമായും നിറവേറ്റിയിട്ടുണ്ടോ എന്നതിലായിരിക്കും. ഒരിക്കലും ഭൗതീകമായ കാര്യങ്ങളിൽ അസ്വസ്ഥ രാകാറില്ല. അതുകൊണ്ട് റമദാനിൽ അല്ലാഹുവിന്റെ കല്പന പ്രകാരം എണ്ണപ്പെട്ട ദിനങ്ങളിൽ നാം നോമ്പനു ഷ്ഠിക്കുകയും നമ്മുടെ ആത്മീയവും ഭൗതികവുമായ ഉന്നമനങ്ങളിലേക്ക് ശ്രദ്ധിക്കുകയും ചെയ്തു. ഈ ഒരവസ്ഥ നിലനിർത്തിക്കൊണ്ട് നമ്മുടെ ആരാധ നയുടെ നിലവാരം ഉയർത്താൻ നാം പരിശ്രമിച്ചു കൊണ്ടിരിക്കേണ്ടതാണ്. നോമ്പനുഷ്ഠിച്ചതു കൊണ്ട് നാം നമ്മുടെ ധാർമിക ഗുണങ്ങൾ ഉയർ ത്താൻ ശ്രമിച്ചുവെങ്കിൽ നോമ്പില്ലാത്ത അവസ്ഥയിലും ഈ നിലവാരം ഉയർത്താൻ ശ്രമിച്ചു കൊണ്ടിരി ക്കേണ്ടതാണ്. അല്ലാഹു നമ്മോട് ഉന്നത ധാർമിക നിലവാരങ്ങൾ നിലനാട്ടണം എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അതിന് അവൻ അവസരം ഒരുക്കിത്തരികയും ചെയ്തിട്ടുണ്ട് എന്നത് അവന്റെ കാരു ണ്യമാണ്. ഭൗതിക ചുറ്റുപാടുകളിൽ കുടുങ്ങി എനിക്ക് ഈ ഉന്നത മൂല്യങ്ങൾ നിലനാട്ടാൻ കഴിയില്ലെന്ന് പറയാൻ നമുക്ക് സാധിക്കില്ല. കാരണം ഒരു മാസം ഞാൻ നോമ്പുകാര നാണെന്നും പറഞ്ഞ് ധാർമിക ഗുണ ങ്ങൾ നിലനിർത്താൻ കഴിഞ്ഞെ ങ്കിൽ അതിന്റെ അർഥം ഈ ഗുണങ്ങൾ സ്വായത്തമാക്കാനുള്ള കഴിവ് നമ്മിൽ ഉണ്ടെന്നാണ്. നമ്മുടെ വികാരവിചാ രങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ് നമ്മി ലുണ്ട്. ഇനി അതിനെ നമ്മുടെ ജീവിതത്തി ന്റെ ഭാഗമാക്കി മാറ്റുക. ഇരു ലോക സ്വർഗവും നമുക്ക് ലഭിക്കു ന്നതാണ്.

ആത്മസംസ്കരണം വരുത്തുക യും ആരാധനയുടെ നിലവാരം ഉയർ ത്തുകയും ധാർമികഗുണനിലവാരം മെച്ചപ്പെടുത്തുകയും അല്ലാഹുവിന്റെ പ്രീതിക്കായി അനുസരണത്തിന്റെ ഉത്തമ മാതൃക കാണിക്കുകയും ചെയ്യുന്നവൻ, ആരാധനയിൽ അശ്രദ്ധ കാണിക്കുന്ന, അധാർമികത പ്രകടിപ്പി ക്കുന്ന, മാതാപിതാക്കളേയും മുതിർ ന്നവരേയും ജമാഅത്ത് സംവിധാന ത്തേയും ധിക്കരിക്കുന്ന പ്രവണതയുള്ള സമൂഹത്തിൽ നിന്നും അകന്നിരിക്കു ന്നതാണ്. അങ്ങനെയുള്ളവർ പരിശുദ്ധ സമൂഹത്തെ അന്വേഷിച്ചിറങ്ങുന്നു. അതുമല്ലെങ്കിൽ താൻ വസിക്കുന്ന സമൂഹത്തിന്റെ സമൂല പരിവർത്ത നത്തിനായി അവൻ പരിശ്രമിക്കു ന്നതാണ്. ഇങ്ങനെയുള്ള പരിവർത്തന ങ്ങളാണ് യഥാർഥ ദീനിന്റെ അവകാശി കളാക്കി നമ്മെ മാറ്റുന്നത്. അതല്ലാതെ, ഇന്ന് പെരുന്നാൾ ആഘോഷിക്കാൻ ഒത്തു കൂടി, പുതു വസ്ത്രമെല്ലാം അണിഞ്ഞ് തുടർന്നുള്ള നമസ്കാര ങ്ങളെകുറിച്ച് അശ്രദ്ധരാകുകയാണെ ങ്കിൽ ഇത് സന്തോഷ സുദിനമല്ല. ഇത് അല്ലാഹുവിന്റേയും അവന്റെ റസൂ ലിന്റേയും ദൃഷ്ടിയിൽ വെറുക്കപ്പെട്ട ഒരു ആൾകൂട്ടം മാത്രമായിരിക്കും. ഒരു ഹദീ സിൽ വരുന്നു. തിരുനബി (സ) അരുളി, നിങ്ങളുടെ പെരുന്നാളുകളെ തക്ബീറുകൾ കൊണ്ട് വർണശ ബളമാക്കിത്തീർക്കുക.

അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ചാ യിരിക്കണം നാം പ്രവർത്തിക്കേണ്ടത് എന്ന ചിന്ത പെരുന്നാൾ സുദിനത്തിൽ

ഉണ്ടെങ്കിൽ മാത്രമെ തക്ബീറുകളി ലേക്ക് നമുക്ക് ശ്രദ്ധയുണ്ടാകുകയുള്ളു. റമദാനിൽ തനിക്ക് നന്മകൾ അനുഷ്ഠി ക്കാൻ കഴിഞ്ഞതിലുള്ള നന്ദിപ്രകട നമായി തക്ബീറുകൾ ചൊല്ലുന്നതിൽ ശ്രദ്ധയുണ്ടാകുകയുള്ളു. നന്ദി സൂചക മായി ആരാധനകൾ അനുഷ്ഠിക്കാനും ദൈവസ്മരണയിൽ മുഴുകാനും പ്രാർഥനയിൽ ലയിക്കാനും സാധിക്കു കയുള്ളു. ഇന്ന് ഈ തക്ബീറുകളെ കുറിച്ച് ചിന്തിച്ചു കൊണ്ട് അല്ലാഹു വിന്റെ മഹത്വത്തേയും പ്രതാപ ത്തേയും മനസ്സിലാക്കാൻ ശ്രമിക്കു ന്നതാണ്. ഇത് നാം മനസ്സിലാക്കി കഴിഞ്ഞാൽ വരുന്ന ഓരോ നിമിഷവും തന്നെ നമ്മെ അല്ലാഹുവിനെ അനുസരി ക്കുന്നവരാക്കി മാറ്റുന്നതാണ്. അവന്റെ കല്പനകൾ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നവരായി നാം മാറുന്നതാണ്. അല്ലാഹുവിന്റെ യഥാർഥ അനുസാരി കൾക്ക് നിത്യവും ഈദായിരിക്കും. അതിനാൽ സ്ഥായിയായ ആ ഈദ് കരസ്ഥമാക്കാനാണ് നാം ശ്രമി ക്കേണ്ടത്. അതല്ലാതെ ഈ 29 ദിവസ ത്തെ ത്യാഗോജ്ജ്വലമായ ജീവിതത്തിന് ശേഷം ആത്മീയത അസ്തമിക്കുന്ന പെരുന്നാളല്ല നാം ആഘോഷിക്കേണ്ടത്. അതുകൊണ്ട് ദൈവപ്രീതികരസ്ഥ മാക്കുന്നതിനായിജീവിതം നയിക്കുന്ന വരാണ് യഥാർഥ പെരുന്നാൾ ആഘോ ഷിക്കുന്നവർ. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനായി തങ്ങളുടെ തിന്മ കൾ അകറ്റുമെന്ന പ്രതിജ്ഞ ചെയ്ത ആ സുദിനമാണ്, തന്നിൽ പരിശുദ്ധ വിപ്ലവം സംജാതമാക്കുമെന്ന് പ്രതിജ്ഞ ചെയ്ത ആ സുദിനമാണ് യഥാർഥ ഈദിന്റെ സുദിനം. അതിനാൽ റമദാനെ മറക്കില്ലെന്നും അതിനെ സ്മരിച്ചു കൊണ്ടിരിക്കുന്നതാണെന്നുമുള്ള പ്രതിജ്ഞ ഇന്ന് ചെയ്യുക. അപ്പോൾ നമ്മുടെ റമദാനും നമ്മുടെ ഈദും എല്ലാം അനുഗ്രഹപൂർണമായിരിക്കും. ഇരുലോക നന്മകൾക്കും ഈ ഈദ് കാരണമായിത്തീ രുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു, ജുമുആയെക്കാളും ഇരു പെരുന്നാളുകളെക്കാളും ശ്രേഷ്ഠമായ സുദിനം ഏതാണെന്നറിയാമോ? ആ ദിനം മനുഷ്യന്റെ തൗബയുടെ, പശ്ചാത്താപത്തിന്റെ ദിനമാണ്. ഈ ദിനം എല്ലാ പെരുന്നാളുകളെക്കാളും ശ്രേഷ്ഠമാണ്. കാരണം മനുഷ്യനെ നരകത്തിലേക്ക് തള്ളിവിടുകയും അവനെ ദൈവകോപത്തിനു കീഴിൽ മെല്ലെമെല്ല കൊണ്ടുവരികയും ചെയ്തി രുന്ന ദുഷ്കർമങ്ങളുടെ കണക്കുകൾ മായ്ച്ച് കളയുന്ന ദിനമാണിത്. അങ്ങനെ അവന്റെ പാപങ്ങൾ പൊറുക്ക പ്പെടുന്നു. നിത്യനരകത്തിൽ നിന്നും സ്ഥായിയായ ദൈവകോപത്തിൽ നിന്നും മനുഷ്യന് മുക്തി നൽകുന്ന ആ ദിനത്തേക്കാളും ഉത്തമമായ മറ്റേത് പെരുന്നാളാണ് മനുഷ്യനുള്ളത്. തൗബ ചെയ്യുന്ന വ്യക്തി തന്റെ പാപങ്ങൾ കാരണമായി ദൈവത്തിൽ നിന്നകന്ന വനും അവന്റെ കോപത്തിന് പാത്രമായ വനുമായിരുന്നു. ഇപ്പോൾ അല്ലാഹു വിന്റെ അനുഗ്രഹത്താൽ അവന്റെ സാമീപ്യം കരസ്ഥമാക്കുകയും നരക ത്തിൽ നിന്ന് അകറ്റപ്പെടുകയും ചെയ്തി രിക്കുന്നു. അല്ലാഹു പറയുന്നു.

തൗബ ചെയ്യുന്നവരെ അല്ലാഹു തന്റെ സുഹൃദ്വലയത്തിൽ എടു ക്കുന്നു. പരിശുദ്ധി ആഗ്രഹിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. തൗബ ചെയ്യു ന്നവരെ അല്ലാഹു തന്റെ ഇഷ്ടജന മാക്കുമെന്ന് ഈ വചനത്തിലൂടെ വ്യക്തമാക്കുന്നതിനോടൊപ്പം യഥാർഥ തൗബയോടൊപ്പം യഥാർഥ വിശുദ്ധി ആർജിക്കേണ്ടതും അനിവാര്യമാണെന്ന് തെളിയുന്നു. എല്ലാ തരം അശുദ്ധിയിൽ നിന്നും അകന്നിരിക്കേണ്ടതും നിർ ബന്ധം തന്നെ. ഇതല്ലാതെ വെറും തൗബ എന്ന വാക്ക് ഉരുവിട്ടതുകൊ ണ്ട് പ്രയോജനമൊന്നുമില്ല. അതിനാൽ മനുഷ്യൻ തന്റെ ദുഷ്കർമങ്ങളിൽ നിന്നെ ല്ലാം പശ്ചാത്തപിച്ചു മടങ്ങി, അല്ലാഹുവിനോടു നിഷ്കപടമായ സമാധാന ഉടമ്പടിയിൽ ഏർപ്പെടു കയും അവന്റെ കൽപനകൾ പാലി ക്കാനായി തന്റെ തലതാഴ്ത്തിക്കൊണ്ടി രിക്കുകയും ചെയ്താൽ, അവന്റെ തിന്മ കാരണമായി അവന് ഒരുക്കപ്പെട്ടു കൊണ്ടിരിക്കുന്ന വിപത്തിൽ നിന്നും രക്ഷിക്കുന്നതാണെന്നതിൽ ഒരു സംശയ വുമില്ല. അതിനു ശേഷം അവൻ പ്രതീക്ഷിക്കാത്ത, സങ്കൽപിക്കു കപോലും ചെയ്യാത്ത അനുഗ്രഹത്തി ന്റെ അവകാശിയായി അവൻ മാറുന്ന താണ്.

ചുരുക്കത്തിൽ, നമ്മിൽ വിപ്ലവ കരമായ മാറ്റം വരുത്തുകയാണ് ഈദുകൊ ണ്ട് ഉദ്ദേശിക്കുന്നത്. റമദാനിൽ യഥാർഥ തൗബ ചെയ്തു കൊണ്ട് നമ്മിൽ ഒരു മാറ്റം വരുത്തുകയാണെങ്കിൽ റമദാനിലെ ഓരോ ദിവസവും തന്നെ നമുക്ക് ഈദ് ആയിത്തീരുന്നു. അതിന്റെ പ്രത്യക്ഷ പ്രകടനമാണ് നാം ഇന്ന് ആഘോഷി ക്കുന്നത്.

ഞാൻ പ്രാരംഭത്തിൽ പാരായണം ചെയ്ത വചനത്തിന്റെ അർഥം ഇതാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് തങ്ങളുടെ ജീവനെ വിൽക്കുന്ന ചിലരും മനുഷ്യരിലുണ്ട്. അല്ലാഹു തന്റെ ദാസരോട് ഏറെ കരുണയുള്ള വനാകുന്നു.

വിശ്വാസികളേ നിങ്ങളെല്ലാവരും സമ്പൂർണമായ അനുസരണത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടി കളെ നിങ്ങൾ പിന്തുടരരുത്. നിശ്ചയ മായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു. (2:208,209)

ഈവചനത്തിൽ ചില കർത്ത വ്യങ്ങളെ കുറിച്ച് അല്ലാഹു നമ്മെ ഉണർ ത്തുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനായിനമ്മിൽ പരിവർത്തനം ഉണ്ടാക്കിയിട്ടുണ്ടെന്ന് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അവർ തങ്ങളുടെ ജീവനെ അല്ലാഹു വിന്റെ പ്രീതിക്കായി വിൽക്കുന്നു. യഥാർഥ തൗബ ചെയ്യുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ജീവൻ പോലും ബലിയർപ്പിക്കാൻ തയ്യാറാകുന്നു. തങ്ങളുടെ ജീവൻ അല്ലാഹുവിന്റെ മാർഗത്തിൽ അർപി ക്കാൻ തയ്യാറാകുന്ന സമൂഹം അല്ലാഹു വിന്റെ കല്പനകളിൽ നിന്നും മുഖം തിരിച്ചുകളയും എന്ന് എങ്ങനെ പ്രതീക്ഷിക്കാനാണ്. കോപവും അഹ ന്തയും കാരണമായി പെട്ടെന്നുള്ള ആവേശത്താൽ താൽകാലികമായെ ങ്കിലും അല്ലാഹുവിൽ നിന്നകന്നിരിക്കു ന്നവരും ജീവൻ സമർപിക്കാറുണ്ട്. അവരുടെ ത്യാഗങ്ങൾ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനായി രിക്കും. ഒരു നാടിന്റെ സൈനിക നാണെങ്കിൽ അവന് ശമ്പളം ലഭിക്കു ന്നു. അതോടൊപ്പം അവനെ പരിശീലി പ്പിച്ച് ഇന്നത് മാത്രം ചെയ്യുക എന്ന ഒരവസ്ഥയിലേക്ക് അവനെ എത്തി ക്കുന്നു. ദൈവപ്രീതി ലഭിക്കണം എന്നതായിരിക്കില്ല അവരുടെ ലക്ഷ്യം. എന്നാൽ പരിശുദ്ധ മാറ്റം വരുത്തു ന്നവർ ഭൗതീക നേട്ടങ്ങൾ മുന്നിൽ കാണാറില്ല. അവർ വാങ്ങുന്നവരല്ല. മറിച്ച് സ്വന്തം ഇഷ്ടപ്രകാരം തങ്ങളുടെ ജീവൻ നൽകുന്നവരായിരിക്കും. തങ്ങളുടെ ജീവനെ അവർ വിൽക്കു ന്നു. പെട്ടെന്നുള്ള ആവേശം കൊണ്ടല്ല അവർ ജീവൻ വിൽക്കുന്നത് അവർ ജീവി ച്ചിരുന്നപ്പോഴും ദൈവപ്രീതി കരസ്ഥമാക്കാൻ സ്ഥിരമായി എല്ലാ കടമകളും നിറവേറ്റിക്കൊണ്ടിരുന്ന

വരാണ്. ചില സന്ദർഭങ്ങളിൽ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നത് സ്രഷ്ടാവിനോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കെത്തിക്കുന്നു. സൃഷ്ടികളോടുള്ള കർത്തവ്യനിർവഹണത്തിലും സ്രഷ്ടാവിനോടുള്ള കർത്തവ്യനിർവഹണത്തിലും മുഴുകുന്നവരോട് അല്ലാഹു വളരെയധികം കാരുണ്യം കാണിക്കുന്നതാണ്.

ചുരുക്കത്തിൽ ഒരു വിശ്വാസി നാനാതരത്തിലുള്ള കർത്തവ്യവും നിറവേറ്റുമ്പോഴാണ് യഥാർഥ പെരുന്നാൾ ആഘോഷിക്കുന്നത്. എങ്കിൽ മാത്രമേ ദൈവ പ്രീതിക്കായി നിത്യവും തന്റെ ജീവൻ വിൽക്കുന്നവനായി അവൻ മാറുകയുള്ളു. ഈ വികാരത്തോടുകൂടിത്യാഗം ചെയ്യുന്ന അസംഖ്യം പേർ ജമാഅത്തിലുണ്ട്. അല്ലാഹുവിന്റെ കല്പനകൾ അവർ നിറവേറ്റുന്നു. തങ്ങളുടെ ആത്മീയ അവസ്ഥ ശരിയാക്കുന്നതോടൊപ്പം മറ്റുള്ളവരുടെ വികാരങ്ങളെ മാനിച്ച് തങ്ങളുടെ വികാരങ്ങളെ അവർ ത്യജിക്കുന്നു. ഇതെല്ലാം ചെയ്യുന്നത് ദൈവ പ്രീതികരസ്ഥമാക്കാനാണ്. തന്റെ ഭാര്യാമക്കളുടെ മാത്രം ആവശ്യങ്ങൾ നിറവേറ്റുന്നതിലോ തന്റെ വ്യക്തിപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിലോ മാത്രമായിരിക്കില്ല അവരുടെ ശ്രദ്ധ. ദരിദ്രരേയും അനാഥരേയും അവർ ശ്രദ്ധിക്കുന്നതാണ്. അതിനാൽ പെരുന്നാൾ സുദിനത്തിൽ അനാഥർക്കും പാവപ്പെട്ടവർക്കും വേണ്ടി ത്യാഗം ചെയ്ത് ഒരഹ്മദി തന്റെ കടമ നിറവേറ്റേണ്ടതാണ്. കാരണം ദരിദ്രരേയും ചോദിക്കുന്നവരേയും അനാഥരേയും പരിഗണിക്കുക എന്നത് അല്ലാഹുവിന്റെ കല്പനയാണ്.

ലോകത്തെല്ലായിടത്തുമുള്ള അനാഥരെ പരിപാലിക്കുന്ന കാര്യത്തിലും ദരിദ്രരെ സഹായിക്കുന്ന കാര്യത്തിലും മുൻപത്തെക്കാളുപരി അഹ്മദികൾ ഹൃദയവിശാലത പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. ഇവിടെയുള്ള യു.കെ എഞ്ചിനീയേഴ്സ് അസോസിയേഷൻ യൂറോപ്യൻ ചാപ്റ്റർ ഒരു നല്ല പ്രവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുന്നു. അവർ ആഫ്രിക്കയിലെ ഒരു ഗ്രാമം ദത്തെടുക്കാൻ ആഗ്രഹിക്കുന്നു. അവിടെ അവർ വൈദ്യുതി, വെള്ളം, മറ്റു ജീവിത സൗകര്യങ്ങൾ എല്ലാം ഒരുക്കുന്നതാണ്. അതിലെ അംഗങ്ങൾ അതിനുള്ള ചെലവ് സ്വയം വഹിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇവരാണ് അല്ലാഹുവിന്റെ പ്രീതിക്കായി പ്രവർത്തിക്കുന്നത്. അല്ലാഹു അവരോട് കരുണ ചെയ്തുകൊണ്ട് അവരുടെ ധനങ്ങളിൽ അനുഗ്രഹങ്ങൾ ഇട്ടു കൊടുക്കുന്നു. മറ്റു നാടുകളിലുള്ള സമ്പന്നരും നിർബന്ധ ചന്ദകൾക്കു പുറമെ ഇങ്ങനെ സദ്പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടതാണ്. നിർബന്ധചന്ദയുടെ ഒരു വലിയ ഭാഗം അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുന്നതിൽ വിനിയോഗിക്കപ്പെടുന്നു. മസ്ജിദുകളുടെ നിർമാണം, മിഷൻ ഹൗസുകളുടെ സ്ഥാപനം, സാഹിത്യ പ്രസിദ്ധീകരണം, തബ്‌ലീഗിനുള്ള മറ്റ് മാർഗങ്ങൾ എന്നിവയിൽ അവ ചെലവഴിക്കപ്പെടുന്നു. അതിനാൽ സമ്പന്നരായ സഹോദരീ സഹോദരന്മാർ ദരിദ്രരുടെ കടമകൾ നിറവേറ്റാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ശ്രമിക്കേണ്ടതാണ്. റഊഫും ബിൽ ഇബാദ് എന്നതിനെ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു,

ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്ന ദൈവദാസൻമാരോട് അല്ലാഹു റഅ്ഫത്തും റഅ്ബത്തും ചെയ്യുന്നു. അവൻ പറയുന്നു, വല്ലാഹു റഊഫും ബിൽ ഇബാദ്. അല്ലാഹു നൽകിയിരിക്കുന്ന ജീവൻ അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കുന്നതും തങ്ങളുടെ സമ്പത്ത് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നതും, അല്ലാഹുവിന്റെ അനുഗ്രഹവും തങ്ങളുടെ സൗഭാഗ്യവുമായി അവർ കരുതുന്നു. എന്നാൽ ആർ ഭൗതീക സമ്പത്തിനേയും സ്വത്തിനേയും തങ്ങളുടെ പരമമായ ലക്ഷ്യമായി ധരിക്കുന്നുവോ അവർ പാതി അടഞ്ഞ കണ്ണുകൾ കൊണ്ടാണ് ദീനിനെ നോക്കുന്നത്. എന്നാൽ യഥാർഥ വിശ്വാസിയുടേയും സത്യവാനായ മുസ്‌ലിമിന്റേയും പ്രവർത്തിയല്ലിത്. തന്റെ സർവവിധ കഴിവുകളേയും ശക്തികളേയും അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതാന്ത്യം വരെ സമർപ്പിക്കു ന്നതിനാണ് സംശുദ്ധമായ ഇസ്‌ലാം എന്നു പറയുന്നത്. അങ്ങനെ അവർക്ക് വിശുദ്ധ ജീവിതം ലഭിക്കുന്നു.

മനുഷ്യന് അവന്റെ വ്യക്തിപരമായ പല കടമകളുമുണ്ട്. ഭാര്യാമക്കളോടുള്ള കടമകളുണ്ട്. അത് നിർവഹിക്കുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരായിരിക്കണം. എന്നാൽ എല്ലാം തനിക്ക് സ്വന്തം എന്നൊരവസ്ഥ യുണ്ടാകരുത്.

അടുത്ത വചനത്തിൽ അല്ലാഹു പറയുന്നു, ഈമാൻ പൂർണമാകണമെങ്കിൽ പൂർണ അനുസരണം അനിവാര്യമാണ്. സൃഷ്ടികളോടുള്ള കടമകൾ മാത്രം നിറവേറ്റിയതുകൊണ്ടോ സ്രഷ്ടാവിനോടുള്ള കടമകൾ മാത്രം നിറവേറ്റിയതുകൊണ്ടോ ഒരു മാസത്തെ ത്യാഗം കൊണ്ടു മാത്രമോ വിശുദ്ധ ഖുർആന്റെ ചില അധ്യാപനങ്ങൾ അനുഷ്ഠിച്ചതു കൊണ്ടു മാത്രമോ, തങ്ങൾക്ക് ഇഷ്ടമുള്ള തീരുമാനങ്ങൾ അംഗീകരിച്ചതു കൊണ്ട് മാത്രമോ, അനുസരണത്തിന്റ ഉന്നത നിലവാരം കരസ്ഥമാക്കാൻ സാധ്യമല്ല. നിങ്ങളുടെ വ്യക്തിത്വം ഒന്നടങ്കം, നിങ്ങളുടെ മുഴുവൻ ചിന്തയും, നിങ്ങളുടെ വികാരങ്ങളത്രയും അല്ലാഹുവിന്റെ പ്രീതി

> അനുസരണത്തിന്റെ ഏതൊരു പാഠമാണോ റമദാൻ നമുക്ക് പഠിപ്പിച്ചു തന്നിരിക്കുന്നത് അത് എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അതാണ് നമ്മുടെ ഈദ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു, അല്ലാഹുവിന്റെ പ്രീതിയിൽ ലയിച്ചു ചേരുന്നവരാണ് മനുഷ്യരിൽ ഉൽകൃഷ്ടരായിട്ടുള്ളവർ. അവർ തങ്ങളുടെ ജീവൻ വിറ്റ് അല്ലാഹുവിന്റെ പ്രീതി വാങ്ങുന്നു. ഇക്കൂട്ടരിലാണ് അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുന്നത്.

അന്വേഷിച്ചുകൊണ്ട് ത്യാഗം ചെയ്യാൻ തയ്യാറായാലാണ് നിങ്ങൾ വ്യക്തിപരമായും ഉയരുകയുള്ളു, ജമാഅത്തിന്റെ നിലവാരവും ഉയരുകയുള്ളു.

അനുസരിക്കുമെന്ന് വീരവാദം ഉന്നയിക്കുന്ന ചിലരെ എനിക്കറിയാം. അവർക്കെതിരിൽ ജമാഅത്തിലോ ഖാളിയുടെ അടുത്തോ വല്ല പ്രശ്നവും വരുമ്പോൾ അവർ പറയാറുള്ളത് ഞങ്ങൾ ഇതിന്റെ തീരുമാനം കോടതിയിൽ നിന്ന് വാങ്ങാം എന്നാണ്. എന്നാൽ കോടതിയിൽ അവർക്കെതിരെ നടപടിയുണ്ടാകും എന്നറിഞ്ഞാൽ ഉടനെ ഓടി വന്ന് ജമാഅത്ത് തന്നെ തീരുമാനം എടുത്താൽ മതിയെ ന്ന് പറയുന്നു. ഉദ്ഖുലൂ ഫിസ്സിൽമി എന്നതിന്റെ ഒരർഥം അനുസരണം പൂർണമായ രീതിയിലായിരിക്കണം എന്നതാണ്. ജമാ അത്തിന്റെ സംവിധാനത്തിൽ പൂർണ വിശ്വാസം ഉണ്ടായിരിക്കണം. തീരുമാനങ്ങൾ നിങ്ങൾക്കെതിരിൽ വന്നാൽ തന്നെയും പൂർണ അനുസരണം കാണിക്കേണ്ടതാണ്. നമുക്ക് ഗുണമുള്ളപ്പോൾ ശരീഅത്ത നുസരിച്ച് തീരുമാനമെടുക്കുകയും പൊതു കോടതിയാണ് ഗുണമെങ്കിൽ അവിടെ പോയി ഫലമെടുക്കുകയും ചെയ്യുക എന്ന നിലപാട് ശരിയല്ല. അനുസരണത്തെക്കുറിച്ച് പറഞ്ഞ ശേഷം ശയ്ത്വാന്റെ പിന്നാലെ പോകരുതെന്നാണ് പറഞ്ഞത്. അവൻ നിങ്ങളുടെ പ്രത്യ ക്ഷ ശത്രുവാണ്. അല്ലാഹുവിന്റെ പ്രീതിയാണ് എപ്പോഴും വേണ്ടതെന്ന ചിന്തയുണ്ടെങ്കി ൽ ശയ്ത്വാനിൽ നിന്നും അല്ലാഹുവിന്റെ അഭയത്തിൽ വരാൻ എപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കണം.

റമദാനിൽ തങ്ങളിലുണ്ടായ പരിശുദ്ധമാറ്റം എന്നെന്നും നിലനിൽക്കാൻ പ്രാർഥനക്കപേക്ഷിച്ചു കൊണ്ടുള്ള കത്തുകൾ എനിക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കി എല്ലാവിധ ത്യാഗങ്ങൾക്കും നാം സന്നദ്ധരാവുകയാണെങ്കിൽ മാത്രമേ ശയ്ത്വാനിൽ നിന്ന് നാം അകന്നു കൊണ്ടിരിക്കുകയുള്ളു. കാരണം ശയ്ത്വാൻ ത്യാഗത്തിലേക്ക് കൊണ്ടു പോകുകയില്ല. അല്ലാഹുവിന്റെ സഹായം നാം അർഥിച്ചു കൊണ്ടിരുന്നാൽ റമദാനിൽ നമ്മിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ എന്നെന്നും നിലനിൽക്കുന്നതായിരിക്കും.

ശയ്ത്വാൻ വിവിധ മാർഗങ്ങളിലൂടെയാണ് അക്രമിക്കുന്നതെന്ന് എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. തിന്മകളിലേക്ക് പ്രേരിപ്പിച്ചു കൊണ്ട് നന്മയിൽ നിന്നും തടയുന്നതാണ്. ദൈവതൃപ്തി എവിടെയാ ണെന്നതാണ് നാം എപ്പോഴും നോക്കേണ്ടത്. നമുക്കൊരു സംവിധാനമുണ്ട്, ആ സംവിധാനവുമായി കൂടിച്ചേർന്ന് നിന്നാൽ മാത്രമേ നന്മ നന്മയായിത്തീരുകയുള്ളു. കാരണം ജമാഅത്തായി നിലനിൽക്കുന്ന ഒരു സംഘ ത്തിനാണ് തിരുനബി (സ) സുവാർത്ത അറിയിച്ചിരിക്കുന്നത്. അതിനാൽ ജമാഅത്തിനെ അനുസരിക്കുകയും ജമാഅത്തുമായി ഒട്ടിപ്പിടിച്ചിരിക്കുന്നതും ദൈവപ്രീതി കരസ്ഥമാക്കുന്നതിനും നന്മയിൽ മുന്നേറുന്നതിനും കാരണമായിത്തീരുന്നു.

ചുരുക്കത്തിൽ അനുസരണത്തി ന്റെ ഏതൊരു പാഠമാണോ റമദാൻ നമുക്ക് പഠിപ്പിച്ചു തന്നിരിക്കുന്നത് അത് എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അതാണ് നമ്മുടെ ഈദ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു, അല്ലാഹുവിന്റെ പ്രീതിയിൽ ലയിച്ചു ചേരുന്നവരാണ് മനുഷ്യരിൽ ഉൽകൃഷ്ടരായിട്ടുള്ളവർ. അവർ തങ്ങളുടെ ജീവൻ വിറ്റ് അല്ലാഹുവിന്റെ പ്രീതി വാങ്ങുന്നു. ഇക്കൂട്ടരിലാണ് അല്ലാഹുവിന്റെ കാരുണ്യം വർഷി ക്കുന്നത്. ഇതേ പോലെ ആത്മീയ ഉന്നതങ്ങളിൽ എത്തിയിരിക്കുന്ന വ്യക്തിയും അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളെ അർപ്പണം ചെയ്യുന്നു. അല്ലാഹു പറയുന്നു, എന്റെ മാർഗ ത്തിൽ എന്റെ പ്രീതിക്കായി സ്വന്തം ജീവൻ വിൽക്കുന്നവരാണ് എല്ലാ ദുഖങ്ങളിൽ നിന്നും മോചനം ലഭിച്ച വ്യക്തി. ജീവാർപ്പണം ചെയ്തു കൊണ്ട് താൻ ദൈവത്തിന്റെതാണെന്ന അവസ്ഥ അവൻ തെളിയിച്ച് കാട്ടുന്നു. തന്റെ സർവവും സ്രഷ്ടാവിനെ അനുസരിക്കുന്ന, സൃഷ്ടി സേവനത്തിനായി ഉണ്ടാക്കിയിട്ടുള്ള വസ്തുവായി അവൻ കരുതുന്നു. തന്റെ വിവിധ ശക്തികൾ മുഖേന പ്രത്യക്ഷപ്പെടുന്ന ഓരോ നന്മയും വളരെ താൽപര്യത്തോടു കൂടി അവൻ നിർവഹിക്കുന്നു. അങ്ങനെ തന്റെ അനുസരണത്തിന്റെ ദർപണ ത്തിൽ തന്റെ യഥാർഥ പ്രേമഭാജന ത്തെ ദർശിക്കുന്നവനായി അവൻ മാറുന്നു.

അല്ലാഹുവിന്റെ പ്രീതിക്കായി പ്രവർത്തിക്കുന്നത് ഈ രീതിയിലായിരിക്കണം. അവരുടെ ഉദ്ദേശ്യവും അല്ലാഹുവിന്റെ ഉദ്ദേശ്യവും ഒന്നായിരിക്കണം. എല്ലാ ആനന്ദവും അവനെ അനുസരിക്കുന്നതിലായിരിക്കണം. എല്ലാതരം സൽപ്രവർത്തിയും യാതൊരു പ്രയാസവുമില്ലാതെ താൽപര്യത്തോടും ആനന്ദത്തോടും കൂടി അനുഷ്ഠിക്കേണ്ടതാണ്. (സൽപ്രവർത്തനങ്ങൾ പ്രയാസപ്പെട്ടുചെയ്യുകയല്ല. മറിച്ച് അത് നിർവഹിക്കുമ്പോൾ പ്രത്യേകമായ ആനന്ദാനുഭൂതി അവൻ അനുഭവിക്കുന്നു.) ഇതാണ് യഥാർഥത്തിൽ അവനു ലഭിക്കുന്ന സ്വർഗം. ഇതിന്റെ തന്നെ പ്രതീകാത്മക രൂപമായി രിക്കും. അത് അല്ലാഹുവിന്റെ ശക്തിപ്ര ഭാവം പരലോകത്ത് പ്രത്യക്ഷമായി ഗോചരീഭവിക്കുന്നതാണ്.

അല്ലാഹു നമ്മോട് പറഞ്ഞിരിക്കുന്ന യഥാർഥ ആനന്ദം നുകരുന്നവരായി നാം മാറട്ടെ. അനുസരണത്തിന്റെ മകുടോദാഹരണങ്ങളായി നാം മാറട്ടെ. നമ്മുടെ പ്രവർത്തനങ്ങളെ വീക്ഷിക്കുന്നവരായി നാം മാറട്ടെ. ദൈവപ്രീതിയിലേക്ക് ആനയിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നവരായി നാം മാറട്ടെ. ഈ മാർഗത്തിലേക്ക് നാം മുന്നേറുകയാണെങ്കിൽ ഇതു തന്നെയാണ് നമ്മുടെ യഥാർഥ വിജയം. മനുഷ്യനെ ലോകത്തേക്കയച്ചതിന്റെ ഉദ്ദ്യേശ്യവും ഇതു തന്നെയാണ്. ഇതെല്ലാം പ്രാവർത്തികമാക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകുമാറാകട്ടെ.

(വിവർത്തനം: മൗലവി എം. നാസിർ അഹ്മദ്, കൊടിയത്തൂർ)


## ശ്രേഷ്ഠമായ ദാനം

അബൂഹുറൈറയിൽ നിന്നും നിവേദനം: ഒരാൾ നബിയോട് ചോദിച്ചു. പ്രവാചകരേ ഏത് ദാനധർമ്മമാണ് ഏറ്റവും ശ്രേഷ്ഠ മായത്?. നബി(സ) അരുളി: നീ ആരോഗ്യവാനായിരിക്കുക. ധന ത്തോട് നിനക്ക് ആഗ്രഹമുണ്ടായിരിക്കുക. ഐശ്വര്യത്തെ നീ പ്രതീ ക്ഷികുക. ദാരിദ്രത്തെക്കുറിച്ച് നീ ഭയപ്പെടുക എന്നീ പരിതസ്ഥിതി യിൽ നീ നൽകുന്ന ദാനമാണ് ഏറ്റവും ശ്രേഷ്ഠമായത്. നീ ദാനത്തെ പിന്തിരിപ്പിക്കരുത്. ജീവൻ കണ്ഠനാളത്തിലെത്തിക്കഴിഞ്ഞാൽ ഇന്നവനിത്ര കൊടുക്കണം എന്നെല്ലാം നീ പറയാൻ തുടങ്ങും. എന്നാൽ അപ്പോൾ അത് മറ്റൊരുവന്റെ സ്വത്തായി മാറിക്കഴി ഞ്ഞിരിക്കും. (ബുഖാരി)

# കണ്ണ്:
## വിസ്മയകരമായ മനുഷ്യാവയവം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

ദൈവം മനുഷ്യന് നൽകിയ വിസ്മയകരമായ ഒരവയവമാണ് കണ്ണ്. അത് ആകസ്മികമായും യാദൃച്ഛികവുമായാണ് രൂപപ്പെട്ടതെന്ന ഡാർവിനിസ്റ്റുകളുടെ വാദം കണ്ണിന്റെ അദ്ഭുതകരമായ രൂപ സംവിധാനത്തിനും പ്രവർത്തനത്തിനും മുമ്പിൽ പരാജയപ്പെട്ടു പോകുന്നു.



**ക**ണ്ണ് ഏറ്റവും ലോലമായതും അതീവ സങ്കീർണവുമായ ഒരു അവയവമാണ്. അപ്രകാരം അതിനെ പ്രകൃതി തന്നെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. കണ്ണിന്റെ പിറകുവശത്തെ ഭാഗം അഥവാ പിറകിലുള്ള അർദ്ധഗോളം തലയോട്ടിയുടെ അസ്ഥികളും മുൻഭാഗം അഥവാ മുമ്പിലുള്ള അർദ്ധഗോളത്തെ പുരികവും കൺപീലികളുമാണ് സംരക്ഷിക്കുന്നത്.

കണ്ണിന്റെ മുൻഭാഗത്തെ, പിൻഭാഗത്തു നിന്ന് വേർതിരിച്ചു നിറുത്തുന്നത് ഒരു സഞ്ചിപോലെയുള്ള ഭാഗമാണ്. ആ സഞ്ചി എപിതേലിയൽ (Epithelial)സ്തരം കൊണ്ട് ആവരണം ചെയ്തിരിക്കുന്നു. ഇത് പുറത്ത് നിന്ന് വരുന്ന ചില രോഗകാരികളായ ബാക്ടീരിയകളെ നശിപ്പിക്കുന്നതിന് സഹായിക്കുന്നു.

കൺപോളകളുടെ ചുറ്റുവട്ടത്ത് പുറമേ നിന്നുള്ള എന്തെങ്കിലും വസ്തുക്കൾ പ്രവേശിക്കുകയാണെങ്കിൽ അതിന്റെ സഹജമായ പ്രതിരോധ സംവിധാനം ഉടൻ തന്നെ പ്രവർത്തന നിരതമാവുന്നു. വേഗത്തിലുള്ള കൺപീലികളുടെ ചലനവും കണ്ണുനീർഗ്രന്ഥികളിൽ നിന്ന് കണ്ണുനീരിന്റെ സ്രാവവും നടക്കുന്നു. കണ്ണുനീരിൽ ബാക്ടീരിയകളെ നശിപ്പിക്കുന്ന എൻസൈമുണ്ട്. അത് കണ്ണ് കഴുകി ബാക്ടീരിയകളെ അകറ്റുന്നു. കണ്ണിന്റെ താഴത്തെ മൂലയിൽ സ്ഥിതി ചെയ്യുന്ന ഒരു കുഴിയിലേക്ക് കണ്ണുനീർചാലിലൂടെ കണ്ണുനീർ ഒഴുകിയെത്തുന്നു. പിന്നീട് അത് മൂക്കിനുള്ളിലെ നാസാഗഹ്വര (Nasal cavity)ത്തിലേക്ക് ഒഴുകി പോകുന്നു. കൺഗോളം (Eyeball) കൺകുഴി (Socket) യിലെ കൊഴുപ്പിന്റെ കുഷ്യൻ പോലെയുള്ള ഒരു സുരക്ഷിതമായ ഉപായത്തിലാണ് സ്ഥിതി ചെയ്യുന്നത്. അത് രണ്ട് ജോഡി പേശികളുമായി ബന്ധിപ്പിച്ചിരിക്കുന്നു. കൺകുഴിയുടെ ഉൾഭാഗംവരെ അത് നീണ്ടുകിടക്കുന്നു. ഈ പേശികളാണ് കണ്ണിനെ ചലിപ്പിക്കുന്നത്.കണ്ണ് ഏറെക്കുറെ അർദ്ധഗോളാകൃതിയിലുള്ളതാണ്. കണ്ണിന്റെ ഭിത്തിക്ക് മൂന്ന് പാളികളുണ്ട്.

**സ്ക്ളീറ (Sclera)**

കടുത്ത വെളുത്ത കണക്റ്റീവ് കലകളാൽ (Connective tissue)നിർമിച്ച കണ്ണിന്റെ ഏറ്റവും ബാഹ്യമായ ആവരണം. സാധാരണയായി കണ്ണിന്റെ വെള്ള എന്നാണ് ഇതറിയപ്പെടുന്നത്. അത് പുറത്തേക്ക് ഉന്തിനിൽക്കുന്നതും മുമ്പിൽ സുതാര്യവുമാണ്. അതാണ് കോർണിയ സൃഷ്ടിക്കുന്നത്.

**കൊറോയ്ഡ് പാളി (Choroid layer)**

വളരെ മൃദുലമായ കണക്റ്റീവ് കലകളാൽ നിർമിക്കപ്പെട്ട മധ്യ പാളിയാണിത്. അത് നിറയെ രക്തക്കുഴലുകളാൽ സമൃദ്ധമാണ്. ഈ പാളി കൃഷ്ണമണി ഒഴികെ മുഴുവൻ കണ്ണിനേയുംആവരണം ചെയ്തിരിക്കുന്നു. കണ്ണിന്റെ മുമ്പിൽ കോർണിയയുടെ തൊട്ടു പിറകെയുള്ള ഒരു ചെറിയ പ്രവേശന ദ്വാരമാണ് കൃഷ്ണമണി. കൃഷ്ണമണിക്ക് ചുറ്റുമുള്ള കൊറോയ്ഡ് പാളി വർണമുള്ളതാണ്. ഐറിസ് (Iris) എന്നറിയപ്പെടുന്ന ഈ

ഭാഗമാണ് കണ്ണിന് ബ്രൗൺ, നീല, പച്ച, കടുത്ത തവിട്ടു നിറം മുതലായ വിവിധ നിറങ്ങളോ ഈ നിറങ്ങളുടെ സങ്കര നിറങ്ങളോ നൽകുന്നത്. കണ്ണിന്റെ ഉന്തി നിൽക്കുന്ന ക്രിസ്റ്റലയ്ൻ ലെൻസിൽ വീഴുന്ന പ്രകാശത്തെ നിയന്ത്രിക്കുന്നത് കൃഷ്ണമണിയാണ്. ഈ ക്രിസ്റ്റലയ്ൻ ലെൻസ് കൊറോയ്ഡ് പാളി സിലിയറി പേശികളു (Ciliary Muscles) മായി ബന്ധിച്ചിരിക്കുന്നു. ഈ പേശികൾ ചുരുങ്ങുമ്പോഴാണ് അകലെയോ, അടുത്തോ ഉള്ള ഒരു വസ്തുവിന് മേൽ കണ്ണിന് ഫോക്കസ് ചെയ്യാൻ സാധിക്കുന്നത്. നേത്രദ്രാവകം (Aqueous humour) എന്നത് കോർണിയയുടെയും ലെൻസിന്റെയും ഇടക്കുള്ള കണ്ണിന്റെ ഭാഗങ്ങളിൽ എപ്പോഴും നിറഞ്ഞു കൊണ്ടിരിക്കുന്ന ഒരു ദ്രാവകമാണ്. അതുപോലെ കോർണിയയുടെ മുമ്പോട്ടുള്ള വളവ് നിലനിർത്താനും നേത്രദ്രാവകം സഹായിക്കുന്നു. ലെൻസിനു പിറകിൽ മുഴുവൻ ഭാഗത്തും സുതാര്യമായ ഒരു വസ്തുവെക്കൊണ്ട് നിറച്ചിരിക്കുന്നു. ഇതിനെ കാചാഭ ദ്രവം (Vitreous humour)എന്നു വിളിക്കുന്നു. നേത്രഗോളത്തെ ഉറപ്പിച്ചു നിറുത്താനും അതിന്റെ ഗോളീയ രൂപം നിലനിറുത്താനും ഇത് സഹായിക്കുന്നു.

**റെറ്റിന (ദൃഷ്ടി പടലം)**


ഏറ്റവും ഉൾഭാഗത്തുള്ളതും ഗ്രഹണക്ഷമവുമായ ഒരുപടലമാണിത്. ഒരു മില്ലി മീറ്ററിനേക്കാൾ കുറഞ്ഞ ഘനമേ ഇതിനുണ്ടാവൂ. അത് വിവിധങ്ങളായ പത്ത് കോശങ്ങളുടെ പാളികൾ ഉൾപ്പെട്ടതാണ്. റെസിപ്റ്റേഴ്സ് (Recepters- സ്വീകരണികൾ)ഗാംഗ്ളിയ (Ganglia) നാഡീനാരുകൾ (Nerve Fibre )എന്നിങ്ങനെയാണ് അതിന്റെ പേരുകൾ. റെസിപ്റ്റേഴ്സിനെ (സ്വീകരണികൾ) ഏറ്റവും ഉചിതമായി പറയുകയാണെങ്കിൽ പ്രകാശ സ്വീകരണികൾ (Photo recepteres) എന്ന് പറയാം. അത് രണ്ട് വിധത്തിലുണ്ട്. കോണുകളും(Cones) റോഡു (Rods-ദണ്ഡുകൾ)കളും. കറുപ്പും വെളുപ്പും നിറം കാണാൻ നമ്മുടെ കണ്ണിൽ ഏകദേശം 130 ദശലക്ഷം റോഡ് സെല്ലുകളുണ്ട്. വർണക്കാഴ്ചകൾ കാണാൻ 7 ദശലക്ഷം കോൺസെല്ലുകളുമുണ്ട്. എന്നാൽ അതിന് കോണാകൃതിയായിരിക്കും. റെറ്റിനയിൽ പ്രകാശം കേന്ദ്രീകരിക്കപ്പെടുമ്പോൾ കോണുകളെയും റോഡുകളേയും അത് ഉദ്ദീപിപ്പിക്കുന്നു. പ്രകാശത്തെ വിവിധ നിറങ്ങളിലായി വിഭജിക്കുന്ന ജോലി കോൺകോശങ്ങളുടേതാണ്. അതിനെന്തെങ്കിലും തകരാറു സംഭവിച്ചാൽ ആ വ്യക്തിക്ക് വർണാന്ധത ബാധിക്കും. ശരിയായ പകൽ വെളിച്ചത്തിൽ ദിവസം കാഴ്ചയുടെ മുഴുവൻ പ്രവർത്തനങ്ങളും നിർവഹിക്കാൻ കോൺ സെല്ലുകൾക്കാവുന്നു. റോഡ്സെൽ (ദണ്ഡ്കോശം) അപ്പോൾ പ്രവർത്തന രഹിതമായിരിക്കും. അവക്ക് നേരിയ പ്രകാശത്തിൽ അതിന്റേതായ പ്രധാന ധർമമുണ്ട്. മങ്ങിയ വെളിച്ചത്തിലോ അല്ലെങ്കിൽ പരിപൂർണ ഇരുട്ടിലോ കാഴ്ചയുടെ ദൗത്യം നിർവഹിക്കുന്നത് റോഡ് കോശങ്ങളാണ്. പക്ഷേ അതിന് വെള്ളയും കറുപ്പും തിരിച്ചറിയാൻ മാത്രമേ സാധ്യമാവൂ. അത്തരം അവസരത്തിൽ കോൺ പ്രവർത്തനരഹിതമായിരിക്കും. മങ്ങിയ വെളിച്ചത്തിൽ നിറങ്ങൾ മുഴുവനും മങ്ങിപ്പോവുന്നു. അല്ലെങ്കിൽ തീർത്തും അപ്രത്യക്ഷമാവുന്നു. ഒരാൾ നല്ല പ്രകാശമുള്ള സ്ഥലത്ത് നിന്ന് ഒരു ഇരുട്ട് മുറിയിലേക്ക് കടക്കുമ്പോൾ അയാൾ കാണുവാൻ കുറച്ച് സമയമെടുക്കും. റോഡ് സെല്ലുകൾ പ്രവർത്തനനിരതമാകാൻ കുറച്ച് സമയം എടുക്കുന്നത് കൊണ്ടാണത്. കോണും റോഡും അവയുടെ ഉദ്ദീപനങ്ങൾ ഗാംഗ്ളിയ കോശങ്ങൾക്ക് കൈമാറുന്നു. റെറ്റിനയുടെ അടുത്ത് മുൻഭാഗത്താണ് ഗാംഗ്ളിയ സ്ഥിതി ചെയ്യുന്നത്. റോഡും കോണും ഉത്തേജിപ്പിക്കപ്പെടുമ്പോൾ അത് ആവേഗത്താൽ സ്പന്ദിക്കാൻ തുടങ്ങുന്നു. അത് കണ്ണിന്റെ മുന്നിലുള്ള ഗാംഗ്ളിയയേയും ഉത്തേജിപ്പിക്കുന്നു. ഗാംഗ്ളിയയിൽ നിന്ന് അരദശലക്ഷത്തിലധികം നാഡീതന്തുക്കൾ ഈ സ്പന്ദനങ്ങളെ വലിയ ക്രാനിയൽ നാഡികളിലേക്ക് (Cranial Nerve) വഹിച്ചു കൊണ്ടുപോകുന്നു. ഈ ക്രാനിയൽ നാഡികളെയാണ് ഒപ്റ്റിക് നാഡികൾ (Optic Nerve) എന്ന് വിളിക്കുന്നത്. റെറ്റിനയുമായി ഈ ഒപ്റ്റിക് നാഡികൾ യോജിക്കുന്ന സ്ഥലത്തിന് അന്ധബിന്ദു(Blind spot) എന്നാണ് പറയുന്നത്. അങ്ങനെ പറയാൻ കാരണം അവിടെ കോണും റോഡുമില്ലാത്തതു കൊണ്ടാണ്.

നേത്രഗോളത്തിനു പിന്നിലുള്ള പ്രത്യേകം ഒപ്റ്റിക് നാഡികളാണ് കാഴ്ചയുടെ സംപ്രേഷണം സെറിബ്രത്തിലെ അനുകപാല പാളി (Occipital lobe)യിലേക്ക് വഹിച്ചു കൊണ്ടു പോകുന്നത്. ഈ അനുകപാല പാളിയാണ് കാഴ്ചയുടെ കേന്ദ്രമായി മാറുന്നത്. ഈ കേന്ദ്രം രണ്ട് പാളികളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോന്നും ഓരോ കണ്ണിനായിട്ടാണ് വിഭജിച്ചിരിക്കുന്നത്. ചില ഓപ്റ്റിക് ഫൈബറുകൾ (നാഡീതന്തുക്കൾ) വലത് ഭാഗത്തു നേത്രഗോളത്തിൽ നിന്ന് ക്രോസ് ചെയ്ത് ഇടത് ഭാഗത്തേക്കും ഇടത് ഭാഗത്തെ നേത്രഗോളത്തിൽ നിന്ന് വലത് ഭാഗത്തേക്കും ബന്ധിച്ചിരിക്കുന്നു. എന്തൊന്നാണോ ഓരോ കണ്ണും കാണുന്നത് അത് രണ്ട് പാളികളും ചേർന്ന് വ്യാഖ്യാനിക്കുന്നു. റെറ്റിനയിൽ ഉണ്ടാക്കുന്ന പ്രതിബിംബം തലതിരിഞ്ഞായിരിക്കും ഉണ്ടാവുക. എന്നാൽ, നേത്രകേന്ദ്രം അതിനെ നേരെയാക്കി നിറുത്തുന്നു. നേത്രകേന്ദ്രം മറ്റു അദ്ഭുതങ്ങളും നിർവഹിക്കുന്നു. കാണുന്ന വസ്തുവിന്റെ പ്രതിബിംബം വാസ്തവത്തിൽ വളരെ ചെറുതായിരിക്കും. പക്ഷേ, അത് യഥാർഥ വലുപ്പത്തിലേക്ക് മാറ്റുന്നത് ഈ നേത്ര കേന്ദ്രമാണ്. ചിലപ്പോൾ നാം കാണുന്ന വസ്തുവിന്റെ പ്രതിബിംബത്തേക്കാൾ നൂറായിരം മടങ്ങോ അല്ലെങ്കിൽ ദശലക്ഷം മടങ്ങോ ഇരട്ടി വലുതാക്കികാണിക്കാൻ നേത്രകേന്ദ്രത്തിന് സാധിക്കും. നക്ഷത്രങ്ങൾക്ക് നേരെ ഒന്ന് കണ്ണയക്കുക. ചെറിയ ചെറിയ പ്രകാശ പൊട്ടുകളോടെ കാണുന്ന വിശാലമായ ആകാശം ഒരു ചെറിയ ബിന്ദുവായിട്ടായിരിക്കും റെറ്റിനയിൽ പ്രതിബിംബിക്കുക. റെറ്റിനയിൽ പ്രതിബിംബിക്കുന്ന ആകാശത്തിന്റെ ഒറിജിനൽ രൂപത്തെ മസ്തിഷ്ക്കം ശതകോടി ഇരട്ടി വലിപ്പത്തിൽ പ്രതിഫലിപ്പിക്കുന്നു. ഈ അദ്ഭുത പ്രവൃത്തി നിർവഹിക്കുന്നത് നേത്രഗോളം മാത്രമല്ല. മൂന്ന് മുഖ്യ അവയവങ്ങൾ ഉൾപ്പെട്ട നേത്രവ്യവസ്ഥ മുഴുവനുമാണ്. ഇങ്ങനെ പ്രതിബിംബത്തെ ശതകോടിയായി ഗുണീഭവിപ്പിക്കുന്ന ഈ ധർമം നിർവഹിക്കുന്നത് മസ്തിഷ്ക്കത്തിലെ നേത്ര കേന്ദ്രമാണ്.

റെറ്റിന മറ്റു ചില അദ്ഭുത കൃത്യങ്ങളും ചെയ്യുന്നു. അത് ഒരു ഫിലിമിനെ പോലെ ചിത്രങ്ങൾ പിടിക്കുന്നു. ഉടനെതന്നെ അത് കഴുകുന്നു. പഴയതിന് പകരം പുതിയതിനെ പകരം വെക്കുന്നു. മനുഷ്യ നിർമിതമായ ഫിലിമുകൾക്കും വീഡിയോ ടേപ്പുകൾക്കും നിർവഹിക്കാൻ കഴിയാത്ത ജോലിയാണ് റെറ്റിന നിർവഹിക്കുന്നത്. ഇതിനേക്കാൾ അദ്ഭുതകരമായ കാര്യങ്ങളാണ് നേത്രകേന്ദ്രം നിർവഹിക്കുന്നത്. പ്രതിബിംബത്തിന്റെ യഥാർഥ രൂപം ഉടൻ തന്നെ മസ്തിഷ്ക്കത്തിലെ അതി സങ്കീർണമായ ഫയലിങ്ങ് സിസ്റ്റത്തിലെവിടെയെങ്കിലും സൂക്ഷിക്കുന്നു.

അത്തരത്തിലുള്ള ദശലക്ഷക്കണക്കിന് ബിംബങ്ങൾ ഒരു മനുഷ്യായുസ്സിൽ മനുഷ്യന്റെ മസ്തിഷ്ക്കത്തിൽ സൂക്ഷിക്കപ്പെടുന്നു.ആരോഗ്യമുള്ള മനസ്സുള്ള ഒരാൾക്ക് തന്റെ ബാല്യകാലത്തുള്ള ഒരു ചിത്രത്തെ പോലും അതേ വർണത്തിൽ അതേ പശ്ചാത്തലത്തിൽ യഥാർഥ വലുപ്പത്തിൽ ഞൊടിയിടക്കുള്ളിൽ ഓർത്തെടുക്കാൻ സാധിക്കും. ആ പ്രതിബിം ബം വീണ്ടും ഓർമയിൽ നിന്നെടുത്ത് ഉയിർത്തെഴുന്നേൽക്കുമ്പോൾ അത് കാലത്തിന്റെ എത്ര പിറകോട്ടുള്ള സ്മരണയായാലും ശരി മസ്തിഷ്ക്കത്തിൽ ആ പ്രതിബിംബം ആവിഷ്ക്കരിക്കാനാവശ്യമായ അവയവങ്ങൾ മുഴുവൻ ഉത്തേജിപ്പിക്കപ്പെടുന്നു. അങ്ങനെ മസ്തിഷ്ക്കം ദർശനാവയവങ്ങളുടെ ഒരു മൂന്നാം അവയവമായി വർത്തിക്കുന്നു.

പല മൃഗങ്ങളിലും ഭയം എന്ന വികാരം ഉണ്ടാക്കുന്ന ഉദ്ദീപനങ്ങളെപ്പറ്റിയും അവ ശബ്ദവും കാഴ്ചയും സ്വീകരിക്കുന്ന അവയവങ്ങളിലുണ്ടാക്കുന്ന ഫലങ്ങളെക്കുറിച്ചും മസ്തിഷ്ക്കത്തിലേക്ക് അവ കൈമാറുന്നത് സംബന്ധിച്ചും അഗാധമായ ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ചില ശബ്ദങ്ങളും കാഴ്ചകളും ബന്ധപ്പെട്ട മസ്തിഷ്ക്ക കലകളിൽ ഉണ്ടാക്കുന്ന ഭയത്തിന്റെ സ്ഥിരമായ മുദ്രകൾ ശാസ്ത്രജ്ഞൻമാർ കണ്ടെത്തുകയുണ്ടായിട്ടുണ്ട്. അതുണ്ടാക്കുന്ന പ്രതികരണങ്ങൾ സൈക്യാട്രിക്ക് ചികിത്സയിലുടെയോ മറ്റു ചികിത്സയിലൂടെയോ നിയന്ത്രി ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യാം. പക്ഷേ, മസ്തിഷ്ക്കത്തിലെ മുദ്രണം ചെയ്ത ആ പ്രതിരൂപം സ്ഥിരമായി അവിടെ കിടക്കും. മനുഷ്യന്റെ നേത്രാവയവത്തോടനുബന്ധിച്ച വ്യവസ്ഥയുടെ പൂർണ രൂപം മനസ്സിലാക്കാൻ ആധുനിക ശാസ്ത്രത്തിന്റെ സംരംഭങ്ങൾ നിഷ്ഫലമായിരിക്കുകയാണ്. മനുഷ്യനുണ്ടാക്കിയ യാതൊരു പ്രകാശിക - ശബ്ദ സംവിധാനങ്ങളും നാം ചർച്ച ചെയ്ത ഈ മൂന്ന് അവയവങ്ങളുടെ സങ്കീർണതകളോടും നിഗൂഢതകളോടും തുലനം ചെയ്യാൻ സാധ്യമല്ല. ഈ മൂന്ന് അവയവങ്ങളിലും പ്രവർത്തിച്ച സർഗാത്മകമായ ആ എകോപനശക്തി എന്താണെന്ന് ഗവേഷണം ചെയ്ത് കണ്ടുപിടിക്കാൻ പ്രകൃതി വാദികളായ ശാസ്ത്രജ്ഞൻമാർ ശ്രമിക്കേണ്ടതുണ്ട്. അതു മാത്രമാണ് അവർ ചെയ്യാത്ത പ്രവൃത്തി. അത് ഒരുപക്ഷേ ഈ മൂന്ന് സംഘടിതാവയവ വ്യവസ്ഥയുടെ ഗവേഷണം ഡാർവിനിലേക്ക് വിരൽ ചൂണ്ടുന്നതിനു പകരം ദൈവത്തിലേക്ക് വിരൽ ചൂണ്ടുന്നത് കൊണ്ടാകും അവരതിന് മുതിരാത്തത്. നാം ഇവിടെ ഇത്രയും ചർച്ച ചെയ്തത് ആന്തരിക ജൈവശാസ്ത്രത്തെയും ജീവന്റെ പ്രവർത്തനങ്ങളെയും പറ്റിയാണ്. ഈ പ്രക്രിയകളിലൊന്നുംതന്നെ യാതൊരു സ്വാധീനവും ചെലുത്താത്ത ബാഹ്യശക്തികളെക്കുറിച്ചല്ല.




ഇതിന് മുമ്പേ നാം അഭിപ്രായപ്പെട്ടത് പോലെ കണ്ണ് എന്ന അവയവത്തിന്റെ സൃഷ്ടിയോടുകൂടിത്തന്നെ കാഴ്ചയുടെ ആരംഭമുണ്ടായിട്ടില്ല. അത് ജൈവ വികാസത്തോടൊപ്പം വളർന്നു വന്ന സംവേദനേന്ദ്രിയങ്ങളുടെ സമഗ്രവും സംഘടിതവുമായ ഒരു ജാഗ്രതാവസ്ഥയാണ്. ഈയടുത്ത കാലത്ത് കടലിനടിയിൽ അന്ധകാരാവൃതമായ ലോകത്ത് തീവ്ര ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. നൂറുക്കണക്കിന് മീറ്ററുകൾ മുതൽ കിലോമീറ്ററുകൾ വരെ ആഴത്തിലും ഗവേഷണങ്ങൾ നടന്നു. 200 മീറ്ററിനുള്ളിൽത്തന്നെ കടലിനടിയിൽ പ്രകാശം തീർത്തും അപ്രത്യക്ഷമാവും. ഈ അന്വേഷണ ദൗത്യത്തിൽ അഗാധമായ കടലിലെ അന്ധകാര ലോകം തികച്ചും കണ്ണുകളില്ലാത്ത നിരവധി ജീവികളെ പരിചയപ്പെടുത്തുകയുണ്ടായി. ഫോസ്ഫറസിന്റെ പ്രകാശം പ്രസരിപ്പിക്കുന്ന ചില മത്സ്യങ്ങളുടെ നേരിയ വെളിച്ചത്തോട് കണ്ണില്ലാത്ത ഈ ജല ജീവികൾ പ്രതികരിച്ചു. വെന്റാന (Ventana) എന്ന് വിളിക്കപ്പെടുന്ന ഉന്നതമായ ഇലക്ട്രോണിക് ഉപകരണങ്ങൾ ഘടിപ്പിച്ച ഒരു യന്ത്രമാണ് ഈ കണ്ടുപിടിത്തങ്ങൾ നടത്തിയത്. വെന്റാനക്ക് പയലറ്റ് ഇല്ലായിരുന്നു. അതിനെ ജലപ്പരപ്പിലെ കപ്പലിലിരുന്ന് കേബിളിലൂടെയായിരുന്നു നിയന്ത്രിച്ചിരുന്നത്. അതിനകത്തേക്ക് യന്ത്രങ്ങളുടെ പ്രവർത്തനത്തിന് വൈദ്യുതിയും വിതരണം ചെയ്തിരുന്നു. രാവും പകലും ഈ യന്ത്രം നടത്തുന്ന പരീക്ഷണങ്ങൾ നിരീക്ഷിക്കപ്പെടുകയുണ്ടായി. 1995 ജൂലൈയിൽ Scientific America എന്ന മാസിക ഇത് സംബന്ധിച്ച് കൗതുകകരമായ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. മറ്റു പല അദ്ഭുത കാഴ്ചകളുടേയും കൂട്ടത്തിൽ മെഡൂസ (Medusa) എന്ന ഒരു ജെല്ലിഫിഷിനെ ആ ലേഖനത്തിൽ പരിചയപ്പെടുത്തിയിരുന്നു. ആ മത്സ്യത്തിന് കണ്ണുകളുണ്ടായിരുന്നില്ല. എങ്കിലും റോബോട്ട് ആഴത്തിലേക്ക് പോകുമ്പോൾ അതിൽ നിന്നുണ്ടായ വെളിച്ചത്തോട് മെഡൂസ പ്രതികരിക്കുകയുണ്ടായി. ഇത് നാം നേരത്തെ അവകാശപ്പെട്ട കാര്യം തന്നെയാണ്. അതായത് സംവേദനേന്ദ്രിയങ്ങൾക്ക് ജന്മം നൽകാൻ ഏറ്റവും താഴെക്കിടയിലുള്ള ജീവികളിൽ ക്രമികമായി വികസിക്കുന്ന പ്രസാരിതബോധ(Diffused Awareness)മാണത്. എല്ലാ തുടക്കങ്ങളും ചിലപ്പോൾ വളരെ ലളിത രൂപത്തിലുള്ളതാണ്.

എന്നാൽ, പിന്നീടവ ഉയർന്ന വിതാനങ്ങളിലേക്ക് അദ്ഭുതകരമായ രീതിയിൽ വികസിക്കുന്നു. മെഡൂസ മത്സ്യത്തിൽ വ്യക്തമായും കണ്ടത് പോലെ ഈ പൊതു ബോധത്തിന്റെ അടുത്ത വളർച്ചാഘട്ടം ഒരുപക്ഷേ കണ്ണ് പോലെ ലെൻസുകളില്ലാത്തഒരു സൂചിദ്വാര ക്യാമറയായിരിക്കും. ഇതാണ് വാസ്തവത്തിൽ പ്രകൃതിയിൽ കണ്ടത്. പക്ഷേ ഈ സൂചിദ്വാര പ്രായത്തിലുള്ള കണ്ണുകൾ പോലും ഡാർവീനിയൻ സിദ്ധാന്ത പ്രകാരമല്ല രൂപം കൊണ്ടത്. ഏറ്റവും പ്രാകൃതമായ ഈ പ്രാരംഭഘട്ടത്തിൽ പോലും അതിന് പൂർണമായ ഒരു പ്രകാശവ്യവസ്ഥയുണ്ട്. അത് വെറുതെ ഉണ്ടായ ഒരു സൂചി ദ്വാരമല്ല. ഒരു സൂചിദ്വാരത്തിനു പകരം ഈ കടൽ ജീവിക്ക് രണ്ട് ദ്വാരമുണ്ട്. രണ്ട് സൂചിദ്വാരങ്ങൾക്കും പിന്നിലുള്ള സ്വീകരണി പാത്രത്തിൽ വെച്ച് അവ രണ്ടിൽ നിന്നുമുള്ള വിവരങ്ങൾ ഏകോപിപ്പിക്കപ്പെടുന്നു. പിന്നീട് അത് ആഭ്യന്തര ബോധ മണ്ഡലത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഈ ബോധമണ്ഡലത്തെ പ്രാഥമിക ഘട്ടത്തിലുള്ള മസ്തിഷ്ക്കമാണെന്ന് വിശേഷിപ്പിക്കാം. അതിലുപരിയായി മനുഷ്യനിൽ നാം കാണുന്ന ഈ പ്രകാശിക വ്യവസ്ഥ തന്നെ പൂർണമായും വികസിച്ച പ്രകാശികാവയവങ്ങളോടെ ദശലക്ഷം വർഷങ്ങൾക്ക് മുമ്പേ ജീവിച്ച പുരാതന ജീവികളിൽ കാണുന്നുണ്ട്. ഈ വസ്തുത അന്ധമായ പരിണാമത്തിന് അതിന്റെ ആരംഭം മുതൽ ഇത്തരം ജീവികളുടെ സൃഷ്ടിപ്പ് വരെ ആവശ്യമായ സമയം ഗണ്യമായി കുറച്ചു കൊടുക്കുന്നു. മിക്ക ഷഡ്പദങ്ങളിലും പൂർണമായ പ്രകാശിക വ്യവസ്ഥ കാണാവുന്നതാണ്. ആസ്ത്രേലിയയിൽ കണ്ടെത്തിയ 500 ദശലക്ഷം വർഷം പഴക്കമുള്ള ചില മത്സ്യങ്ങളുടെ ഫോസിലുകളിൽ വലിയ കണ്ണുകളെ സൂചിപ്പിക്കുന്ന കുഴികൾ കണ്ടെത്തിയിട്ടുണ്ട്. ഇത് ജീവികളുടെ കണ്ണുകളുടെ കുറേശ്ശെ കുറേശ്ശെയായുള്ള വികാസത്തെ മാത്രം വെറും 500 ദശലക്ഷം വർഷമാക്കി കുറക്കുകയാണുണ്ടായത്. ഈ കണ്ണിന്റെ പരിണാമം പൂർത്തിയാവാനുള്ള അവിശ്വസനീയമായ കുറഞ്ഞ കാല ദൈർഘ്യമാണിത്. ഈ 500 ദശലക്ഷം വർഷക്കാലത്തെ വീണ്ടും ഉപവിഭാഗങ്ങളായി വിഭജിക്കേണ്ടതുണ്ട്. അതിലൊരു ഭാഗം ജീവന്റെ അടിസ്ഥാനഘടകങ്ങൾ രൂപപ്പെട്ടു വരുവാനുള്ള കാലഘട്ടമായി കണക്കാക്കണം. എന്തു തന്നെയായാലും തുടക്കം മുതൽ ഒടുക്കം വരെ ജീവൻ പരിപൂർണ നിലയിൽ രൂപപ്പെട്ടു വരുവാൻ ഇവിടെ ലഭിക്കുന്ന സമയം വളരെ ഹ്രസ്വമാണ്. എത്ര സമയമായിരുന്നുവോ ആവശ്യമുണ്ടായിരുന്നത് അതിനെ അപേക്ഷിച്ച് ഈ സമയം ഒരു ബിന്ദു മാത്രമാണ്. ജീവന്റെ അടിസ്ഥാന കണികകൾ രൂപപ്പെട്ടു വരുന്നതിനു തന്നെ പരിണാമത്തിന് മൊത്തം എടുത്ത സമയത്തേക്കാൾ ഊഹാതീതമാം വിധം കൂടുതൽ സമയം ആവശ്യമാണ്. ആ സമയവും കൂടി ഈ ചെറിയ സമയത്തിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ഇതാണ് ശാസ്ത്ര സമൂഹം അഭിമുഖീകരിക്കുന്ന ഭീമൻ സമസ്യകളുടെ വലുപ്പം. അവരെ നോക്കി കരയണമോ ചിരിക്കണമോ എന്നതാണ് മറ്റുള്ളവരെ കുഴക്കുന്ന പ്രശ്നം.

ജീവിലോകത്ത് കാണപ്പെടുന്ന എല്ലാ കണ്ണുകളും തന്നെ അവ അവികലമായി രൂപകൽപന ചെയ്തതിനനുയോജ്യമായ ധർമം നിർവഹിക്കുന്നു. അവ തങ്ങളുടെ പരിസരവുമായി പൂർണമായും പൊരുത്തത്തോടെയും രമ്യതയോടെയും വർത്തിക്കുന്നു. എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ അലക്ഷ്യമായി സൃഷ്ടിക്കപ്പെട്ട ഒരുപകരണത്തിന്റെ അലക്ഷ്യത തന്നെ അതിന്റെ അസ്തിത്വം നിരാകരിക്കും. ഏതെങ്കിലും ഒരു പ്രവൃത്തി നിർവഹിക്കാൻ വേണ്ടി ഒരുപകരണം അതിനു മുമ്പേ സൃഷ്ടിക്കപ്പെട്ടുവെങ്കിൽ അതിന് നിർവഹിക്കേണ്ടുന്ന പ്രവൃത്തി കൂടെ മുൻകൂട്ടി തയ്യാർ ചെയ്യപ്പെടേണ്ടതുണ്ട്. ഇതാണ് ജീവിത യാഥാർഥ്യത്തിന്റെ ലളിതമായ താർക്കിക യുക്തി.

മനുഷ്യൻ ആദ്യമായി പ്രവർത്തിച്ചു തുടങ്ങിയത് കല്ലുകൊണ്ടാണ്. ഈ കല്ല് യാതൊരു പ്രത്യേക ഉദ്ദേശ്യവുമില്ലാതെയാണ് അവിടെ കിടന്നിരുന്നത്. പക്ഷേ, നാം അത് കണ്ടയുടനെ അതൊരു മഴുവിന്റെ ആകൃതിയിൽ ഒരു പിടിയോടുകൂടി രൂപാന്തരപ്പെടുത്തിയെടുത്തു. ഏറ്റവും പ്രാകൃതമായ ഈ ഉപകരണം പോലും യാതൊരു ലക്ഷ്യവുമില്ലാതെ യാദൃച്ഛികതയാൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് ബുദ്ധിസ്ഥിരതയുള്ള ഒരാളും പറയില്ല. അപ്പോൾ ശതകോടിക്കണക്കിന് സങ്കീർണമായ ജീവനെക്കുറിച്ച് എന്താണ് പറയുക? ജീവന്റെ ഓരോ സൃഷ്ടിപ്പും ഒരു ലക്ഷ്യത്തോടു കൂടിയാണ് സൃഷ്ടിക്കപ്പെട്ടത്. ആ പ്രത്യേക ഉദ്ദേശ്യത്തിനു വേണ്ടിയാണ് അത് രൂപകൽപന ചെയ്യപ്പെട്ടത്. അതിനെ അലക്ഷ്യമായ ഒരു സൃഷ്ടി പ്രയാണം എന്ന് വിളിക്കുകയാണെങ്കിൽ അത് പരമോന്നതമായ അന്ധതയായിരിക്കും.


## തഹ്‌രീക്ക് ജദീദും പരിശുദ്ധ റമദാനും

ഹദ്റത്ത് മുസ്‌ലിഹ് മഊദ് (റ) ആരംഭിച്ച തഹ്‌രീക്ക് ജദീദ് അളവറ്റ ആത്മീയ അനുഗ്രഹങ്ങൾ തുറന്ന് തരുന്ന ഒരു ധനത്യാഗ പദ്ധതിയാണ്. പുണ്യറമദാനുമയി ബന്ധിപ്പിച്ചു കൊണ്ട് മുസ്‌ലിഹ് മഊദും എല്ലാ ഖലീഫമാരും തഹ്‌രീക്ക് ജദീദിന്റെ പ്രാധാന്യത്തെ പറ്റി ഊന്നി പറഞ്ഞിട്ടുണ്ട്. ലോകം മുഴുവൻ ഇസ്‌ലാം മതം പ്രചരിപ്പിക്കാനും മസ്ജിദുകൾ നിർമിക്കാനും മിഷൻ ഹൗസുകൾ പണിയുക മുതലായ സദ്കർമങ്ങളാണ് തഹ്‌രീക്ക് ജദീദിന്റെ കർമ മേഖല. ഇസ്‌ലാം മതത്തിന്റെ പ്രചാരണത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട ഈ പദ്ധതിയിൽ പങ്കാളിയാവുക എന്നത് അനുഗൃഹീതമായ ഒരുആത്മീയ സൗഭാഗ്യമാണ്. അല്ലാഹുവിന്റെ പക്കൽ അതുല്യമായ പ്രതിഫലം ലഭിക്കുന്ന ഈ പരിശുദ്ധ റമദാനിൽ തഹ്‌രീക്ക് ജദീദ് പദ്ധതിയിൽ പൂർവാധികം ധനത്യാഗം ചെയ്ത് പങ്കു കൊള്ളണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

**വക്കീലുൽ മാൽ, തഹ്‌രീക്ക് ജദീദ്, ഖാദിയാൻ.**

തൗസീഹെ മറാം - 4
(ഉദ്ദേശ്യ പ്രകടനം)

# മലക്കുകളുടെ അനിവാര്യത

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

ഇതെല്ലാം ഉപമാലങ്കാരമെന്ന നിലയിൽ ഉചിതമായ വാക്കുകളിൽ വിവരിക്കപ്പെട്ടിട്ടുള്ള ആത്മീയ സ്ഥാനങ്ങളാണ്. ഇവിടെ യഥാർത്ഥമായ പുത്രത്വമോ ദൈവത്വമോ അല്ല ഉദ്ദേശ്യം. റൂഹുൽഖുദുസ്, റൂഹുൽഅമീൻ തുടങ്ങിയവയ്ക്ക് നാം നല്കിയിട്ടുള്ള വ്യാഖ്യാനത്തെ സംബന്ധിച്ച് വിശദീകരിക്കുന്നത് ഇവിടെ അനവസരം ആകുകയില്ല. ഇത് ഇസ്‌ലാമിന്റെ വക്താക്കൾ മലക്കുകളെ സംബന്ധിച്ചു വെച്ചു പുലർത്തുന്ന വിശ്വാസാദർശങ്ങൾക്കു വിരുദ്ധമല്ല. എന്തുകൊണ്ടെന്നാൽ, മുസ്‌ലിം ഗവേഷകന്മാർ, മലക്കുകൾ അവരുടെ വ്യക്തിത്വപരമായ അസ്തിത്വത്തോടുകൂടി മനുഷ്യരെപ്പോലെ നടന്ന് ഭൂമിയിൽ ഇറങ്ങി വരുന്നുവെന്ന് ഒരിക്കലും വിശ്വസിക്കുന്നില്ല. ഈ ചിന്താഗതി വ്യക്തമായും നിരർഥകമാണ്. കാരണം, മലക്കുകൾ അവരവരുടെ സേവനം നിർവഹിക്കുന്നതിനായി തങ്ങളുടെ യഥാർഥ അസ്തിത്വത്തോടുകൂടി ഇറങ്ങാറുണ്ടെന്നത് തീർച്ചയാണെങ്കിൽ അവരിൽനിന്ന് ഏതെങ്കിലും പ്രവർത്തി പൂർത്തിയാകുമെന്ന് സങ്കല്പിക്കാനേ പറ്റുകയില്ല. ഉദാഹരണത്തിന്, വിവിധ നാടുകളിലും നഗരങ്ങളിലും ഒരാൾ മറ്റൊരാളിൽനിന്ന് ആയിരക്കണക്കിനു മൈലുകൾ അകലത്തിൽ കഴിയുന്നവരായിരിക്കെ ആയിരക്കണക്കിനു ആളുകളുടെ ജീവൻ ഒരൊറ്റ നിമിഷംകൊണ്ട് മലക്കുൽമൗത് (മരിപ്പിക്കുന്ന മലക്ക്) പിടിച്ചെടുക്കുന്നു എന്നത്. ഓരോ നാട്ടിലും നഗരത്തിലും വീട്ടിലും നടന്നുപോകുകയും ഇത്ര മാത്രം കഷ്ടപ്പെട്ടതിനു ശേഷവുമാണ് ജീവൻ പിടിച്ചെടുക്കാൻ അദ്ദേഹത്തിനു അവസരം കിട്ടുന്നതെങ്കിൽ ഇത്രമാത്രം വലിയ പ്രവർത്തിക്കായി പല മാസങ്ങൾപോലും മതിയാകുകയില്ല. ഒരു വ്യക്തി മനുഷ്യരെപ്പോലെ നടന്ന് ഇമവെട്ടുന്ന നിമിഷംകൊണ്ടോ അതിനെക്കാൾ കുറച്ചു സമയംകൊണ്ടോ ലോകം മുഴുവൻ ചുറ്റിക്കറങ്ങി നടക്കുക എന്നത് സാധ്യമാണോ? ഒരിക്കലുമല്ല. മലക്കുകൾ അല്ലാഹു അവർക്കായി നിശ്ചയിച്ചിട്ടുള്ള അവരുടെ യഥാർഥ സ്ഥലത്തുനിന്ന് തരിമ്പും മുമ്പോട്ടോ പിമ്പോട്ടോ നീങ്ങുകയില്ല. മലക്കുകൾ പറഞ്ഞതായി അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വമാ മിന്നാ ഇല്ലാ ലഹൂ മഖാമുൻ മ്മഅ്‌ലൂം വഇന്നാ ലനഹ്നുസ്സ്വാഫ്ഫൂൻ** (മലക്കുകൾ പറയും, 'ഓരോ നിശ്ചിത സ്ഥാനമുള്ളവരല്ലാതെ ഞങ്ങളിലാരുമില്ല. നിശ്ചമായും ഞങ്ങളെല്ലാവരും അണിനിരന്നു നില്ക്കുന്നവരാണ്.' -37:165,166 വിവ:)

സൂര്യൻ അതിന്റെ സ്ഥാനത്തു നിലകൊളളുകയും അതിന്റെ ചൂടും വെയിലും ഭൂമിയിൽ പരക്കുകയും ഓരോന്നിന്റേയും പ്രത്യേകതകളനുസരിച്ച് ഭൂമിയിലെ എല്ലാ വസ്തുക്കൾക്കും ഗുണം പ്രദാനംചെയ്യുകയും ചെയ്യുന്നതുപോലെ ദൈവികാത്മാക്കൾ -യൂനാനികളുടെ ചിന്താഗതിയനുസരിച്ച് അവയെ **നുഫൂസെ ഫൽക്കിയ** (സ്വർഗീയാത്മാക്കൾ)എന്നോ ദസാതീറിന്റേയും വേദത്തിന്റേയും സാങ്കേതിക തത്ത്വങ്ങളനുസരിച്ച് **അർവാഹെ കവാകിബ്** (നക്ഷത്രാത്മാക്കൾ) എന്നോ അങ്ങേയറ്റം ഋജുവായും ഏകദൈവവിശ്വാസപരമായ രീതിയിലും **മലായിക്കുല്ലാഹ്** (അല്ലാഹുവിന്റെ മാലാഖമാർ) എന്നോ അവയെ വിളിക്കാവുന്നതാണ്- അദ്ഭുതകരങ്ങളായ ഈ സൃഷ്ടികൾ അതാതിന്റെ സ്ഥാനത്തു നിലകൊളളുന്നു എന്നതാണ് വാസ്തവം. അല്ലാഹുവിന്റെ പരിപൂർണ യുക്തിയനുസരിച്ച് സുസജ്ജമായ ഭൂമിയിലെ ഓരോ വസ്തുവിനേയും അതിന്റെ ആഗ്രഹം പൂർത്തിയാകുന്നതുവരെ എത്തിക്കുന്നതിനുവേണ്ടി ഈ ദൈവികാത്മാക്കൾ സേവനത്തിൽ മുഴുകിയിരിക്കുന്നു. അവർ ബാഹ്യമായ സേവനങ്ങളും ചെയ്യുന്നു; ആന്തരികമായതും. നമ്മുടെ ശരീരങ്ങളിലും നമ്മുടെ ബാഹ്യമായ സകല ശക്തികളിലും സൂര്യനും ചന്ദ്രനും മറ്റു നക്ഷത്രങ്ങളും സ്വാധീനം ചെലുത്തുന്നതുപോലെ നമ്മുടെ മനസ്സിന്റേയും ബുദ്ധിയുടേയും നമ്മുടെ എല്ലാ ആധ്യാത്മിക ശക്തിയുടേയുംമേൽ ഈ എല്ലാ മലക്കുകളും തങ്ങളുടെ വിവിധ കഴിവുകളനുസരിച്ച് അവരവരുടേതായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. നല്ല രത്നമായിത്തീരാൻ യോഗ്യതയുള്ള വസ്തു -അത് മണ്ണിന്റെ പൊടിയാവട്ടെ, ചിപ്പിയിൽ പ്രവേശിക്കുന്ന ജലത്തുള്ളിയാവട്ടെ, ഗർഭപാത്രത്തിൽ പതിക്കുന്ന വെള്ളത്തുള്ളിയാവട്ടെ- അല്ലാഹുവിന്റെ മലക്കുകളുടെ ആത്മീയ ശിക്ഷണത്താൽ മാണിക്യക്കല്ലായിട്ടോ, വജ്രമായിട്ടോ, പദ്മരാഗമായിട്ടോ, ഇന്ദ്രനീലക്കല്ലായിട്ടോ, അല്ലെങ്കിൽ പരമമായ പദവിയുടെ ശോഭയാർന്നതും കനപ്പെട്ടതുമായ മുത്തായിട്ടോ, അതുമല്ലെങ്കിൽ ഉന്നത നിലയിലുള്ള മനസ്സും ബുദ്ധിയുമുള്ള മനുഷ്യനായിട്ടോ ആയിത്തീരുന്നു. അഗ്നി ആരാധകർ വേദഗ്രന്ഥമായി വിശ്വസിക്കുന്നതാണ് ദസാതീർ.അത് ഇറങ്ങിയിട്ട് ദീർഘകാലമായെന്നാണ് അതു പറയുന്നത്. ആ കാലയളവിന്റെ കോടിയിൽ ഒരു ഭാഗം പോലും വേദങ്ങൾ വെളിപ്പെട്ടിട്ട് ആയിട്ടില്ലെന്ന് പറയപ്പെട്ടിരിക്കുന്നു. അതായത് വേദത്തെ സംബന്ധിച്ച്, അത് ഇറങ്ങിയിട്ട് വെറും 196 കോടി കാലയളവാണ് മറ്റുള്ളവരുടെ നിഗമനത്താൽ നിജപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, വേദഗ്രന്ഥമായ ദസാതീർ ഇറങ്ങിയിട്ട് 300 കോടിയിൽ അല്പം കൂടുതലായെന്നാണ് അതു പറയുന്നത്. എന്നല്ല ഇതു നാം പേടിച്ചു പേടിച്ചാണ് എഴുതിയിട്ടുള്ളത്. അവിടെ മുന്നൂറുകോടിയുടെ പരിധിയിൽനിന്ന് മൂന്നു പൂജ്യം വേറേയും ഇടയിലുണ്ട്. നക്ഷത്രങ്ങളുമായും ആകാശങ്ങളുമായും ബന്ധംവയ്ക്കുന്ന ഈ ഗ്രന്ഥം ആ ദൈവികാത്മാക്കളെ മലക്കുകൾ എന്നു പറഞ്ഞിരിക്കുന്നുവെന്നു മാത്രമല്ല, അവയെ ആരാധിക്കാനും താക്കീതു ചെയ്യുന്നു. അതുപോലെ വേദവും ഈ ദൈവികാത്മാക്കളെ വെറും മധ്യവർത്തികളോ ഇടയിലുള്ള സേവകരായിട്ടോ വിശ്വസിക്കുന്നില്ല. മറിച്ച് എല്ലായിടത്തും അവയുടെ വലുപ്പവും മഹിമയും പറയുകയും അവരോട് ആവശ്യങ്ങൾ ചോദിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നു. വേദത്തിലെന്നപോലെ ഈ ഗ്രന്ഥത്തിലും ദുർവ്യാഖ്യാനം ചെയ്തും കൂട്ടിക്കലർത്തിയും ദൈവ നിഷേധം നിറഞ്ഞ പ്രസ്തുത അധ്യാപനങ്ങൾ കൂടുതലായി ചേർത്തതാകാനാണ് സാധ്യത. അപ്രകാ

രംതന്നെ മറ്റു പലയിടങ്ങളിലും ഇങ്ങനെയുള്ള അധ്യാപനങ്ങളും കാണാം: ഉദാഹരണത്തിന്, ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവും ഇല്ലെന്ന അധ്യാപനം. ഓരോ വസ്തുവും അതിന്റെ യഥാർഥ മൂലധാതുവിന്റേയും യഥാർഥ ജീവന്റേയും അടിസ്ഥാനത്തിൽ ആദിയും സ്വയംഭൂവായതും തന്റെ അസ്തിത്വത്തിന് താൻതന്നെ ദൈവമാകുന്നുവെന്നുമുളള പാഠം. അല്ലെങ്കിൽ ഒരു വ്യക്തിക്കും പുനർജന്മത്തിന്റെ അശുഭമായ ചുറ്റി സഞ്ചാരത്താൽ ഒരിക്കലും ഒരു കാലഘട്ടത്തിലും മോക്ഷം കിട്ടുകയില്ലെന്ന പാഠം. അല്ലെങ്കിൽ ഒരു ഭർതൃമതി ആൺകുട്ടികൾ ഉണ്ടാകാത്ത കാരണത്താൽ ആൺകുട്ടികൾക്കുവേണ്ടി പരപുരുഷനുമായി സംഭോഗം ചെയ്യാമെന്ന പാഠം. അല്ലെങ്കിൽ വലിയ വലിയ മഹാത്മാക്കൾക്കും - നാലുവേദങ്ങൾ ഇറങ്ങിയ ഋഷിമാരാണെങ്കിൽപോലും ശാശ്വതമായ മോക്ഷം പ്രാപിക്കാൻ കഴിയുകയില്ലെന്ന പാഠം. അവർ മഹത്വത്തോടും ആദരവോടുംകൂടി സ്മരിക്കപ്പെടാൻ അർഹരല്ലെന്ന പാഠം. മനുഷ്യൻ പുനർജന്മത്തിന്റെ ചുറ്റിസഞ്ചാരങ്ങളിൽപ്പെട്ട് മറ്റുജന്തുക്കളായിത്തീരുമെന്നുളള പാഠം; ഒരു പക്ഷേ ആയിട്ടുണ്ടാകും. അവരുടെ അഭിപ്രായത്തിൽ അവതാരങ്ങളെക്കാൾ ഉന്നതക്കിടയിലുളള മനുഷ്യനാണെങ്കിലും അല്ലെങ്കിൽ വേദങ്ങളുടെ ഋഷിമാരേക്കാൾ ഉയർന്ന ആളാണെങ്കിലും അയാൾക്ക് സാധ്യത എന്നല്ല, പ്രകൃതി നിയമത്തിന്റെ അടിസ്ഥാനത്തിൽ നിർബന്ധമായും ഏതെങ്കിലും നേരത്ത് കീടമോ, വെറുക്കപ്പെട്ട ജീവിയോ, മോശപ്പെട്ട മൃഗമോ ആയിട്ട് ഏതെങ്കിലും നിന്ദ്യമായ സൃഷ്ടിവർഗത്തിൽ ജനിക്കാതെ നിർവഹമില്ല. ഈ അധ്യാപനങ്ങളെല്ലാം നിരർഥകങ്ങളാണ്. അത് മനുഷ്യരുടെ നിന്ദ്യമായ ചിന്താഗതികൾ കണ്ടു പിടിച്ചതാണ്. ഈ എല്ലാ ലജ്ജാഹീനമായ പ്രവർത്തിയും മാന്യതയില്ലാത്ത തിരിമറികളും തങ്ങളുടെ ആളുകൾക്കും എന്നല്ല തങ്ങളുടെ പുണ്യാത്മാക്കൾക്കും നേതാക്കൾക്കും വേണ്ടി അനുവദനീയമാക്കിവച്ചിട്ടുളളവർ, നക്ഷത്രങ്ങളുടെ ആത്മാക്കളോടു ആവശ്യങ്ങൾ ചോദിക്കുന്നതും ദൈവത്തെ ആരാധിക്കുന്നതുപോലെ അവരെ ആരാധിക്കുന്നതും അനുവദനീയമാക്കിവച്ചിരിക്കുന്നു. പക്ഷേ എല്ലാ രീതിയിലും ഏകദൈവവിശ്വാസത്തിന്റേയും സംസ്കാരത്തിന്റേയും വഴി തുറക്കുന്ന വിശുദ്ധ ഖുർആൻ അവനോടൊപ്പം ഏതെങ്കിലും സൃഷ്ടികളെ ആരാധിക്കുന്നതോ അവന്റെ പരിരക്ഷണത്തിന്റെ ശക്തി അപൂർണവും അപര്യാപ്തവുമായ നിലയിൽ വിശ്വസിക്കുന്നതോ അവൻ എല്ലാത്തിന്റേയും ആരംഭവും ഉറവിടവുമല്ലെന്ന് പറയുന്നതോ മറ്റെന്തെങ്കിലും ലജ്ജാഹീനമായ പ്രവൃർത്തി തന്റെ മാർഗത്തിൽ പ്രവേശിപ്പിക്കുന്നതോ ഒരിക്കലും സമ്മതിച്ചിട്ടില്ല.

വീണ്ടും ഞാൻ മലക്കുകളെക്കുറിച്ചു പറഞ്ഞതിലേക്കു മടങ്ങട്ടെ. വിശുദ്ധ ഖുർആൻ ഏതു രീതിയിൽ മലക്കുകളുടെ അവസ്ഥയെക്കുറിച്ചു വിവരിക്കുന്നുവോ അത് ഋജുവായതും ന്യായാധികരണത്തോടു തൊട്ടടുത്ത് നില്ക്കുന്നതുമായ വഴിയാണ്. അതംഗീകരിക്കാതെ മനുഷ്യന് ഒന്നുമാകാൻ സാധിക്കുകയില്ല. വിശുദ്ധ ഖുർആനിൽ അതിസൂക്ഷ്മമായി ചിന്തിക്കുമ്പോൾ, മനുഷ്യന്റെ എന്നല്ല ലോകത്തുളള എല്ലാത്തിന്റേയും ബാഹ്യവും ആന്തരികവുമായ ശിക്ഷണത്തിന് ചില മധ്യവർത്തികൾ ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണെന്ന് മനസ്സിലാകുന്നു. വിശുദ്ധഖുർആനിലെ ചില സൂചനകളിൽനിന്ന് സുവ്യക്തമായ നിലയിൽ മനസ്സിലാക്കാൻ കഴിയുന്നത് മലക്കുകൾ എന്നു പേരുളള ചില പരിശുദ്ധാത്മാക്കളുടെ ബന്ധങ്ങൾ ദിവ്യമായ നിലകൾകൊണ്ട് വ്യത്യസ്തമാണെന്നാണ്. ചിലർ തങ്ങളുടെ സ്വാധീനശക്തി കൊണ്ട് കാറ്റു വീശിക്കുന്നു. ചിലർ മഴ പെയ്യിക്കുന്നവരാണ്. ചിലർ മറ്റു ചില സ്വാധീനശക്തികൾ ഭൂമിയിൽ ഇറക്കുന്നവരാണ്. പ്രകാശമയമായ കാരണത്താൽ ആ പരിശുദ്ധാത്മാക്കൾ ആകാശങ്ങളിൽ കാണുന്ന തിളക്കമുളളതും പ്രകാശമുളളതുമായ ആ നക്ഷത്രങ്ങളുമായി ബന്ധം വെക്കുന്നവരായിരിക്കും എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ, ഭൂമിയിലുളള ജീവജാലങ്ങളെല്ലാം ജീവൻ ഉൾക്കൊളളുന്നതുപോലെയാണ് ആ ബന്ധമെന്ന് കരുതാൻ പാടില്ല. പ്രത്യുത ആ പരിശുദ്ധാത്മാക്കൾക്കു ആത്മീയമായ നിലയിൽ അവർക്കു ലഭിച്ചിരിക്കുന്ന പ്രകാശത്തിന്റേയും വെളിച്ചത്തിന്റേയും യോജിപ്പുകൊണ്ട് തിളക്കമാർന്ന നക്ഷത്രങ്ങളുമായി യഥാർഥമായൊരു അജ്ഞാത ബന്ധമുണ്ട്. ആ ബന്ധം എത്രമാത്രം ശക്തമാണെന്നുവച്ചാൽ, ആ പരിശുദ്ധാത്മാക്കൾ ആ നക്ഷത്രങ്ങളിൽനിന്ന് വേറിട്ടുപോകുമെന്നു സങ്കല്പിച്ചാൽ, അപ്പോൾ അവരുടെ സകല ശക്തികളിലും വ്യത്യാസം വരുന്നതാണ്. ആ ആത്മാക്കളുടെ ഗോപ്യമായ കരബലം കൊണ്ട് സകല നക്ഷത്രങ്ങളും അതാതിന്റെ പ്രവർത്തിയിൽ മുഴുകിയിരിക്കുന്നു; മുഴുലോകത്തിനും അല്ലാഹു, ജീവൻ എന്ന നിലയിലുളളതുപോലെ (എന്നാൽ, ഇവിടെ സമ്പൂർണ സാദൃശ്യമല്ല ഉദ്ദേശ്യം) ആ ജ്യോതിർമയ ആത്മാക്കൾ നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും ജീവൻപോലെയാണ്. അവർ മാറുന്നതുകൊണ്ട് അവയുടെ അസ്തിത്വത്തിന്റെ അവസ്ഥയിൽ തികച്ചും നാശം സംഭവിക്കുമെന്നത് തീർച്ചയായ കാര്യമാണ്. ആകാശങ്ങളിൽ എത്രത്തോളം നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉണ്ടോ അവ ഭൂമിയിലെ സൃഷ്ടികളുടെ സമ്പൂർത്തിക്കും ശിക്ഷണത്തിനും വേണ്ടിയുളള പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണെന്ന കാര്യത്തിൽ ഇന്നേവരെ ആരും എതിർ അഭിപ്രായം പറഞ്ഞിട്ടില്ല. എല്ലാ സസ്യങ്ങളുടേയും ഖരവസ്തുക്കളുടേയും ജീവികളുടേയുംമേൽ നക്ഷത്രങ്ങളുടെ സ്വാധീനം രാവും പകലും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് അങ്ങേയറ്റം സ്ഥിരപ്പെട്ടതും പ്രമാണത്തിന്റെ ചക്രത്തിൽ കയറപ്പെട്ടതുമായ സത്യമാണ്. അജ്ഞനിൽ അജ്ഞനായ ഒരു കർഷകൻപോലും ചന്ദ്രപ്രകാശം പഴവർഗങ്ങളെ വണ്ണിപ്പിക്കുന്നതിലും സൂര്യന്റെ വെയിൽ അവയെ പഴുപ്പിക്കുന്നതിലും മധുരമുളളതാക്കുന്നതിലും ചില കാറ്റുകൾ വിളവു വർധിപ്പിക്കുന്നതിലും സ്വാധീനം ചെലുത്തുന്നുണ്ട് എന്നതിൽ സംശയമില്ലെന്ന് തീർച്ചയായും വിശ്വസിക്കുന്നുണ്ടാകും. ഭൗതിക പ്രപഞ്ചത്തിന്റെ പരമ്പര ഈ വസ്തുക്കളുടെ വിവിധങ്ങളായ സ്വാധീന ശക്തികൾകൊണ്ട് പരിരക്ഷണം പ്രാപിച്ചുകൊണ്ടിരിക്കുമ്പോൾ, അന്തസ്ഥിതമായ പരമ്പരകളുടെമേലും അല്ലാഹുവിന്റെ കല്പനയാൽ ആ ജ്യോതിർമയ ആത്മാക്കൾ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നുവെന്നതിൽ സംശയിക്കാൻ എന്തുണ്ട്? ഇവർക്കു ജ്യോതിർമയ ശരീരങ്ങളുമായുളള ബന്ധം ജീവന്, ശരീരവുമായിട്ടുളളതുപോലെ ശക്തമാണ്.

ഇനി ഇതിനു ശേഷം അറിഞ്ഞിരിക്കേണ്ടത്, അല്ലാഹുവിലും അവന്റെ പരിശുദ്ധരായ നബിമാരിലും ദിവ്യവെളിപാടിന്റെ പ്രകാശങ്ങൾ ഗുണം ചെയ്യാൻ മറ്റെന്തെങ്കിലും മാധ്യമം ആസൂത്രണം ചെയ്യേണ്ടതായിരുന്നുവെന്ന കാര്യം അങ്ങേയറ്റം അപമര്യാദയായി തോന്നുന്നുവെന്നതാണ്. പക്ഷേ, അല്പം ചിന്തിച്ചാൽ അതിൽ അപമര്യാദയായി ഒന്നുമില്ലെന്ന് നല്ലവണ്ണം മനസ്സിലാകുന്നതാണ്. എന്നല്ല തികച്ചും അല്ലാഹുവിന്റെ പൊതുവായ പ്രകൃതിനിയമമനുസരിച്ചും ലോകത്തിലെ ഓരോ വസ്തുവിനേയും

സംബന്ധിച്ച് സുവ്യക്തമായ നിലയിൽ പ്രത്യക്ഷവും അനുഭവസിദ്ധവും ആയിക്കൊണ്ടിരിക്കുന്നതുമാണത്. നബിമാരും (അ) അവരുടെ ഭൗതിക ശരീരത്തിന്റേയും ഭൗതികകഴിവുകളുടേയും അടിസ്ഥാനത്തിൽ ഈ മധ്യവർത്തികളെ ആശ്രയിക്കുന്നവരാണ്. നബിയുടെ നയനങ്ങൾ എത്രമാത്രം തിളക്കമാർന്നതും അനുഗൃഹീതവുമാണെങ്കിലും സാധാരണക്കാരന്റെ നയനങ്ങൾപോലെ സൂര്യന്റേയോ അതിന്റെ മറ്റേതെങ്കിലും പ്രതിനിധിയുടേയോ സാന്നിദ്ധ്യം കൂടാതെ ഒന്നും കാണാൻ കഴിയുകയില്ല. കാറ്റിന്റെ സഹായമില്ലാതെ ഒന്നും കേൾക്കാൻ കഴിയുകയില്ല. അതുകൊണ്ട് നബിയുടെ ആധ്യാത്മതകളിലും ഈ ഗോളങ്ങളുടെ ജ്യോതിർമയ ആത്മാക്കളുടെ സ്വാധീനം പതിച്ചിട്ടുണ്ടാകുമെന്ന കാര്യം തീർച്ചയായും സമ്മതിക്കേണ്ടി വരുന്നു. എന്നല്ല, ഏറ്റവും കൂടുതൽ സ്വാധീനം പതിച്ചിട്ടുണ്ടാകും. കാരണം ഏത്രത്തോളം കഴിവുകൾ നിർമലവും സമ്പൂർണവുമാകുന്നുവോ അത്രത്തോളം സ്വാധീനവും അതിൽ നിർമലവും സമ്പൂർണവുമായ നിലയിൽ പതിക്കുന്നു. ഈ ഗോളങ്ങളും നക്ഷത്രങ്ങളും അതാതിന്റെ ശരീരവുമായി ചേർന്ന് ഓരോരോ ആത്മാവ് ഉൾക്കൊള്ളുന്നുവെന്ന് വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാണ്. ഇവയ്ക്ക് നക്ഷത്രാത്മാക്കളെന്നും പേരു പറയാവുന്നതാണ്. നക്ഷത്രങ്ങളിലും ഗോളങ്ങളിലും അവയുടെ ശരീരങ്ങളുടെ ഘടനയനുസരിച്ച് പലതരം പ്രത്യേകതകൾ കാണുന്നുണ്ട്. അതു ഭൂമിയിലെ എല്ലാ വസ്തുക്കളുടേയുംമേൽ കഴിവനുസരിച്ച് സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. അതേപോലെ അവയുടെ ജ്യോതിർമയ ആത്മാക്കളിലും പലവിധത്തിലുള്ള പ്രത്യേകതകളുണ്ട്. അത് അല്ലാഹുവിന്റെ കല്പനയാൽ ഭൂമിയിലെ സൃഷ്ടികളുടെ ഉള്ളിൽ അതിന്റെ സ്വാധീനം ചെലുത്തുന്നു. ഇതേ ജ്യോതിർമയ ആത്മാക്കൾ പരിപൂർണത കൈവരിച്ച മനുഷ്യരിൽ ശാരീരികമായ രൂപം പ്രാപിച്ച് വെളിപ്പെടുന്നു. മാനുഷികമായ രൂപത്തിൽ സദൃശരായി കാണിച്ചുകൊടുക്കുന്നു. ഇതൊന്നും ഭാവനാത്മക പ്രസംഗങ്ങളിൽനിന്നുള്ള പ്രസംഗമല്ല. പ്രത്യുത സത്യവും യുക്തിയും അന്വേഷിക്കുന്നവർക്ക് തീർച്ചയായും അംഗീകരിക്കേണ്ടിവരുന്ന സത്യമാണെന്ന് ഓർത്തുകൊള്ളുവിൻ. കാരണം ഭൂമിയിലെ സൃഷ്ടികളുടെ ശിക്ഷണം ആകാശഗോളത്തിൽനിന്ന് നടന്നുകൊണ്ടിരിക്കുന്നുവെന്ന് നമ്മൾ സമ്മതിക്കേണ്ടിവരുന്നു. അപ്പോൾ പര്യവേക്ഷണം എന്ന നിലയിൽ നാം ഭൗതിക ശരീരങ്ങളിൽ ദൃഷ്ടി പതിപ്പിക്കുമ്പോൾ ആ ശിക്ഷണത്തിന്റെ ലക്ഷണങ്ങൾ ഓരോ ശരീരത്തിലും -അവ സസ്യങ്ങളാവട്ടെ, ഖരപദാർഥങ്ങളാവട്ടെ, ജീവജാലങ്ങളാവട്ടെ -സ്പഷ്ടമായും നമുക്ക് കാണിച്ചു തരുന്നു. അതുകൊണ്ട് ഈ സ്പഷ്ടമായ അനുഭവം മുഖേന ആത്മീയമായ ശ്രേഷ്ഠതകളും മനസ്സിന്റേയും ബുദ്ധിയുടേയും വെളിച്ചത്തിന്റെ പരമ്പരയും എത്രത്തോളം അഭിവൃദ്ധിപ്പെടുന്നുവോ അതിലും ഈ ജ്യോതിർമയ ആത്മാക്കളുടെ ഇടപെടലുണ്ടാകുന്നുവെന്ന് അംഗീകരിക്കാൻ നാം നിർബന്ധിതരാകുന്നു. ഈ ഇടപെടലിന്റെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആൻ ഉപമാലങ്കാരമെന്ന നിലയിൽ അല്ലാഹുവിലും അവന്റെ റസൂൽമാരിലും മലക്കുകളുടെ മധ്യവർത്തിത്വം ഒരു അനിവാര്യ ഘടകമായി പ്രകടിപ്പിച്ചിരിക്കുന്നു. ഇതിൽ വിശ്വസിക്കുക എന്നത് മതപരമായ നിർബന്ധ കാര്യങ്ങളിൽ എണ്ണപ്പെട്ടിരിക്കുന്നു. അങ്ങേയറ്റം വെറുക്കപ്പെട്ട തങ്ങളുടെ അജ്ഞതകൊണ്ട് ഈ ദൈവികമായ തത്ത്വത്തെ മനസ്സിലാക്കാത്തവർ -ആര്യസമാജക്കാരേയും ബ്രഹ്മസമാജക്കാരേയും പോലുള്ളവർ- ക്ഷണത്തിൽ തങ്ങളുടെ മനസ്സുകളിൽ നിറഞ്ഞിരിക്കുന്ന പിശുക്കും വിദ്വേഷവും കാരണത്താൽ ഖുർആനികാധ്യാപനങ്ങളുടെ മേൽ, 'അത് അല്ലാഹുവിന്റേയും ദൂതന്മാരുടേയുമിടയിൽ മലക്കുകളുടെ മധ്യവർത്തിത്വം അത്യാവശ്യമാണെന്നു പറയുന്നു' എന്നു പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്നു. ഭൂമിയിൽ കാണുന്ന പൊതുവെയുള്ള അല്ലാഹുവിന്റെ ശിക്ഷണനിയമം ഇതേ നിയമങ്ങളിലധിഷ്ഠിതമാണെന്ന കാര്യത്തെ അവർ മനസ്സിലാക്കിയില്ല. ഹിന്ദുക്കളുടെ ഋഷിമാർ -അവരിലാണ് ഹിന്ദുക്കളുടെ വാദമനുസരിച്ച് 4 വേദങ്ങളും ഇറങ്ങിയത്- തങ്ങളുടെ ശാരീരികമായ ശക്തിയുടെ ശരിയായ നിലനില്പിന് ആകാശഗോളങ്ങളുടെ സ്വാധീനങ്ങൾക്ക് ആശ്രിതരായിരുന്നില്ലേ? അവർ സൂര്യന്റെ വെളിച്ചം കൂടാതെ വെറും കണ്ണുകളുടെ വെളിച്ചത്തിൽ മാത്രമാണോ കാണാറുണ്ടായിരുന്നത്? വായു കൂടാതെ ഏതെങ്കിലും ശബ്ദം കേൾക്കാറുണ്ടായിരുന്നോ? ഇതിനുള്ള വ്യക്തമായ മറുപടി, 'ഒരിക്കലുമില്ല' എന്നായിരിക്കും. എന്നല്ല അവരും ആകാശഗോളങ്ങളുടെ ശിക്ഷണത്തിനും പരിപൂർത്തിക്കും വളരെ ആശ്രിതരായിരുന്നു. ഹിന്ദുക്കളുടെ വേദങ്ങൾ ഈ മലക്കുകളെ എവിടെയാണ് നിഷേധിച്ചിട്ടുള്ളത്? എന്നല്ല, അവർ ഈ മധ്യവർത്തികളെ വിശ്വസിക്കുന്നതിലും ആദരവർഹതയോടെ അറിയുന്നതിലും അതിവർണന നടത്തിയിരിക്കുന്നു. എത്രത്തോളമെന്നാൽ, അല്ലാഹുവിന്റെ പദവിയോളംതന്നെ അവരുടെ പദവികളും നിർണയിച്ചിരിക്കുകയാണ്. ഋഗ്വേദത്തിൽ മാത്രം ഒന്നു കണ്ണോടിച്ചു നോക്കുക. അതിൽ എത്രത്തോളം ആകാശഗോളങ്ങളേയും മൂലകങ്ങളേയും ആരാധിക്കുന്നതായിട്ടുണ്ട്! അതിന്റെ വലുപ്പത്തവും മഹിമയും സ്തുതിയും പ്രശംസയും എഴുതാൻ എത്ര പേജുകളാണ് കറുപ്പിച്ചിട്ടുള്ളത്? എത്രമാത്രം എളിമയോടും വിറകൊണ്ടുമാണ് അവയോട് പ്രാർഥിക്കപ്പെട്ടിരുന്നത്?; അതാകട്ടെ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടില്ല. എന്നാൽ, സത്യാസത്യാ വിവേചന ഗ്രന്ഥമായ ഖുർആൻ അങ്ങനെ ചെയ്തില്ല. മറിച്ച് ജീവന് ശരീരത്തോട് ബന്ധമുള്ളതുപോലെ ആകാശങ്ങളോടോ മൂലകങ്ങളോടോ ധൂമങ്ങളോടോ ബന്ധംവയ്ക്കുന്ന ആ ജ്യോതിർമയ ആത്മാക്കളെ മലക്കുകളെന്നോ ജിന്നുകളെന്നോ മാത്രം വിളിച്ചിരിക്കുന്നു. ജ്യോതിർമയ നക്ഷത്രങ്ങളുടേയും ഗോളങ്ങളുടേയുംമേൽ തങ്ങളുടെ വാസസ്ഥലം വെച്ചിട്ടുള്ള ആ ദൈവികാത്മാക്കളെ തന്റെ പരിശുദ്ധ സത്തയിലും തന്റെ ദൂതന്മാരിലും, ആ മലക്കുകൾക്കു പൂർണ അധികാരമോ പൂർണ നിയന്ത്രണമോ ഉണ്ടെന്ന് വിശ്വസിക്കാൻ തക്കവിധം അവയെ മധ്യവർത്തികളാക്കിയിട്ടില്ല. പ്രത്യുത അവരെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്, നിർജീവമായൊരു വസ്തു, ജീവനുള്ള ഒരുവന്റെ കൈയിലിരിക്കുന്നു എന്ന നിലയ്ക്കാണ്. ജീവനുള്ള അവന് അതിനെ എങ്ങനേയും പ്രയോജനപ്പെടുത്താം. ഇതിന്റെ അടിസ്ഥാനത്തിൽ വിശുദ്ധ ഖുർആൻ ചില സ്ഥലങ്ങളിൽ ശരീരങ്ങളുടെ ഓരോ അണുവിലും മലക്കുകളുടെ നാമം ഉപയോഗിച്ചിരിക്കുന്നു. കാരണം ആ ഓരോ അണുവും ഉദാരവാനായ തങ്ങളുടെ രക്ഷിതാവിന്റെ ശബ്ദം കേൾക്കുന്നു. അവരോടു കല്പിക്കപ്പെടുന്നത് അവർ പ്രവർത്തിക്കുകയും ചെയ്യുന്നു. ഉദാ: രോഗത്തിലേക്കോ അരോഗത്തിലേക്കോ ഉണ്ടാകുന്ന മനുഷ്യ ശരീരത്തിലെ മാറ്റങ്ങൾ. ആ ഓരോ അണുവും അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ച് മുന്നോട്ടോ പിന്നോട്ടോ ചുവടുവയ്ക്കുന്നു.(തുടരും)

**വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ**

# സമൂദ്:
# നശിച്ചൊടുങ്ങിയ അറബ് പൂർവ സമുദായം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

ഇസ്‌ലാം ആവിർഭവിക്കുന്നതിന് മുമ്പ് നശിച്ചുപോയ ഒരു അറബ് സമൂഹമാണ് സമൂദ്. സ്വാലിഹ് നബി (അ) അയക്കപ്പെട്ട ഈ സമുദായത്തെപ്പറ്റി ഖുർആനിൽ വിവരണമുണ്ട്.

***സമൂദ് ഗോത്രത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ (നാം നിയോഗിച്ചു.) അദ്ദേഹം പറഞ്ഞു'എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരാരാധ്യനുമില്ല. ഭൂമിയിൽ നിങ്ങളെ എഴുന്നേൽപ്പിച്ചതും അതിൽ നിങ്ങളെ അധിവസിപ്പിച്ചതും അവനാണ്. അതിനാൽ അവനോട് നിങ്ങൾ പാപ മോചനത്തിനായി അർഥിക്കുക. അവങ്കലേക്ക് തിരിയുകയും ചെയ്യുക.' (വിശുദ്ധ ഖുർആൻ 11:62)***

സമൂദ് ഗോത്രത്തിലേക്ക് അയക്കപ്പെട്ട ഒരു പ്രവാചകനാണ് സ്വാലിഹ് (അ). സ്വാലിഹ് എന്നത് ഒരു അറബി വാക്കായതിനാൽ അതൊരു അറബി ജനതയാണെന്ന് വ്യക്തമാണ്. സ്വാലിഹ് എന്നത് ഒരു വിദേശ നാമത്തിന്റെ തർജമയാണെന്നത് നിരർഥകമായൊരു വാദമാണ്. ഖുർആൻ എല്ലാ വിദേശ നാമങ്ങളും തർജമകൂടാതെയാണ് സ്വീകരിച്ചിട്ടുള്ളത്. മൂസ(മോസസ്), ഹാറൂൻ (ആറോൺ), യൂനുസ് (യോന), സക്കരിയ്യ( സക്കറിയ), മുതലായവ ഉദാഹരണം. സമൂദ് ഗോത്രം ആദ് സമുദായത്തിന്റെ തുടർച്ചയാണെന്ന് ഖുർആൻ പറയുന്നു (7:75) ഇത് ആദ് സമൂഹവും ഒരു അറബ് സമൂഹമാണെന്ന് വ്യക്തമാക്കുന്നു. ആദിനെ പറ്റി നൂഹ് നബി (അ) യുടെ പിന്തുടർച്ചക്കാരാണെന്ന് ഖുർആൻ പറയുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് നൂഹ് നബി(അ)യും ഒരു അറബ് വംശജനാണെന്നും അറബ് ദേശത്ത് നിന്നുള്ള ആളാണെന്നുമാണ്. പുരാതന കാലത്ത് അറബ് ഭരണത്തിന് കീഴിലായിരുന്ന മെസപെട്ടോമിയ നൂഹി(അ)ന്റെ ജന്മദേശമാണെന്ന് ചരിത്രപരമായി തെളിയിക്കപ്പെട്ടതാണ്. മേൽ പറഞ്ഞ വസ്തുതയിൽ നിന്നും നമുക്ക് എത്തിച്ചേരാവുന്ന കൗതുകകരമായ നിഗമനം ലോകത്തിന്റെ ആരംഭഘട്ടത്തിൽ ജനങ്ങളുടെ സംസാര ഭാഷ അറബിയായിരുന്നുവെന്നാണ്. അറേബ്യ മനുഷ്യ സംസ്ക്കാരത്തിന്റെ ജന്മഗേഹമാണെന്ന് സമ്മതിക്കുന്നതോടെ അറബി ഭാഷ ഭാഷകളുടെ മാതാവാണെന്നും സമ്മതിക്കേണ്ടിവരും'സാമിരി'എന്ന ഭാഷ പോലെയുള്ള ഒരു ഭാഷയിൽ നിന്നാണ് അറബി ഭാഷ രൂപം കൊണ്ടതെന്നും പിന്നീട് മറ്റു ഭാഷകൾ രൂപാന്തരപ്പെട്ടതും ഈ ഭാഷയിൽ നിന്നുമാണെന്നാണ് യൂറോപ്യൻ പണ്ഡിതന്മാർ പറയുന്നത്. അറേബ്യയുടെ തെക്ക് ഭാഗത്ത് സാമിരി ഭാഷയാണ് സംസാരിച്ചിരുന്നത് എന്ന കാര്യം സുസമ്മതമായ കാര്യമാണ്. എന്നാൽ മെസപെട്ടോമിയയിലും അറേബ്യയിലും സംസാരിച്ചിരുന്ന പല ഭാഷകളും അറബി ഭാഷയിൽ നിന്നും ഉരുവം കൊണ്ടതാണെന്നതാണ് സത്യം

***'ഭൂമിയിൽ നിന്നും നിങ്ങളെ എഴുന്നേൽപ്പിച്ചു'*** എന്നത് കൊണ്ട് സമൂദ് ഗോത്രത്തെ ഭൂമിയിൽ നിന്ന് നേരിട്ട് സൃഷ്ടിച്ചു എന്ന് അർഥമാക്കരുത്. അതിനർഥം നിങ്ങൾ ഭൂമിയെപോലെ നിലം പറ്റിയ വളരെ നിന്ദ്യരും നിസ്സാരന്മാരുമായ ഒരു ജനതയായിരുന്നുവെന്നും അല്ലാഹു നിങ്ങളെ വളരെ ഉന്നത സ്ഥാനത്തേക്ക് ഉയർത്തുകയും നിങ്ങൾക്ക് എല്ലാ സൗഭാഗ്യങ്ങളും തന്നനുഗഹിച്ചു കൊണ്ട് നിങ്ങളെ ഉന്നതിയി ലേക്കുയർത്തുകയും അധികാരവും ഭരണവും തന്ന് ലോകത്തെ ശ്രേയസ്സിലേക്ക് നയിക്കേണ്ട ഉത്തര വാദിത്വവും ഏൽപ്പിക്കുകയും ചെയ്തു. നിങ്ങൾക്ക് ഏൽപ്പിച്ച ഈ ഭാരിച്ച ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ നിങ്ങളുടെ പിഴവുകൾക്ക് പ്രായശ്ചിത്തം ചെയ്യുക യാണ് വേണ്ടത്. നിങ്ങളുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും വീഴ്ച്ചകൾ പറ്റിയിട്ടുണ്ടെങ്കിൽ അല്ലാഹു അത് പൊറുത്തുതരുകയും നിങ്ങളിൽ കൂടുതൽ അനുഗ്രഹം ചൊരിയുകയും ചെയ്യും എന്നാണ് ഈ വചനം അർഥമാക്കുന്നത്.

മനുഷ്യൻ അവന്റെ പ്രാഥമികാവസ്ഥയിലേക്ക് തന്നെ തിരിച്ചു പോവാനുള്ള ഒരു പ്രവണത കാണിക്കുന്നു. മനുഷ്യൻ ഭൂമിയിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടത്. അവൻ ആ അവസ്ഥയിലേക്ക് തന്നെ തിരിച്ചു പോവാനുള്ള ഒരു പ്രവണത കാണിക്കുന്നു. അത് കൊണ്ട് അവൻ മനസ്സിലാക്കേണ്ടത് അവൻ പ്രകൃത്യാ തന്നെ ബലഹീനനാണെന്നാണ്. ദൈവത്തിന്റെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രമേ അവന് പുരോഗതി പാപിക്കാൻ കഴിയൂ. അതിനാൽ തന്റെ പുരോഗതി സുസ്ഥിരമായി നിലനിർത്തുവാൻ അവൻ നിരന്തരം ദൈവത്തിലേക്ക് തിരിയുകയും ദൈവത്തോട് പ്രാർഥിച്ചു കൊണ്ടിരിക്കുകയും വേണം. അല്ലാത്ത പക്ഷം അവന്റെ ദൈവവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും അവൻ തന്റെ പഴയ നിന്ദ്യമായ അവസ്ഥയിലേക്ക് തിരിച്ചു പോകുകയും ചെയ്യും.

സമൂദ് സമൂഹത്തെക്കുറിച്ച് ആനുഷംഗികമായി ഒരു കാര്യം പറയുന്നത് അസ്ഥാനത്താവില്ല. ഗ്രീക്ക് ചരിത്രകാരന്മാർ ഈ ഗോത്രത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ കാലത്തിന് അത്ര അകലെയല്ലാത്ത ഒരു

കാലഘട്ടത്തിലാണ് സമൂദ് ഗോത്രത്തിന്റെ കാല നിർണയം അവർ ചെയ്തിട്ടുള്ളത്.'ഹിജ്ർ'അല്ലെങ്കിൽ 'അഗ്ര'എന്ന ദേശത്താണ് സമൂദ ഗോത്രക്കാർ വസിച്ചിരുന്നത്. ആ ജനതയെ 'സമൂദനികൾ' എന്നായിരുന്നു വിളിച്ചിരുന്നത്. 'ഫജ്ജന്നാഖ:' (ഒട്ടകത്തിന്റെ വഴി) എന്ന് അറബികൾ വിളിച്ചിരുന്ന ഹിജ്ർ എന്ന സ്ഥലത്തിനരികെയാണ് അവർ വസിച്ചിരുന്നതെന്ന് ഗ്രീക്കു ചരിത്രകാരന്മാർ പ്രതിപാദിക്കുന്നത്. ബദനാഥ (Bata nata) എന്ന ഒരു സ്ഥലം ഹിജ്റിനടുത്തുണ്ടെന്ന് ടോളമി പറയുന്നുണ്ട്. '***ഫുത്തുഹുൽ ശാം***' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് അബു ഇസ്മായീൽ പറയുന്നു: *ബേസ്റും(സിറിയ), ഏഡൻ എന്നീ ദേശങ്ങൾ സമൂദ് വംശജരെ കൊണ്ട് നിറഞ്ഞിരിക്കുകയും അവർ അവിടം ഭരിക്കുകയും ചെയ്യുന്നു. ഒരു പക്ഷേ അവർ വടക്ക് ഭാഗത്തേക്ക് കുടിയേറിപ്പാർത്തതായിരിക്കും'* ഹിംയർ ഗോത്രവും സബാ ഗോത്രവും യമനിൽ മേധാവിത്വം നേടിയിരുന്ന കാലത്ത് അഹ്ഖാഫിന് തെക്ക് ഭാഗത്ത് സമൂദ് ഗോത്രം ഭരണം നടത്തിയ ദേശത്ത് നിന്ന് അവർ ആദ്യം ഹിജാസിലേക്കും പിന്നീട് തിഹാമയിലേക്കും അവിടെ നിന്നും ഹിജാസിലേക്കും അവസാനം ഹിജ്റിലേക്കും വടക്കോട്ടേക്ക് അടിച്ചോടിക്കപ്പെടുകയാണുണ്ടായത്. '***തമാദുന്നിൽ അറബ്***'എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ഇത് വെറും അഭ്യൂഹമാണെന്നാണ് പറയുന്നത്.


യഥാർഥത്തിൽ അറബികൾ വിചാരിക്കുന്നത് സമൂദ് ഗോത്രം ആദ് ജനവിഭാഗത്തിന്റെ ഒരു ശാഖയാണെന്നാണ്. ആദ് ജനസമൂഹത്തെ പോലെ അവർ യമനിലാണ് ജീവിച്ചിരുന്നത്. ഹിംയർ ഗോത്രക്കാർ അധികാരത്തിലേറിയപ്പോൾ അവർ ഹിജാസിലേക്ക് ആട്ടിയോടിക്കപ്പെടുകയാണുണ്ടായത്. പക്ഷേ ഈ വീക്ഷണ ഗതിക്ക് ചരിത്രപരമായ തെളിവുകളില്ല. തെക്കൻ അറേബ്യയിൽ അവർ താമസിച്ചതിന്റെ യാതൊരു ചരിത്രരേഖ യും ഇത്വരെ ലഭിച്ചിട്ടില്ല. വളരെ പുരാതന കാലം മുതൽക്ക് തന്നെ 'അൽ ഹിജ്ർ' മദായിൻ സ്വാലിഹ് അഥവാ സ്വാലിഹിന്റെ നഗരം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പുരാവസ്തു ശാസ്ത്രപരമായ തെളിവുകൾ ചൂണ്ടിക്കാട്ടുന്നത് ക്രിസ്തുവിന് മുമ്പ് പെട്രാ നിവാസികളായ നബാത്തികളുടെ (Nabatians) പ്രജകളായിരുന്നു അവർ എന്നാണ്. നബാത്തിയൻ ഭാഷയിലുള്ള ഒരുപാട് ലിഖിതങ്ങൾ അവിടെ നിന്ന് കണ്ടെടുത്തിട്ടുണ്ട്. ചിലത് യമൻ ഭാഷയിലുള്ളതുമാണ്. പൗരസ്ത്യ സാഹിത്യങ്ങളിൽ നിപുണരായ പണ്ഡിതന്മാർ ഈ ലിഖിതങ്ങളെ 'സമൂദിയൻ'എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അറേബ്യയുടെ തെക്ക് നിന്ന് വടക്കോട്ടാണ് സമൂദ് ഗോത്രക്കാർ കുടിയേറിയത് എന്ന ചരിത്രകാരന്മാരുടെ വീക്ഷണത്തെയാണ് ഈ ലിഖിത രേഖകൾ പിന്തുണക്കുന്നത്. അതങ്ങനെയല്ലായിരുന്നുവെങ്കിൽ യമൻ ഭാഷയുമായി അവരുടെ ഭാഷക്ക് ഇത്രയേറെ സാമ്യതയുണ്ടാകുമായിരുന്നില്ല.

ഈ ജനതയുടെ തലസ്ഥാനം എന്നറിയപ്പെടുന്ന അൽ ഹിജ്ർ മദീനയുടേയും തബൂക്കിന്റേയും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പുരാതന നഗരം സ്ഥിതി ചെയ്യുന്ന താഴ്വരയെ 'വാദി ഖുറാ' എന്നാണ് വിളിക്കുന്നത്. ഇവിടെ ഭരിച്ചിരുന്ന സമൂദിനെക്കുറിച്ച് പറയുമ്പോൾ '***താഴ്വാരത്ത് പാറകൾ തുരന്ന് വീടുണ്ടാക്കുന്ന സമൂദ് ഗോത്രം***'(89: 10) എന്നാണ് ഖുർആൻ പരാമർശിക്കുന്നത്. ആദ് സമൂഹത്തെ തുടർന്ന് വന്ന പിൻഗാമികൾ എന്നാണ് ഖുർആൻ അവരെക്കുറിച്ച് പറയുന്നത്.(7:75) വിശുദ്ധ ഖുർആൻ 40:31,32 വചനങ്ങളിൽ നിന്നും സമൂദ് ഗോത്രം ജീവിച്ചിരുന്നത് മൂസാനബി (അ) യ്ക്കുമുമ്പാണ് എന്നും വെളിപ്പെടുന്നു.

മറ്റൊരു നിഗമനം അവർ ഇബ്രാഹിം നബി(അ)യെക്കാൾ മുമ്പേ ജീവിച്ചിരുന്നവരാണ് എന്നാണ്. അവരുടെ കാലഘട്ടത്തിന്റെ അവസാന കാലത്ത് അവർ വടക്കൻ അറേബ്യയും തെക്കൻ പലസ്തീനും ഭരിച്ചിരുന്നു എന്നാണ്. മൂസാ നബി (അ) ന്റെ കാലത്ത് ഈ ഈ പ്രദേശം ഇബ്രാഹിം നബി(അ) യുടെ പിന്മുറക്കാരായ മിഥിയൻ ജനതയാൽ നിബിഢമായിരുന്നു എന്നാണ്. ഇബ്രഹാമിന്റെ മൂന്നാം ഭാര്യയായ കാതൂറയിൽ ജനിച്ച മകനാണ് മിഥിയൻ. (ഉൽ: 25: 1,2) യൂസുഫ് നബി (അ) ഈ പ്രദേശത്തുള്ള കിണറിൽ നിന്നും കണ്ടെടുക്കപ്പെട്ട ഈജിപ്തിലേക്ക് കൊണ്ടു പോകുമ്പോൾ ഈ പ്രദേശത്തുള്ള കാതൂറയുടെ വംശത്തിലുള്ളവർ താമസിച്ചിരുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് ഇബ്രാഹിമിന് മുമ്പ് തന്നെ സമൂദ് ഗോത്രക്കാരുടെ ശക്തി പൂർണമായും ക്ഷയിക്കുകയോ അല്ലെങ്കിൽ വമ്പിച്ച തോതിൽ ശിഥിലമാവുകയോ ചെയ്തിരിക്കണം. അല്ലാത്ത പക്ഷം മിഥിയൻ ജനതക്ക് ആ പ്രദേശത്ത് അധിവാസമുറപ്പിക്കാൻ സാദ്ധ്യമാകുമായിരുന്നില്ല.

വിശുദ്ധ ഖുർആനിൽ ഹൂദ് നബി(അ), സ്വാലിഹ് നബി(അ) എന്നിവർ ഒന്നിച്ച് ഒരേ സ്ഥലത്ത് പല തവണ പ്രതിപാദിച്ച കാര്യം ശ്രദ്ധേയമാണ്. സ്വാലിഹ് നബി(അ)നെ പറ്റി വിവരിക്കുന്നതിന്റെ തൊട്ട് മുമ്പ് ഹൂദ് നബി (അ)യെ പറ്റി വിവരിക്കുന്ന രീതി ശരിയായ കാലാനുക്രമം പാലിച്ചുകൊണ്ടുള്ളതാണ്. ചരിത്രത്തിന്റെ സുദീർഘമായ ഭൂതകാലങ്ങളിൽ കുഴിച്ചു മൂടപ്പെടുകയും വിസ്മൃതമാവുകയും ചെയ്ത ചരിത്ര വസ്തുതകൾ ഖുർആൻ കൃത്യമായും ശരിയായതുമായ ക്രമത്തിലാണ് വിവരിച്ചിരിക്കുന്നത്. ചരിത്ര കഥനങ്ങളിൽ ഖുർആൻ ശരിയായ കാലാനുക്രമം പാലിക്കുന്നില്ല എന്ന വിമർശനത്തിനുള്ള മറുപടിയാണ് ഖുർആന്റെ ഈ ചരിത്ര വിവരണം. ചിലരുടെ അഭിപ്രായ പ്രകാരം സമൂദ് എന്നത് ആദ് സാനിയ്യയുടെ അഥവാ രണ്ടാം ആദിന്റെ മറ്റൊരു പേരാണ്. മറ്റു ചിലരുടെ അഭിപ്രായ പ്രകാരം സമൂദ് രണ്ടാം ആദിന് ശേഷം വന്നവരാണ് എന്നാണ്.(കൂടുതൽ അറിയാൻ തഫ്സീർ കബീർ നോക്കുക) മുആവിയായുടെ കാലത്ത് ചില മുസ്‌ലിംകൾക്ക് ഒരു കവിതാശകലം ലഭിക്കുകയുണ്ടായി എന്നൊരു പരമ്പരാഗത വിശ്വാസമുണ്ടായിരുന്നു. ഈ ലിഖിതം യൂറോപ്യൻ വിമർശകന്മാർ അംഗീകരിക്കുന്നില്ല. എന്തായിരുന്നാലും ഈ ലിഖിതം 1834 ൽ കാപ്റ്റൻ ഹൈനസ്സും വെൽസ്റ്റെഡ്ത്തും കണ്ടെടുക്കുകയു ണ്ടായി. ആ ലിഖിതം റോയൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെ ജേർണലിൽ പ്രസിദ്ധീകരിക്കുകയും ഫോറസ്റ്റർ തന്റെ ഗ്രന്ഥത്തിൽ പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തു. അത് യഥാർഥത്തിൽ തെക്കൻ അറബി ഭാഷയിലെ ഹിംയറി ഭാഷയായിരുന്നു. ആധുനിക ഓറിയന്റലിസ്റ്റുകൾ അതിനെ ഹിംയറി ലിഖിതമെന്നാണ് വിളിക്കുന്നത്. അത് ഏഡനിനടുത്ത 'ഹിസ്നൽ ഖു റാബ' എന്ന സ്ഥലത്ത് നിന്നാണ് കണ്ടെടുത്തത്. താഴെ കാണുന്നത് ആ ലിഖിതത്തിന്റെ വിവർത്തനമാണ്.

*'ഈ വിസ്തൃതമായ സെനാൻ കോട്ടകളിൽ സുദീർഘവും*



മദായിനെ സ്വാലിഹ് (സാലിഹ് നബി(അ) യുടെ നഗരം) എന്നറിയപ്പെടുന്ന സൗദി അറേബ്യയിലെ അൽ ഊല സെക്ടറിൽ സമൂദ് ഗോത്രക്കാർ പാറതുരന്ന് നിർമ്മിച്ച പാർപ്പിടങ്ങൾ

*സുഖാഢംബരത്തോടെയും ഞങ്ങൾ വസിച്ചു. യാതൊരു ദൗർഭാഗ്യവും ദുരിതവും ഞങ്ങൾ അറിഞ്ഞില്ല. നമ്മുടെ നീർച്ചാലുകളിൽ നാം നീന്തിത്തുടിച്ചു. നിങ്ങളുടെ പ്രൗഢസൗധങ്ങളിലേക്ക് കടൽ തിരമാലകൾ തള്ളിവന്നു. അതിന് മീതെ ജലധാരകൾ മർമരാരവങ്ങളോടെ തഴുകി വീണുകൊണ്ടിരുന്നു.*

*ഉത്തുംഗങ്ങളായ ഒറ്റത്തടി വൃക്ഷങ്ങളുടെ പാലകന്മാർ താഴ് വാരങ്ങളിൽ ഈത്തപ്പഴ കേദാരങ്ങളിൽ അതിന്റെ ഉണക്ക വിത്തുകൾ വിതച്ചു. അവർ ശുഷ്ക്കമായ നെൽ വിത്തുകളും പാകി. വലയും കെണിയുമായി മലയാടുകളെയും മുയലുകളെയും ഞങ്ങൾ വേട്ടയാടി. പ്രൗഢിയോടെ അവിടങ്ങളിൽ ഞങ്ങൾ അലസ ഗമനം നടത്തി. ചിത്രവേലകൾ ചെയ്തപട്ടു തുണികൾ, എല്ലാം പട്ടു മയം. പച്ച പട്ടുകളുടെ കള്ളിവസ്ത്രങ്ങൾ!*


*ദുഷ്ടന്മാരെ നശിപ്പിക്കുകയും അക്രമകാരികളെയും, കിറുക്കന്മാരെയും കഠിനമായി ശിക്ഷിക്കുകയും ചെയ്യുന്ന ഒരു രാജാവ് ഞങ്ങളെ ഭരിച്ചിരുന്നു. ഹെർബറുടെ നിയമമനുസരിച്ചു ഞങ്ങൾ അവരോട് പെരുമാറി. നല്ല വിധി ന്യായമെഴുതിയ പുസ്തകം സൂക്ഷിക്കണം. ദിവ്യാദ്ഭുതങ്ങളിലും പുനരുത്ഥാനത്തിലും പുനരുജ്ജീവനത്തിലും ഞങ്ങൾക്കുള്ള വിശ്വാസം ഇവിടെ പ്രഖ്യാപിക്കുന്നു. അക്രമകാരികൾക്കെതിരെയും കൊള്ളക്കാർക്കെതിരെയും ഞങ്ങൾ പൊരുതി. കൂർത്ത ശൂലങ്ങൾ കൊണ്ടും മൂർച്ചയേറിയ ആയുധം കൊണ്ടും ഞങ്ങളുടെ യുവാക്കൾ അവർക്കെതിരെ പാഞ്ഞടുത്തു. പ്രതാപികളായ ഞങ്ങളുടെ കുടുംബത്തിലെ മല്ലന്മാർ, ഞങ്ങളുടെ പത്നിമാർ ധീരമായിപ്പൊരുതി. ഞങ്ങളുടെ ശത്രുക്കളെ ഉടവാളുകൾ ഇപ്പോഴും ഖണ്ഢിക്കുന്നു. മനുഷ്യവംശം തൃജിച്ച ഇവരെ നശിപ്പിക്കുന്നത്വരെ ഞങ്ങൾ പൊരുതും. വിദ്വേഷത്തോടെ കുറ്റവാളികളെ പടയോട്ടങ്ങൾ കൊണ്ട് ആക്രമിക്കും. അവരെ ഞങ്ങളുടെ കുതിരകളുടെ കാൽ കീഴിലിട്ട് ചതച്ചു. അവരെ ഞങ്ങൾ രണ്ടു തുണ്ടമാക്കും. സറാസിന്റെയും സേറായുടെയും വിജയ ഗീതങ്ങൾ അവരുടെ മേൽ ഞങ്ങൾ കുറിച്ചു വെക്കും.* (Historical Geography of Arabia. p. 382. see also Enc. of Islam under Hisn al Ghurab)

മേൽ വിവരണങ്ങളിൽ നിന്ന് മനസ്സിലാവുന്നത് സമൂദ് ജനത ഒരു നാഗരിക ജനതയായിരുന്നു എന്നാണ്. അവർ ഒരു നിയമപുസ്തകം സൂക്ഷിക്കുന്നവർ ആണെന്ന് മാത്രമല്ല ആധുനിക രാഷ്ട്രങ്ങൾ ചെയ്യുന്നത് പോലെ ഭാവിയിലെ വിധികർത്താക്കൾക്ക് സഹായകരമാം വിധം തങ്ങളുടെ നിയമത്തീർപ്പുകൾ എഴുതി സൂക്ഷിക്കുന്നവരായിരുന്നു. മേൽ സവിശേഷതയോടുകൂടിയ ഒരു ജനത സ്വാലിഹ് നബി(അ)ക്ക് മുമ്പോ ശേഷമോ ജീവിച്ചിരുന്നതെന്ന് പറയാൻ പ്രയാസമാണ്. തെക്കൻ അറേബ്യയിൽ നിന്നും വിട്ടു പോന്നവരാണ് സമൂദ് ജനത എന്നും അവരിൽ നിന്നുമാണ് സ്വാലിഹ് നബി (അ) എഴുന്നേൽപ്പിക്കപ്പെട്ടതെന്നും ചരിത്രത്തിൽ തെളിയിക്കപ്പെട്ടതാണ്.

വിശുദ്ധ ഖുർആൻ 7:75 വ്യക്തമാക്കുന്നത് സമൂദ് ജനത സമതലങ്ങളും പർവതങ്ങളും ഉൾക്കൊള്ളുന്ന പ്രവിശാലമായ പ്രദേശത്ത് ഭരണം നടത്തിയിരുന്നു എന്നാണ്. ഖുർആനിലെ 26: 147,148,149 എന്നീ വചനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് അവരുടെ രാജ്യം അരുവികളും ഉന്നത ഗുണ മേന്മയുള്ള ഈന്തപന തോട്ടങ്ങളും ധാന്യങ്ങൾ വിളയിച്ചെടുക്കുന്ന വയലുകളും കൊണ്ട് സമ്പന്നമായിരുന്നു എന്നാണ്. ഈ ഖുർആനിക വിവരണങ്ങൾ പ്രസ്തുത ലിഖിതത്തിലെ പരാമർശങ്ങളെ പൂർണമായും സാധൂകരിക്കുന്നു.

സ്വാലിഹ് നബി (അ) ന്റെ കാലത്തിന് ശേഷമാണ് അവരുടെ ശൈഥില്യം ആരംഭിച്ചത്. അദ്ദേഹത്തിന്റെ ജീവിതകാലം കഴിഞ്ഞ് ഏതാനും നൂറ്റാണ്ടിന് ശേഷം തന്നെ ജേതാക്കളും പടയോട്ടക്കാരുമായ ജനതകളിൽ നിന്നും അവരുടെ നാമം അപ്രത്യക്ഷമായി. ബി. സി. 722-705 ൽ അറേബ്യ അസീറിയൻ രാജാവ് കീഴടക്കി. ജേതാക്കളായ ജനതയുടെ വിജയ സ്മാരകമുള്ള ഒരു ലിഖിതത്തിലും പരാജിതരായ സമൂദ് ജനതയുടെ നാമം കണ്ടെത്തുകയുണ്ടായി. ഗ്രീക്ക് ചരിത്രകാരനായ ഡിഡോറസ് (ബിസി.80), പ്ലിനി(ബി.സി.79), ടോളമി എന്നിവർ സമൂദിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. റോമൻ ചക്രവർത്തിയായ ജസ്റ്റീനിയൻ അറേബ്യ കീഴടക്കിയപ്പോൾ അദ്ദേഹത്തിന്റെ സൈന്യത്തിൽ 300 സമൂദ് പട്ടാള ക്കാരുണ്ടായിരുന്നു. ഇസ്ലാം ആവിർ ഭവിക്കുന്നതിന് മുമ്പ് സമൂദ് സമുദായം പൂർണമായും നശിപ്പിക്കപ്പെടുക യാണുണ്ടായത്.

(Holy Quran with English Translation and Commantry )



# ദൈവകണത്തിന്റെ രഹസ്യം

എ. എം. മുഹമ്മദ് സലീം

പ്രപഞ്ചത്തിലെ ഏറ്റവും അടിസ്ഥാനകണങ്ങൾക്ക് ഭാരം എന്ന ഗുണം നൽകുന്ന കണമാണ് ഹിഗ്സ് ബോസോൺ കണം. അതിന് 'ദൈവകണം' എന്ന് നാമകരണം ചെയ്തത് ജനങ്ങളിൽ ഔത്സുക്യം വളർത്താനും ഫണ്ടിംഗ് ഏജൻസികളിൽനിന്ന് ധനസഹായം ഉറപ്പാക്കാനുമുള്ള ശാസ്ത്ര സമൂഹത്തിന്റെ ഒരു പ്രൊഫഷണൽ തന്ത്രം എന്നല്ലാതെ മറ്റു യാതൊരർഥം ഈ നാമകരണത്തിനില്ല.

**ദൈ**വത്തിന്റെ പേര് ചേർത്ത ഒരു വസ്തു ശാസ്ത്രജ്ഞന്മാർ കൈ കാര്യം ചെയ്യുന്നതിനാലായിരിക്കാം ദൈവ കണത്തെപ്പറ്റിയുള്ള വാർത്ത വൻ താൽപര്യമാണ് ജനങ്ങളിൽ സൃഷ്ടി ച്ചത്. യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച് (സേൺ) ന്റെ ആഭിമുഖ്യത്തിൽ ഫ്രാൻസിന്റേയും സ്വിറ്റ്സർലന്റിന്റേയും അതിർത്തിയിൽ ഭൂമിക്കടിയിൽ 100 മീറ്റർ ആഴത്തിൽ 27 കിലോമീറ്റർ ചുറ്റളവിൽ നിർമിച്ച ലാർജ് ഹാഡ്രോൺ കൊളൈഡറിൽ (LHC) നടന്ന പരീക്ഷണ ഫലം ജൂൺ 4 ന് ജനീവയിൽ ശാസ്ത്ര സമൂഹം പ്രഖ്യാപിക്കുകയായിരുന്നു. പദാർഥത്തിന്റെ ഏറ്റവും സൂക്ഷ്മമായ കണങ്ങൾക്ക് (പാർട്ടിക്കിൾ) ദ്രവ്യമാനം അഥവാ ഭാരം നൽകുന്ന അടിസ്ഥാന കണമാണ് ഹിഗ്സ്ബോസോൺ. ദൈവകണമെന്ന് പരക്കെ അറിയപ്പെട്ട ഈ കണം ഏറെക്കുറെ കണ്ടെത്തി യെന്ന പ്രഖ്യാപനമായിരുന്നു സേണിൽ നടന്നത്.

**ശാസ്ത്രജ്ഞന്മാരുടെ പ്രൊഫഷണൽ തന്ത്രം**

ഫിസിക്സിലെ അങ്ങേയറ്റം അക്കാദമീയവും സാങ്കേതിക ജഡിലവുമായ ഹിഗ്സ് ബോസോൺ കണത്തിന്റെ അന്വേഷണമാണ് LHC യിൽ നടന്നത്. കണത്തിന് 'ദൈവകണം' എന്ന പേരിട്ടതിന് പിന്നിൽ ശാസ്ത്രജ്ഞന്മാരുടെ ഒരു തന്ത്രമുണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. മനുഷ്യ നിർമിത ഉപകരണങ്ങളിൽ വെച്ചേറ്റവും വലിയതും ഭൗതിക ശാസ്ത്രത്തിലെ ഏറ്റവും മൗലിക പ്രധാനവുമായ സേണിലെ ഈ പരീക്ഷണം ഊഹാതീതമായ ചിലവുള്ളതാണ്. ഈ പരീക്ഷണത്തിന് ജനകീയമായ ഔത്സുക്യം ജനിപ്പിക്കുകയും അതുവഴി ഭാരിച്ച ചെലവുള്ള ഈ ഗവേഷണത്തിന് ഫണ്ടിങ്ങ് ഏജൻസികളിൽ നിന്നും ഫണ്ട് സ്വരൂപിക്കുകയും ചെയ്യാൻ ശാസ്ത്രജ്ഞന്മാരുടെ കുശാഗ്രബുദ്ധിയിൽ നിന്നും ഉടലെടുത്തതാണ് ഈ പദ്ധതി **'ഗോഡ് പാർട്ടിക്കിൾ'** ന്റെ അഥവാ ദൈവ കണത്തിന്റെ അന്വേഷണമാണെന്ന പ്രചാരണം. ഈ പരീക്ഷണത്തോടെ ശാസ്ത്രജ്ഞന്മാർ ദൈവത്തിന്റെ കാര്യത്തിൽ ഒരു തീർപ്പാക്കും എന്ന് ആരെങ്കിലും ധരിച്ചു പോയിട്ടുണ്ടെങ്കിൽ, ഈ പ്രചാരണം ആ ശുദ്ധാത്മാക്കൾക്കേറ്റു എന്ന് കരുതാം. മാത്രമല്ല ദൈവം ചമയാനുള്ള ശാസ്ത്ര സമൂഹത്തിന്റെ വ്യഗ്രതയും ഇതിൽ നിന്നും വ്യക്തമാണ്.

അമേരിക്കയിലെ ഫെർമി നാഷനൽ ആക്സിലറേറ്റർ ലാബോറട്ടറിയിലെ മുൻ ഡയറക്ടറും പാർട്ടിക്കിൾ സയൻസിലെ 1988 ലെ നോബൽ സമ്മാന ജേതാവും ജൂതനുമായ ഡോ: ലിയോൺ ലഡർമാനാണ് ഹിഗ്സ് ബോസോൺ കണത്തിന്ന് 'ഗോഡ് പാർട്ടിക്കിൾ' എന്ന പേരു നൽകിയിരിക്കുന്നത്. ഇതേ പേരിൽ അദ്ദേഹം പ്രശസ്തമായ ഒരു പുസ്തകവുമെഴുതിയിട്ടുണ്ട്. അദ്ദേഹം അങ്ങനെ പേരു നൽകാനുള്ള കാരണം മറ്റൊന്നാണ്. അതായത് അടിസ്ഥാന കണങ്ങളുടെ സൈദ്ധാന്തിക പരീക്ഷണങ്ങളിൽ യൂറോപ്പിനേക്കാൾ മുൻ നിരക്കാരായി അറിയപ്പെട്ടിരുന്നത് അമേരിക്കയായിരുന്നു. 1980 മുതൽ 1990 ആദ്യ വർഷങ്ങൾ വരെ അമേരിക്കയിലെ സൗത്ത് ഡള്ളസിലുള്ള ടെക്സാസിൽ 30 കിലോമീറ്ററിൽ സൂപ്പർ കണ്ടക്ടിറ്റിംങ്ങ് സൂപ്പർ കൊളൈഡർ ഇതിനായി നിർമിച്ചു. ഇന്നത്തെ യൂറോപ്പിലെ കണികാ പരീക്ഷണത്തേക്കാൾ ചെലവേറിയ ഒരു ബൃഹദ് സംരംഭമായിരുന്നു അത്. 8.4 ബില്ല്യൻ ഡോളർ ചെലവ് വരുന്ന ഈ സംരംഭത്തെ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൺ 'പുതിയ ലോകത്തിലേക്കുള്ള വാതായനം' എന്നായിരുന്നു വിശേഷിപ്പിച്ചത്. മറ്റു അന്താരാഷ്ട്ര പങ്കാളിത്തമില്ലാത്ത ഈ പരീക്ഷണ പദ്ധതി 2 ബില്ല്യൻ ഡോളർ ചെലവഴിക്കുകയും 1993 ൽ എസ്റ്റിമേറ്റ് 11 ബില്ല്യൻ ഡോളറായി പുതുക്കുകയും ചെയ്തു. ഇത്രയധികം ചെലവ് വരുന്ന ഈ പദ്ധതിക്ക് ശാസ്ത്രജ്ഞന്മാരുടെ

സൈദ്ധാന്തിക കൗതുകം ശമിപ്പിക്കുന്നതിനപ്പുറം യാതൊരു നേട്ടവുമില്ല എന്ന് അമേരി ക്കൻ കോൺഗ്രസ്സിലും നികുതി ദായകരായ ജനങ്ങൾക്കിടയിലും രൂക്ഷമായ വിമർശനമുയരുകയുണ്ടായി. വാസ്തവത്തിൽ ഇത്തരം പരീക്ഷണങ്ങളുടെ ദൂരവ്യാപകമായ ഗുണഫലങ്ങൾ ഈ ചെലവുകളെയെല്ലാം ന്യായീകരിക്കുന്നതാണ്. എന്തായിരുന്നാലും അമേരിക്ക ഈ ഗവേഷണ പരിപാടി ഉപേക്ഷിക്കുകയുണ്ടായി. അമേരിക്കയിൽ ആക്സിലറേറ്റർ നിർമിക്കാൻ വേണ്ടി എടുത്ത കുഴി വെള്ളം കയറി കാട് പിടിച്ചു കിടക്കുകയാണ്. യൂറോപ്പിലെ കണികാ പരീക്ഷണത്തിന് ഈ ഗതി വരാതിരിക്കാൻ വേണ്ടി ജനങ്ങളുടെ താൽപര്യമുണർത്താനും അതു വഴി ഭരണകൂടങ്ങളേയും മറ്റു ധനസഹായസ്ഥാപനങ്ങളേയും സ്വാധീനിക്കാനുമാണ് ശാസ്ത്ര സമൂഹത്തിന്റെ ഈ ഗൂഢമായ നാമകരണം. അത് ഫലിക്കുകയും ചെയ്തിരിക്കുന്നു. ലോകമാധ്യമങ്ങളുടെ തലക്കെട്ടു പിടിച്ചെടുക്കാൻ ഇതിന് കഴിഞ്ഞു. ഉന്നത ഊർജാവസ്ഥയിൽ നടത്തേണ്ട വളരെ ചെലവേറിയ ഇത്തരം പാർട്ടിക്കിൾ ഗവേഷണങ്ങൾക്ക് ഹൈ എനർജി ഫിസിക്സ് എന്ന് പേരിട്ടതിനുപിന്നിലും ഈയൊരു ലക്ഷ്യമുണ്ടെന്ന് പറയാതിരിക്കാൻ സാദ്ധ്യമല്ല. സൈദ്ധാന്തിക ശാസ്ത്രത്തെ സംബന്ധിച്ച് വേണ്ടത്ര ബോധവാന്മാരല്ലാത്ത ഭരണ നേതാക്കന്മാർ ഭാവിയിൽ ഊർജം നേരിട്ട് ലഭിക്കാനുള്ള എന്തോ ഒരേർപ്പാടാണെന്ന് കരുതിയിട്ടെങ്കിലും ഈ പരീക്ഷണങ്ങളോട് അനുഭാവം പുലർത്തുകയും ധന സഹായം നൽകുകയും ചെയ്യട്ടെ എന്നാണ് ശാസ്ത്രജ്ഞന്മാരുടെ ചിന്ത.

ദൈവകണം അഥവാ ഹിഗ്സ് ബോസോൺ കണത്തിന് ദ്രവ്യമാനം നൽകാനുള്ള ഗുണം സ്വയം ഭൂവായി ലഭിച്ചതാണോ അതോ മറ്റേതെങ്കിലും ഒരു ശക്തി അതിന് നൽകിയതാണോ? ബോധ ശൂന്യമായ ഈ അടിസ്ഥാന കണത്തിന് അങ്ങേയറ്റം സാങ്കേതിക സങ്കീർണവും ധൈഷണിക സുഘടിതവുമായ പ്രപഞ്ചത്തേയും സർവോപരി ബോധത്തെയും സൃഷ്ടിക്കാൻ കഴിയുമോ? ദൈവം സർവജ്ഞാനിയും സർവ സ്രഷ്ടാവും സർവ വ്യാപിയുമാണ്. അങ്ങനെയുള്ള ഒരസ്തിത്വത്തെയാണ് നാം ദൈവം എന്ന് വിളിക്കുന്നത്. ഈ ദൃശ ഗുണങ്ങൾ ദൈവകണത്തിനുണ്ടോ? ദൈവകണം ദ്രവ്യത്തിന്റെ



സത്യേന്ദ്രനാഥ് ബോസ്



ഹിഗ്സ് പീറ്റർ

അവസാന വാക്കാണോ? ഈ കണ്ടുപിടുത്തത്തിന് ശേഷവും സമസ്യകളുടെ ചക്രവാളങ്ങൾ അനന്തമായി തുടരുകതന്നെ ചെയ്യും. പിന്നെ ദൈവകണം എന്ന പേരിന്റെ അർഥമെന്താണ്? ശാസ്ത്ര സമൂഹത്തിന്റെ ഒരു നിക്ഷിപ്ത താൽപര്യ ത്തിന്റെ പ്രകടനം എന്നതിൽ കവിഞ്ഞ് ഈ നാമകരണം നിരർത്ഥകമാണ്.

### പുരാതനകാലത്തെ അണു സിദ്ധാന്തം

പ്രപഞ്ചം നിർമിച്ചിരിക്കുന്നത് അണുക്കളെക്കൊണ്ടാണ് എന്ന സങ്കൽപ്പം വളരെ പുരാതനമാണ്. ബുദ്ധന് മുമ്പ് ഭാരതത്തിൽ ജീവിച്ചിരുന്ന കണാദന്റെ (ബി.സി.6-5നൂറ്റാണ്ട്) വൈശേഷിക ദർശനത്തിൽ പ്രപഞ്ചം സൃഷ്ടിച്ചത് അണുക്കൾ (കണം) കൊണ്ടാണെന്ന പരാമർശമുണ്ട്. കണങ്ങൾ ഭക്ഷിക്കുന്നവൻ എന്ന് പരിഹസിച്ചുകൊണ്ടാണ് കണാദൻ എന്ന പേര് വന്നത്. മണ്ണ്, വെള്ളം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ ധാതുക്കൾ കൊണ്ടാണ് പ്രപഞ്ചം നിർമിച്ച തെന്നാണ് പുരാതന ഭാരതീയ സങ്കൽപ്പം. ഗ്രീസിലെ ഡിമോക്രിറ്റസ് ആയിരുന്നു പുരാതന പാശ്ചാത്യ കണസങ്കൽപ്പത്തിന്റെ ആചാര്യൻ. തിയറി ഓഫ് ആറ്റോമിസം (Theory of Atomism) എന്ന പേരിൽ ഒരു സിദ്ധാന്തവും അദ്ദേഹം ആവിഷ്ക്കരിച്ചിരുന്നു. വിഭജിക്കാൻ കഴിയാത്ത ചെറുകണങ്ങളാൽ (അത്തോമ) നിർമിതമാണ് ഈ പ്രപഞ്ചം എന്നായിരുന്നു ഗ്രീക്കുകാരുടെ സങ്കൽപ്പം. 'അവിഭാജ്യം' എന്ന് ഗ്രീക്കിൽ അർഥം വരുന്ന 'അത്തോമ' എന്ന പദത്തിൽ നിന്നാണ് ആറ്റം എന്ന പദം ഇംഗ്ലീഷിൽ വന്നത്. 'അത്തോമ' എന്ന പദത്തിന്റെ മൂലരൂപം 'ഹുതമ' എന്ന അറബി പദമാണ്. ഈ പദത്തിന്ന് രണ്ട് തദ്ഭവങ്ങളുണ്ട്. ഒന്ന് 'ഹതമ' അതിന്നർഥം പൊടിച്ചു സൂക്ഷ്മമാക്കുക, ഏറ്റവും ചെറുതാക്കുക എന്നിങ്ങനെയാണ്. രണ്ടാമത്തേത് 'ഹിതമ' എന്നാണ്. ഖണ്ഡിച്ചു സൂക്ഷ്മമാക്കി കിട്ടുന്ന ഏറ്റവും സൂക്ഷ്മമായ കണം എന്നാണതിനർത്ഥം. Atom എന്ന ഇംഗ്ലീഷ് പദത്തിന് തുല്യമായി അറബി വ്യവഹാര നിഘണ്ടുവിൽ കാണുന്ന പദം '*ദർറ:*' എന്നാണ്. വിശുദ്ധ ഖുർആനിൽ ഈ പദം ഈ അർഥത്തിൽ തന്നെ പ്രയുക്തമായിട്ടുണ്ട്. ഏറ്റവും സൂക്ഷ്മമായതും അവിഭാജ്യമായതുമായ ആറ്റത്തെക്കുറിച്ചാണ് അറബി ഭാഷയിലും ഈ പദം കൊണ്ട് അർഥമാക്കിയിരുന്നത്. എന്നാൽ അദ്ഭുതകരമായ കാര്യം, ഗ്രീക്ക് വീക്ഷണങ്ങൾക്ക് വിരുദ്ധമായി ആറ്റത്തെ (ദർറ) വീണ്ടും വിഭജിക്കാമെന്നും ചെറുതാക്കാമെന്നും ഖുർആൻ വ്യക്തമായി പറയുന്നു എന്നതാണ്. ഗ്രീക്കിൽ ഈ പദത്തിന്റെ(ആറ്റ)ഭാഷാർഥം വിഭജിക്കാൻ കഴിയാത്തത് എന്നാണെന്നും നാം ഓർക്കണം. ഖുർആനിലെ സൂറ: 'സബഅ്' ലെ ആ വചനം ഇപ്രകാരമാണ്

***'ആകാശ ഭൂമികളിലെ ഒരു അണുഭാരം അളവ് (മിസ്ക്കാല ദർറ:=Atom's weight ) പോലുംഅവനിൽ നിന്നും ഗോപ്യമല്ല. അതിനേക്കാൾ വലുതോ ചെറുതോ ആയ ഒന്നും തന്നെ (അവനിൽ നിന്നും ഗോപ്യമാവു കയില്ല.) അവയെല്ലാം സ്പഷ്ടമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി യിരിക്കുന്നു.'*** (34: 4)

1830 ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായിരുന്ന ജോൺ ഡാൾട്ടൺ ആയിരുന്നു പദാർഥം ആറ്റങ്ങൾ

കൊണ്ട് നിർമിതമാണെന്ന് കണ്ടെത്തിയത്. ആറ്റം അവിഭാജ്യമാണെന്നായിരുന്നു അന്നത്തെ സങ്കൽപ്പം. പിന്നീട് 1906 ൽ ജെ. ജെ തോംസൻ ആറ്റങ്ങൾ വിഭജിക്കാൻ കഴിയുമെന്നും ആറ്റങ്ങൾക്കകത്ത് നെഗറ്റീവ് ചാർജുള്ള ഇലക്ട്രോണുകളുണ്ടെന്നും കണ്ടെത്തി. ആറ്റത്തിന്റെ ന്യൂക്ലിയസ്സിനു പുറത്തുള്ള ഈ ഇലക്ട്രോണുകളാണ് പദാർഥങ്ങളുടെ എല്ലാവിധ രാസ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നത്. പിന്നീട് 1911 ൽ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞനായ റുതർ ഫോർഡ് ആറ്റത്തിന് ഒരു അഭ്യന്തര ഘടനയുണ്ടെന്ന് കണ്ടെത്തി. പോസിറ്റീവ് ചാർജുള്ള പ്രോട്ടോണും ചാർജില്ലാത്ത ന്യൂട്രോണുമടങ്ങിയ ആറ്റത്തിന്റെ ഹൃദയ കേന്ദ്രമായ ന്യൂക്ലിയസ്സായിരുന്നു അദ്ദേഹം കണ്ടെത്തിയത്. ഈ അണുകേന്ദ്രത്തിന്റെ വ്യാസാർദം $10^{-14}$ മീറ്റർ ആണ്. ആറ്റത്തിന്റെ ആകെ വലുപ്പത്തിന്റെ ലക്ഷത്തിലൊരംശമായിരുന്നു ന്യൂക്ലിയസ്സിന്റെ വലിപ്പം. ആറ്റം ഒരു ഫുട് ബോൾ മൈതാനമാണെങ്കിൽ ഒരു മുന്തിരിപ്പഴത്തിന്റെ അത്ര വലിപ്പമേ ന്യൂക്ലിയസ്സിനുണ്ടാകുകയുള്ളൂ. പക്ഷേ അതിന്റെ ഭാരമാകട്ടെ ആറ്റത്തി ന്റെ മൊത്തം ഭാരത്തിന്റെ 99.95 ശതമാനമാണ്. അങ്ങനെ ആറ്റത്തിന്റെ ഉള്ളറകളിലേക്ക് മനുഷ്യൻ പാളി നോക്കാൻ തുടങ്ങി. നമ്മുടെ തലക്ക് മുകളിൽ ബൃഹദാകാരം പൂണ്ട് നിൽക്കുന്ന ആകാശത്തെ പോലെ അനന്ത വിസ്മയങ്ങളുടെ കലവറയാണ് പദാർഥത്തിന്റെ ഏറ്റവും ചെറിയ കണത്തിന്റെ ഉള്ളറ പോലും എന്ന യാഥാർഥ്യം മനുഷ്യൻ അറിയുകയായിരുന്നു.

### സ്റ്റാന്റേർഡ് മോഡൽ (Satandard Model)

കഴിഞ്ഞ ആറു ദശകങ്ങൾക്കകം കണികാ ഭൗതികത്തിനുണ്ടായ പുരോഗതി അഭൂതപൂർവമാണ്. പദാർഥ സങ്കൽപ്പം ആറ്റത്തിൽ നിന്ന് ഇലക്ട്രോൺ-പ്രോട്ടോണിൽനിന്നും അവിടെനിന്നും മറ്റു സൂക്ഷ്മ കണങ്ങളായ ക്വാർക്കുകളിലേക്ക്, ലെപ്ടോണുകളിലേക്കും, ഹിഗ്സ് ബോസോണുകളിലേക്കും കൂടുതൽ കൂടുതൽ സൂക്ഷ്മ തലങ്ങളിലേക്ക് പോകുകയായിരുന്നു. ഇത്തരം സൂക്ഷ്മ ലോകത്തിലെ അടിസ്ഥാന കണികകളുടെയും അടിസ്ഥാന ബലങ്ങളുടെയും ചലനങ്ങളെയും പ്രതിപ്രവർത്തനങ്ങളെയും സംബന്ധിച്ച് 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ ആവിഷ്ക്കരിച്ച സിദ്ധാന്തമാണ് സ്റ്റാന്റേർഡ് മോഡൽ എന്നറിയപ്പെടുന്നത്.

അടിസ്ഥാന കണങ്ങളും അവ പരസ്പരം വിനിമയം ചെയ്യുന്ന അടിസ്ഥാന ബലങ്ങളെയും സംബന്ധിക്കുന്ന അത്തരം സാങ്കൽപ്പിക മോഡലുകൾ യാഥാർഥ്യങ്ങളാണോ എന്ന് പരീക്ഷിച്ചറിയാനുള്ള അതിബൃഹത്തായ പരീക്ഷണോപാധിയാണ് കണികാ ത്വരണി അഥവാ പാർട്ടിക്കിൾ ഏക്സിലറേറ്റർ(Particle Accelarator). ഭൗതിക ശാസ്ത്രത്തിലെ ഗലീലിയോ ദൂരദർശിനി ഉപയോഗിച്ച് ആകാശ നിരീക്ഷണം നടത്തിയപ്പോൾ വാന ലോകം 500 ഇരട്ടിയായി കാണുകയുണ്ടായി. അപ്രകാരം പാർട്ടിക്കിൾ ഏക്സിലറേറ്റർ ഉപയോഗിച്ച് ശാസ്ത്രജ്ഞന്മാർ നടത്തിയ പരീക്ഷണങ്ങളിൽ ആറ്റത്തിനുള്ളിലെ അദ്ഭുത ലോകം അനാവരണം ചെയ്യപ്പെടുകയുണ്ടായി. ഗലീലിയോവിന്റെ ടെലസ്കോപ്പ് രണ്ട് ലെൻസും ഒരു കുഴലുമടങ്ങിയ ലളിതമായ ഒരുപകരണമായിരുന്നുവെങ്കിൽ കണികാ പരീക്ഷണത്തിനുപയോഗിക്കുന്ന പാർട്ടിക്കിൾ ഏക്സിലറേറ്ററും പാർട്ടിക്കിൾ കൊളൈഡറും ശത കോടിക്കണക്കിന് ചെലവ് വരുന്ന ബൃഹദ് ഉപകരണങ്ങളാണ്.

ആറ്റത്തിന്റെ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നിവയാണ് മൗലിക കണങ്ങളെന്നും അത് അവിഭാജ്യമാണെന്നുമാണ് നാല് ദശകങ്ങൾക്ക് മുമ്പ് വരെ ശാസ്ത്രം ധരിച്ചിരുന്നത്. 1964 ൽ മുറെ ജൽമാൻ(Murray Gelmann)എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണ് ആറ്റത്തിന്റെ കേന്ദ്രമായ ന്യൂക്ലിയസ്സിനകത്തെ പ്രോട്ടോണും ന്യൂട്രോണും നിർമിതമായിരിക്കുന്നത് ക്വാർക്ക് എന്ന പ്രാഥമിക കണങ്ങളാലാണെന്ന് കണ്ടെത്തിയത്. ഈ കണ്ടുപിടുത്തത്തിനാണ് അദ്ദേഹത്തിന്ന് 1969 ൽ നോബൽ സമ്മാനം ലഭിച്ചത്. ക്വാർക്കുകൾ പ്രകൃതിയിൽ ഒരിക്കലും സ്വതന്ത്രമായി കാണാൻ സാദ്ധ്യമല്ല. മൂന്നെണ്ണം കൂടിയ സംവൃത രൂപത്തിലാണ് (Composite) കാണുക. ഉദാഹരണമായി മൂന്ന് ക്വാർക്കുകൾ കൂടിയതാണ് ഒരു പ്രോട്ടോൺ,ന്യൂ ട്രോൺ, ഇലക്ട്രോൺ എന്നിവ.


### അടിസ്ഥാന കണങ്ങളും അടിസ്ഥാന ബലങ്ങളും

പദാർഥങ്ങളുടെ അടിസ്ഥാന നിർമാണ വസ്തുക്കളായ ക്വാർക്കുകൾ കറങ്ങിക്കൊണ്ടിരിക്കുന്ന കണങ്ങളാണ്. ക്വാർക്കുകളെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. ഒന്ന് ഫെർമിയോൺ (Fermion) മറ്റേത് ബോസോൺ (Boson). ഇതിൽ ഫെർമിയോണുകൾക്ക് 1/2 കറക്കമാണുള്ളത് പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും നിർമിക്ക പ്പെട്ടിരിക്കുന്നത് ഫെർമിയോൺ കൊണ്ടാണ്. അത്

## മലക്കുകളും കണികകളും

ഹദ്റത്ത് അഹ്മദ്(അ)

ഈ പ്രകൃതി വ്യവസ്ഥ സ്വയം ചലിക്കുന്നില്ല എന്ന് ദൈവം വിശുദ്ധ ഖുർആനിലൂടെ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ വചനം കേൾക്കുന്ന ഈ വസ്തുക്കളിലെ എല്ലാ കണികകളും അവന്റെ മലക്കുകളാകുന്നു. അവയെ ചില ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ അവൻ ഏർപ്പെടുത്തിയതാണ്. അവ അവന്റെ ഇച്ഛക്കനുസ്തൃതമായി നിർവഹിക്കുകയും ചെയ്യുന്നു. സ്വർണത്തിന്റെ കണികകൾ സ്വർണം ഉൽപ്പാദിപ്പിക്കുകയും വെള്ളിയുടെ കണികകൾ വെള്ളി ഉൽപ്പാദിപ്പിക്കുകയും പവിഴത്തിന്റെ കണികകൾ പവിഴം ഉൽപ്പാദിപ്പിക്കുകയും മനുഷ്യ ശരീരത്തിലെ കണികകൾ മനുഷ്യ ശിശുവിനെ ഗർഭപാത്രത്തിൽ രൂപപ്പെടുത്തുകയും ചെയ്യുന്നു. ഈ കണികളൊന്നും തന്നെ സ്വയം പ്രവർത്തിക്കുന്നില്ല. അവ ദൈവത്തിന്റെ വചനം കേൾക്കുന്നു തദനുസൃതമായി കാര്യം നിർവഹിക്കുകയും ചെയ്യുന്നു. അത് കൊണ്ടാണ് അവയെ മലക്കുകൾ എന്ന വിളിക്കുന്നത്. മലക്കുകൾ പലവിധമുണ്ട്. ഈ മലക്കുകൾ ഭൂമിയിലെ മലക്കുകളാണ്. ഫലങ്ങളെ പാകമാക്കുകയും മറ്റു കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്ന സൂര്യന്റെ താപം ദൈവത്തിന്റെ ഒരു മലക്കാണ്. അവയെ പോലെ ആകാശത്തിലെ മലക്കുകൾ അവരുടെ പ്രഭാവം പ്രകടമാക്കുന്നു. മേഘങ്ങളെ ഒരുമിച്ചുകൂട്ടുകയും പല രീതിയിലും വയലുകളെ സ്വാധീനിക്കുകയും ചെയ്യുന്ന കാറ്റും ദൈവത്തിന്റെ മലക്കുകളാണ്. അതിന് മീതെ അവയുടെ തങ്ങളുടെ സ്വാധീനം പ്രകടമാക്കുന്ന മലക്കുകളും ഉണ്ട്. ആ മലക്കുകൾ അനിവാര്യമായ അസ്തിത്വമാണെന്ന് ഭൗതിക ശാസ്ത്രം സാക്ഷ്യം വഹിക്കുന്നു. നാം നമ്മുടെ കണ്ണ് കൊണ്ട് അത് ദർശിക്കുകയും ചെയ്യുന്നു. (നസീമെ ദഅ്വത്ത് പേ 94-95))



ലാർജ് ഹാഡ്രോൺ കൊളൈഡറിൽ

കൊണ്ട് ഫെർമിയോണെ ദ്രവ്യകണം (Particle of Matter) എന്ന് പറയാം. ബോസോണുകൾ 1,2 എന്നിങ്ങനെ പൂർണ വൃത്തം കറങ്ങുന്ന കണങ്ങളാണ്. ഈ കണങ്ങളാണ് കണങ്ങൾക്കിടയിൽ ബലം ഉണ്ടാക്കുന്നത്. അത്കൊണ്ട് ഈകണത്തെ ബലവാഹി കണം (Particle of Force) എന്ന് പറയുന്നു. ഭാരതീയ ശാസ്ത്രജ്ഞനായ സത്യേന്ദ്രനാഥ് ബോസിന്റെ പേരിലറിയപ്പെടുന്ന ബോസോൺ കണങ്ങൾ ദ്രവ്യകണങ്ങളുമായി ബന്ധപ്പെട്ട് പ്രകൃതിലെ നാല് അടിസ്ഥാന ബലങ്ങൾ സൃഷ്ടിക്കുന്നു. ഒന്നിലധികം ഫെർമിയോണുകൾക്ക് ഒരേ സ്ഥലത്ത് ഒരേ സമയം പ്രവർത്തിക്കാൻ സാദ്ധ്യമല്ല. മറിച്ച് ഒന്നിലധികം ബോസോൺ കണങ്ങൾക്ക് ഒരേ സ്ഥലത്ത് നിന്ന് പ്രവർത്തിക്കാൻ കഴിയും. ഇങ്ങനെ പ്രവർത്തിക്കുന്ന ബലവാഹികളായ ബോസോൺ കണങ്ങൾ മൂലമാണ് പദാർഥങ്ങളിലെ ഓരോ അണു വിലും ഒരേ സമയം ഗുരുത്വാകർഷണവും അണു കേന്ദ്ര ബലവും വൈദ്യുത കാന്തിക ബലവും നിലകൊള്ളുന്നത്.

ആറ്റത്തിനകത്തെ ഈ അടിസ്ഥാന കണങ്ങൾ അടിസ്ഥാന ബലങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. അടിസ്ഥാന ബലങ്ങൾ ഗുരുത്വ ബലം (Gravitational Force) ദൃഢ ന്യൂക്ലിയർ ബലം (Strong Nuclear Force) വിദ്യുത് കാന്തിക ബലം(Electro Magnetic Force ) ദുർബല ന്യൂക്ലിയർ ബലം(Weak Nuclear Force) എന്നിവയാണ്.

ഗുരുത്വ ബലമാണ് ആദ്യമായി കണ്ടു പിടിക്കപ്പെട്ട ബലം. പ്രപഞ്ചത്തിലെല്ലായിടത്തും ഇത് കാണപ്പെടുന്നുവെങ്കിലും ആറ്റം പോലെയുള്ള സൂക്ഷ്മ വസ്തുക്കളിൽ ഇതിന്റെ പ്രവർത്തനം വളരെ കുറഞ്ഞതോതിലാണ്. അത് കൊണ്ടാണ് അടിസ്ഥാനകണങ്ങളുടെ പരീക്ഷണങ്ങളിൽ ഗുരുത്വബലത്തെ ഒഴിച്ചു നിർത്തുന്നത്. മനുഷ്യന്റെ പാദങ്ങൾ ഭൂമിയിൽ ഉറപ്പിച്ചു നിർത്തുന്നതും ആപ്പിൾ താഴോട്ട് വീഴുന്നതും സൂര്യന് ചുറ്റും ഭൂമികറങ്ങുന്നതും ഗുരുത്വബലത്തെ ആശ്രയിച്ചാണ്. ഗുരുത്വബലത്തിന്ന് നിദാനമായത് ഗ്രാവിറ്റോൺ(Graviton)എന്ന ബോസോൺ കണം ആണ്. ബലം വഹിക്കുന്ന ഈ ബോസോൺ കണം കണങ്ങൾക്കിടയിൽ പരസ്പരം വിനിമയം ചെയ്യപ്പെടുമ്പോഴാണ് ഗുരുത്വ ബലം പ്രകടമാവുന്നത്. രണ്ട് കുട്ടികൾ ഒരു റിങ്ങ് പരസ്പരം എറിഞ്ഞു കളിക്കുമ്പോൾ ആ റിങ്ങ് മുഖേന രണ്ടു കുട്ടികൾ ബന്ധിതരാകുന്നത് പോലെയുള്ള ഒരു സങ്കൽപ്പമാണിത്. മറ്റൊരു ബലം ശക്തന്യൂക്ലിയർ ബലമാണ്. ആറ്റത്തിനകത്തെ ന്യൂക്ലിയസ്സിനകത്താണ് പ്രോട്ടോണും ന്യൂട്രോണുമുള്ളത്. ഇതിൽ പ്രോട്ടോണിന് പോസിറ്റീവ് ചാർജാണ്. ന്യൂട്രോണിന് ചാർജില്ല. ന്യൂക്ലിയസ്സിനകത്തെ ഒരേ ചാർജുള്ള രണ്ട് കണങ്ങൾ പരസ്പരം വികർഷിക്കേണ്ടതാണ്. പക്ഷേ അവ പരസ്പരം അതി ശക്തമായി ഒന്നിച്ചു നിൽക്കുന്നു. ഇങ്ങിനെ ആറ്റത്തിന്റെ ന്യൂക്ലിയസ്സിൽ പ്രോട്ടോണുകളും ന്യൂട്രോണുകളും ഒന്നിച്ചു നിർത്തുന്ന ശക്തിയാണ് ദൃഢ ന്യൂക്ലിയർ ബലം. ഗ്ലൂവോൺ (Gluon) എന്ന കണം പരസ്പരം ക്വാർക്കുകൾക്കിടയിൽ വിനിമയം ചെയ്യുമ്പോഴാണ് അവ ദൃഢമായി ഒന്നിച്ചു നിൽക്കുന്നത്. അടിസ്ഥാന ബലങ്ങളിൽ ഏറ്റവും ശക്തമായ ബലം ദൃഢ ന്യൂക്ലിയർ ബലമാണ്. മൂന്നാമത്തെ ബലം വിദ്യുത് കാന്തിക ബലമാണ്. ഈ ബലമാണ് പദാർഥങ്ങളുടെ എല്ലാ വിധ രാസ പ്രവർത്തനങ്ങൾക്കും നിദാനം. അതുകൊണ്ട് വളരെ പരിചിതമായ ബലമാണിത്. ഈ ബലത്തിന്ന് നിദാനമായി വർത്തിക്കുന്നത് ഫോട്ടോൺ (Photon) കണമാണ്. ഫോട്ടോൺ കണത്തിന് ഇലക്ട്രിക്ക് ചാർജോ, ദ്രവ്യമാനമോ സ്വന്തമായി ഇല്ല. നാലാമത്തെ ബലം ദുർബല ബലമാണ്. അവയെ അങ്ങനെ വിളിക്കാൻ കാരണം ദൃഢബലത്തെക്കാളും വിദ്യുത്കാന്തിക ബലത്തെക്കാളും ദുർബലമായത് കൊണ്ടാണ്. ഈ ബലത്തിന്റെ വാഹക കണമായി വർത്തിക്കുന്നത് വെക്ടർ ബോസോ ൺ (Vector Boson) എന്ന കണമാണ്. അണു കേന്ദ്രത്തിൽ നിന്നും ഇലക്ട്രോൺ പ്രസരിക്കുന്ന റേഡിയോ ആക്റ്റീവതക്ക് കാരണം ദുർബല ബലമാണ്.

### സ്റ്റാന്റേർഡ് മോഡൽ: ഡോ. അബ്ദുസ്സലാം സാഹിബിന്റെ സംഭാവന

1970 കളുടെ അവസാനം മുതൽക്കാണ് അടിസ്ഥാന കണങ്ങളുടെ ഗവേഷണങ്ങൾ പ്രപഞ്ചോൽപ്പത്തി വിജ്ഞാനീയ(Cosmology)വുമായി കൈകോർക്കാൻ തുടങ്ങിയത്. പരമാണുവിൽനിന്നും ബ്രഹ്മാണ്ഡത്തിലേക്ക് ശാസ്ത്രത്തിന്റെ ഈ പ്രയാണം



ഡോ. അബ്ദുസ്സലാം

സ്വാഭാവികമായിരുന്നു. അതിനു കാരണം പതിമൂന്നര ലക്ഷം കോടി വർഷങ്ങൾക്ക് മുമ്പ് ഈ പ്രപഞ്ചം ഒരു കണികയിൽനിന്നും ഒരു മഹാവിസ്ഫോടനത്തോടെ ആരംഭിച്ചു വെന്നാണ് ബിഗ്ബാംങ്ങ് തിയറി പറയുന്നത്. അതു കൊണ്ട് ഒരു കണികയിൽ കാണുന്ന പ്രതിഭാസങ്ങൾ ബിഗ്ബാംങ്ങിനുതൊട്ട് മുമ്പുണ്ടായിരുന്ന കണികാ രൂപത്തിലുള്ള പ്രപഞ്ചത്തിലും കാണണമല്ലോ. വിസ്ഫോടനത്തിന് മുമ്പ് ഇന്ന് വ്യത്യസ്തമായി കാണുന്ന പ്രകൃതിയിലെ നാല് അടിസ്ഥാന

ബലങ്ങളും അത്യുന്നത ഊർജാവ സ്ഥയിൽ ഒന്നായിരുന്നുവെന്നാണ് ഏകീകരണ സിദ്ധാന്തം പറയുന്നത്. ആ പ്രക്രിയയെക്കുറിച്ച് ഭൗതിക ശാസ്ത്രം കുറേക്കൂടി സൂക്ഷ്മമായി പറയുന്നതി ങ്ങനെയാണ്.

ഒരുകണികയുടെ വലുപ്പത്തിൽ നിലനിന്നിരുന്ന പ്രപഞ്ചം മഹാ വിസ് ഫോടനം കഴിഞ്ഞ് വികസിക്കാൻ തുട ങ്ങുകയായിരുന്നു, വിസ്ഫോടനം കഴിഞ്ഞ് $10^{-42}$ സെക്കന്റ് (ഒരു സെക്കൻ ഡിനെ 10 കഴിഞ്ഞ് 42 പൂജ്യങ്ങളുള്ള അക്കം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സമയം) കഴിഞ്ഞപ്പോൾ പ്രപഞ്ചത്തിന്റെ ചൂട് $10^{-32k}$ (ഊഹാതീതമായ താപം) ആയിരുന്നു. ആ അവസരത്തിലാണ് ഗുരുത്വബലം രൂപപ്പെട്ടത്. പിന്നെ $10^{-35}$ സെക്കന്റിൽ ചൂട് $10^{28k}$ ആയപ്പോൾ ദൃഢന്യൂക്ലിയർ ബലം രൂപപ്പെട്ടു. $10^{-10}$ സെക്കന്റ് കഴിഞ്ഞു താപം $10^{13k}$ ആയപ്പോൾ ദുർബല ന്യൂക്ലിയർ ബലം രൂപപ്പെട്ടു. $10^{-4}$ സെക്കന്റിൽ താപം $10^{12k}$ ആയപ്പോൾ വൈദ്യുത ആണവ ബലവും രൂപപ്പെട്ടു. ചുരുക്കത്തിൽ ഉന്നത ഊഷ്മാവിൽ പ്രപഞ്ചത്തിന്റെ ആരംഭത്തിൽ അഥവാ മഹാവി സ്ഫോ ടനത്തിന് തൊട്ടുമുമ്പ് നാല് ബലങ്ങളും ഒന്നായിരുന്നു. പിന്നീടാണ് അവ നാലായി പിരിഞ്ഞത്. എന്നാൽ അടി സ്ഥാന ബലങ്ങളെ അന്നുണ്ടായിരുന്ന ഊർജാവസ്ഥയിൽ ഏകീകരിക്കുക എന്നത് ഭൗതിക ശാസ്ത്രത്തിന്റെ ഒരു സൈദ്ധാന്തിക പ്രശ്നവും സ്വപ്നവു മായി അവശേഷിച്ചു.

ഏകീകരണ സിദ്ധാന്തം ആരംഭി ക്കുന്നത് ജയിംസ് ക്ലാർക്ക് മാക്സ് വെല്ലിൽ നിന്നാണ്. വൈദ്യുതിയേയും കാന്തിക പ്രതിഭാസത്തേയും പറ്റിപഠിച്ച അദ്ദേഹം ഇവ രണ്ടും ഒരു സമവാക്യ ത്തിലൂടെ ഏകോപിപ്പിക്കാമെന്ന് കണ്ടെത്തി. ചലിക്കുന്ന ഒരു വൈദ്യുത ചാർജ് കാന്തിക ക്ഷേത്രം ഉദ്പാദിപ്പി ക്കുന്നുവെന്ന് അവയുടെ പെരുമാറ്റ ങ്ങൾ ഒരു സമവാക്യത്തിലൂടെ വിശദീക രിക്കാമെന്നും അദ്ദേഹം കണ്ടെത്തി. ഫോട്ടോൺ എന്ന കണമാണ് വൈദ്യുത കാന്തിക ബലം വഹിച്ചിരുന്നത്. ഈ ഫോട്ടോൺ ആണ് വൈദ്യുത കാന്തിക പ്രതിഭാസത്തിന്റെ കാരണക്കാരൻ. രണ്ടാമത്തെ ഏകീകരണ സിദ്ധാന്തം മുന്നോട്ട് വെച്ചത് വിശ്വപ്രശസ്ത പാകിസ്താനി ശാസ്ത്രജ്ഞനും അഹ്മദിയുമായ അബ്ദുസ്സലാം സാഹി ബാണ്. അദ്ദേഹം സ്വതന്ത്രമായും സ്റ്റീവൻ വെയിൻ ബർഗ്ഗും ഗ്ലാഷോയും സംയുക്തമായുമായിരുന്നു. ഇലക്ട്രോ മാഗ്നറ്റിക്ക് ഫോഴ്സ് വഹിക്കുന്നത് ഫെട്ടോണുകളാണെന്നും പറഞ്ഞുവല്ലോ. അത് പോലെ വീക്ക് ന്യൂക്ലിയർ ഫോഴ്സ് (ദുർബല ന്യൂക്ലിയർ ബലം) വഹിക്കുന്ന കണങ്ങളുമുണ്ടാകു മെന്ന് സൈദ്ധാന്തികമായി അവർ തെളിയിച്ചു. ഈ കണങ്ങൾ $W^{+}$ $W^{-}$ z ബോസോൺ കണങ്ങളാണെന്നും അവർ സിദ്ധാന്തിച്ചു. താഴ്ന്ന ഊർജാ വസ്ഥയിൽ ഇലക്ട്രോ മാഗ്നറ്റിക് ഫോഴ്സ് വീക്ക് ന്യൂക്ലിയർ ഫോഴ്സി നേക്കാൾ ശക്തമായി കാണപ്പെടുന്നു. ഇതിന് കാരണം ബലവാഹികണ ങ്ങളുടെ വ്യത്യസ്തത കൊണ്ടാണെന്നും ഈ സിദ്ധാന്തം വിശദീകരിച്ചു. വീക്ക് ന്യൂക്ലിയർ ബലത്തിന് കാരണമായ ദ്രവ്യമാനമുള്ള $W^{-}$ z ബോസോൺ കണവും ഇലക്ട്രോ മാഗ്നറ്റിക്ക് ഫോഴ്സിന് കാരണമായ ദ്രവ്യമാന മില്ലാത്ത ഫോട്ടോണിന്റെയും വ്യത്യാ സം ഉന്നതഊർജ നിലകളിൽ ഇല്ലാതാ വുമെന്നും അവർ സിദ്ധാന്തിച്ചു. അതാ യത് ഉന്നത ഊർജ നിലകളിൽ ഈ രണ്ട് ബലങ്ങളെയും ഏകീകരിക്കാ വുന്ന കണങ്ങളുടെ സ്വഭാവം ഒന്നാണെ ന്ന് സ്ഥാപിച്ചു കൊണ്ടുള്ള ഇലക്ട്രോ വീക്ക് ഫോഴ്സ് തിയറി അവർ സമർ പ്പിച്ചു. 1967 ൽ സമർപ്പിച്ച അവരുടെ ഈ ശാസ്ത്രീയമോഡൽ പിന്നീട് പരീക്ഷ ണത്തിലൂടെ സ്ഥിരീകരിക്കുകയും 1979 ലെ ഫിസിക്സ് നോബേൽസമ്മാനം മൂന്നു പേരും പങ്കുവെക്കുകയു മുണ്ടായി.

ഇപ്രകാരം ഇലക്ട്രോ വീക്ക് ഫോഴ് സിനെ സ്ട്രോങ്ങ് ന്യൂക്ലിയർ ഫോഴ്സു മായി ഏകീകരിക്കാമെന്ന് ശാസ്ത്രജ്ഞ ന്മാർ കരുതുന്നു. ഇങ്ങനെ മൂന്നു ബലങ്ങളേയും ഏകോപിപ്പിക്കുന്ന സിദ്ധാന്തത്തെയാണ് ബൃഹദ് ഏകീക രണ സിദ്ധാന്തം (Grand Unification Theory) എന്ന് പറയുന്നത് ഇപ്പോഴും സാക്ഷാത്ക്കരിക്കാത്ത GUT യിൽ ഗുരുത്വ ബലത്തെ ഉൾപ്പെടുത്താൻ ശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞിട്ടില്ല. കാരണം ഗുരുത്വ ബലത്തെ പാർട്ടിക്കിൾ സയൻസിന് വിശദീകരിക്കാനോ പരീക്ഷണം മുഖേന സ്ഥിരീകരി ക്കാനോഉള്ള സാമഗ്രികൾ ശാസ്ത്ര ത്തിന്റെ കൈയ്യിൽ ഇപ്പോഴില്ല.അപ്പോൾ കണങ്ങൾക്ക് പിണ്ഡം ബൃഹദ് ഏകീകരണ സിദ്ധാന്തത്തിന്റെ മറ്റൊരു രീതിയിലുള്ള വിശദീകരണമാണ് 1971 ൽ മുന്നോട്ടു വെച്ച സൂപ്പർ സിമെട്രി സിദ്ധാന്തം (Super Symetry) പറയുന്നത്. പ്രപഞ്ചത്തിലെ എല്ലാ കണങ്ങളും ജോഡികളാണ്. ഒരോ കണങ്ങൾക്കും ഒരു പ്രതികണമു ണ്ടായി രിക്കും. എല്ലാറ്റിനേയും ജോഡികളായി ട്ടാണ് സൃഷ്ടിച്ചത് എന്ന ഖുർആനിക വചനം ഇവിടെ പ്രസക്തമാണ്. അപ്രകാരം സൂപ്പർ സിമെട്രിയിൽ ഒരു കണത്തിന് മറ്റൊരു സൂപ്പർ സിമെട്രിക ണമുണ്ടായിരിക്കും പ്രപഞ്ചം ഒരു കണ മായിരുന്ന അവസ്ഥയിൽ സമമിതമായ (Symetry) അവസ്ഥയായി രുന്നു ആദിയിലുണ്ടായിരുന്നത്. ഈ സമമിതി വിശദീകരിക്കാൻ കഴിയാത്ത ഏതോ കാരണത്താൽ തകർന്നു ഈ തകർച്ചയാണ് മഹാവിസ്ഫോടനത്തിൽ കലാശിച്ചത്. ഈ പ്രപഞ്ചം ഇന്നത്തെ നിലയിൽ നിലനിന്നു പോരുന്നതിന് കാരണം സൂപ്പർ സിമട്രി തകർച്ചയാ ണെന്ന് സിമെട്രി സിദ്ധാന്തം പറയുന്നു.

**ദൈവകണം അഥവാ ഹിഗ്സ് ബോസോൺ കണം**

പ്രപഞ്ച നിർമാണത്തിന്റെ അടി സ്ഥാന കണങ്ങളെപ്പറ്റിയും അവയെ ഏകീകരിക്കുന്ന ബലങ്ങൾക്കും കാര ണമായ ബോസോൺ കണങ്ങളെ പ്പറ്റിയും സ്റ്റാന്റേർഡ് മോഡൽ വിശദീകരിച്ചെങ്കിലും കണങ്ങൾക്ക് എങ്ങനെ പിണ്ഡം (മാസ്) കൈവന്നു എന്ന് പ്രസ്തുത മോഡലിന് വിശദീകരി ക്കാനായില്ല. ഇത് തെളിയിക്കാത്ത പക്ഷം സ്റ്റാന്റേർഡ് മോഡലിലെ പ്രപഞ്ച യാഥാർഥ്യം ശാസ്ത്രീയമായി അംഗീകരിക്കാൻ കഴിയാതെ പോവും. ഈ പോരായ്മ പരിഹരിക്കാനാണ് 1960കളിൽ ബ്രിട്ടീഷ് സൈദ്ധാന്തിക ശാസ്ത്രജ്ഞനായ പീറ്റർ ഹിഗ്സും സംഘവും കണത്തിന്ന് പിണ്ഡം നൽകുന്ന ഒരു കണമുണ്ടായിരിക്കമെന്ന സങ്കൽപ്പം മുന്നോട്ട് വെച്ചത്. പ്രകാശ ത്തിന്റെ അടിസ്ഥാന കണമായ ഫോട്ടോ ണിന്ന് പിൺഡമില്ല. എന്നാൽ ഇലക്ട്രോ ണിന്നും പ്രോട്ടോണിന്നും ന്യൂട്രോണി ന്നും മറ്റുകണങ്ങൾക്കും പിണ്ഡമുണ്ട്. പിണ്ഡമുണ്ടാക്കുന്ന അദൃശ്യകണ ങ്ങൾ കൊണ്ടാണ് പ്രപഞ്ച വസ്തുക്ക ൾക്ക് രൂപവും ഭാവവും ഭാരവും ഉണ്ടായിരിക്കുന്നത്. അപ്പോൾ കണ ങ്ങൾക്ക് പിണ്ഡം നൽകുന്ന കണം എന്താണ് എന്നുള്ളത് ഒരു മൗലിക ശാസ്ത്രാന്വേഷണമായി മാറി. ഹിഗ്സ് ബോസോൺ എന്ന് പേരിട്ട് ശാസ്ത്രം ആ കണം അന്വേഷിക്കാനൊരുങ്ങി. ഈ കണത്തെ കണ്ടെത്താനുള്ള ശ്രമമാണ് ലാർജ് ഹാഡ്രോൺ

ശേഷം പേജ് 39ൽ



# അബൂഹുറയ്റ (റ)

മാലിക്ക് അമീൻ, കാക്കനാട്

ഇസ്ലാമിക ചരിത്രത്തിന്റെ തിരുമുറ്റത്ത് ഇസ്ലാമിക ജ്ഞാനത്തിന്റെ താര തിളക്കവുമായി പൊട്ടി വീണ കാർത്തിക നക്ഷത്രമാണ് അബൂഹുറയ്റ (റ). നബിതിരുമേനി (സ)യുടെ പരിശുദ്ധ അധരങ്ങളിൽ നിന്ന് അനർഗളം ഒഴുകിവന്ന വിശുദ്ധ തിരുവചനങ്ങളെ സ്വയം നെഞ്ചിലേറ്റി ഓർമയുടെ അറകളിൽ ഉല്ലേഖനം ചെയ്തുകൊണ്ട്, ശ്രവിക്കാത്ത കാതുകളിലേക്കും അറിയാത്ത ഹൃദയങ്ങളിലേക്കും, എത്താത്ത നാടുകളിലേക്കും പുതുപുത്തൻ തലമുറകളിലേക്കും , ഒരു നിയോഗം പോലെ പകർന്നു കൊടുത്ത മഹാനായ ഒരു സഹാബി വര്യനായിരുന്നു അദ്ദേഹം. പ്രമുഖരും പ്രശസ്തരുമായ എത്രയോ സഹാബാക്കൾ മുസ്ലിം ചരിത്രത്തിന്റെ ത്യാഗ സുരഭിലമായ വീഥികളിൽ തിളങ്ങി വിളങ്ങി നിൽക്കുന്നുണ്ട്. പക്ഷേ അവരിൽ നിന്ന് വ്യത്യസ്തനായി പ്രവാചകന്റെ മൊഴിമുത്തുകൾ ഏറ്റവുമധികം മന:പാഠമാക്കാനും ഉദ്ധരിക്കാനും നിവേദനം ചെയ്യാനുമുള്ള സൗഭാഗ്യം ലഭിച്ചത് അബൂഹുറയ്റ (റ) വിനാണ്. പ്രവാചകന്റെ നിഴൽ പോലെ പ്രവാചകനോടൊപ്പം സഹവസിക്കാൻ തീവ്രമായി കൊതിപൂണ്ട ആഭക്ത ഹൃദയം അതിനു വേണ്ടി ഭൗതികമായ തന്റെ എല്ലാ കെട്ടുപാടുകളേയും പൊട്ടിച്ചെറിഞ്ഞ് പട്ടിണിയും ദാരിദ്ര്യവും തന്റെ ഉടയാടകളായി സ്വീകരിച്ചു. അതിൽ അഭിമാനം കൊള്ളുകയും അത് ജീവിതത്തിലുടനീളം അലങ്കാരമായി കൊണ്ടു നടക്കുകയും ചെയ്തു. പ്രവാചക സ്നേഹത്തിൽ മുങ്ങിക്കുളിച്ച ആ ഹൃദയം ഏതു സമയത്തും പ്രവാചകനെ സ്നേഹിക്കുന്നതിലും സേവിക്കുന്നതിലും സഹായിക്കുന്നതിലും ആനന്ദപുളകിതനായി. ആ മഹാത്മാവ് അതൊരു ജീവിതവ്രതമായി ശിരസ്സിലേറ്റി. അഭൗമിക സൗഹൃദം, പ്രവാചകൻ ഈ ലോകത്തോട് വിടപറയുന്ന അന്ത്യ നിമിഷംവരേയും ഒരു പുഴ പോലെ അനുസ്യൂതം ഒഴുകിക്കൊണ്ടിരുന്നു.

അബൂഹുറയ്റ(റ)യുടെ യഥാർഥ നാമം അബ്ദുശ്ശംസ് എന്നാണ്. അബൂഹുറയ്റ(റ) എന്നത് ചെല്ലപ്പേരാണ്. അബൂഹുറയ്റ എന്ന് വിളിക്കപ്പെടാനുള്ള കാരണത്തിനു പിന്നിൽ അദ്ദേഹം അനുവർത്തിച്ചുകൊണ്ടിരുന്ന ചെറുപ്പകാലത്തെ ഒരു ചെറിയ ശീലവുമായി ബന്ധമുണ്ട്. അദ്ദേഹം സദാസമയവും ഒരു കൂട്ടം പൂച്ചകളുമായി നടക്കുകയും അവയുമായി കളിച്ചും രസിച്ചും ഉല്ലസിച്ചു നടക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ഒരു പതിവ് ശീലമായിരുന്നു. പൂച്ചക്കുട്ടികളോട് അദ്ദേഹം കാണിച്ചിരുന്ന ഈ സ്നേഹവും സൗഹാർദവും വാത്സല്യവും ശ്രദ്ധയിൽപ്പെട്ട നാട്ടുകാർ അദ്ദേഹത്തെ പൂച്ചയുടെ പിതാവ് എന്ന് അർഥം വരുന്ന അബൂഹുറയ്റ എന്ന പേര് വിളിക്കാൻ തുടങ്ങി. ഈ വിളിപ്പേര് ചരിത്രത്തിൽ കരിങ്കല്ലിൽ കൊത്തിവെച്ചത് പോലെ നില നിന്നത് യാദൃച്ഛികമാകാം. കാരണം പ്രവാചകനോട് അദ്ദേഹം വെച്ച് പുലർത്തിയ സ്നേഹബന്ധം പൂച്ചക്കുട്ടികൾ തന്റെ യജമാനനോട് കാണിക്കുന്ന വിധേയത്വത്തെ സ്മരിക്കുന്ന തരത്തിലായിരുന്നു.

യമൻ ദേശത്തിലെ ദൗസ് ഗോത്രത്തിലായിരുന്നു അബുഹുറയ്റയുടെ ജനനം. പിതാവിന്റെ പേര് ഉമൈമത്ത് എന്നാണ്. കൊച്ചു കുട്ടിയായിരുന്നപ്പോൾ തന്നെ അബൂഹുറയ്റയുടെ പിതാവ് ഈ ലോകത്തോട് വിട പറഞ്ഞിരുന്നു. പിന്നെ ഉമ്മയുടെ തണലിലായിരുന്നു അബൂഹുറയ്റയുടെ ജീവിതം.

യമനിൽ വെച്ച് തന്നെ അബൂഹുറയ്റ ഇസ്ലാംമതം സ്വീകരിച്ചിരുന്നു. ദൗസ് ഗോത്രത്തിലെ തുഫൈലബ്നു അംറിൽ (റ) നിന്നാണ് ഇസ്ലാമിക സന്ദേശം അദ്ദേഹത്തിന് ലഭിച്ചത്. ദൗസ് ഗോത്രക്കാർക്ക് പണ്ടുമുതലേ അറബികളുമായി സഹവർത്തിത്വം ഉണ്ടായിരുന്നു. അതുകൊണ്ട് ദൗസ് ഗോത്രക്കാർ മക്കക്കാരുമായി ബന്ധപ്പെടുകയും മക്കയിൽ പോകുകയും ചെയ്യുന്നത് പതിവായിരുന്നു. ഒരിക്കൽ തുഫൈൽ മക്ക നഗരം സന്ദർശിക്കാൻ മക്കയിൽ ചെന്നപ്പോൾ മക്കക്കാരായ ഖുറൈശി നേതാക്കൾ അദ്ദേഹത്തെ സമീപിച്ചുകൊണ്ട് നബി(സ)യെ കാണാൻ ഇടയാകുന്നതിൽ നിന്ന് തടയാൻ ശ്രമിച്ചുകൊണ്ട് തുഫൈലിനോട് പറഞ്ഞു. “ഞങ്ങൾക്കിടയിൽ ഈ മനുഷ്യൻ ഐക്യം തകർക്കുകയും ഞങ്ങളിൽ വിഭാഗീയത വളർത്തുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ മാരണക്കാരുടേത് പോലെയാണ്. അത് പിതാവിനും പുത്രനുമിടയിൽ വേർപിരിവ് ഉണ്ടാക്കുന്നു.” ഖുറൈശി നേതാക്കളുടെ ഈ വാക്കുകൾ തുഫൈലിനു മേൽ സ്വാധീനം ചെലുത്തി. ഇത്തരത്തിലുള്ള വ്യക്തിയുമായി സംവദിക്കുന്നതും സന്ദർശിക്കുന്നതും നല്ലതല്ല എന്ന് തുഫൈൽ ചിന്തിച്ചു. ഖുറൈശി നേതാക്കളുടെ ആവശ്യപ്രകാരം പ്രവാചകനെ കാണാതിരിക്കാൻ തുഫൈൽ ശ്രമിക്കുകയും ചെയ്തു.

പക്ഷേ തുഫൈൽ മക്ക സന്ദർശിക്കുന്നതിനിടയിൽ വിശുദ്ധ കഅബയുടെ ഭാഗത്ത് നിന്ന് അതുവരെ ശ്രവിക്കാത്ത അതിമനോഹരവും ശ്രവ്യസുന്ദരവുമായ വാക്കുകൾ കർണ പുടങ്ങളിൽ വന്നു തഴുകി താലോലിച്ചു. അത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ സാന്ത്വനത്തിന്റെയും ആനന്ദത്തിന്റെയും ആന്ദോളനങ്ങൾ സൃഷ്ടിച്ചു. ശ്രുതി മനോഹരമായ ആ ശബ്ദം കടന്നു വന്ന ഭാഗത്തേക്ക് തുഫൈൽ ശ്രദ്ധിച്ചു നോക്കി. അവിടെ കഅബയുടെ അരികിൽ പ്രവാചകൻ പരിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ട് നമസ്കരിക്കുകയായിരുന്നു. പ്രവാചകന്റെ ചുണ്ടിൽ നിന്ന് ഒഴുകി വന്ന ഖുർആനിക വചനങ്ങളുടെ വശ്യതയെ അവഗ

ണിച്ചു കൊണ്ട് മുന്നോട്ട് പോകാൻ തുഫൈൽ ശ്രമിച്ചു. പക്ഷേ അപ്പോഴേക്കും തുഫൈലിന്റെ ഹൃദയത്തിൽ ഖുർആനിക സൂക്തങ്ങളുടെ മഹത്വവും ഗാംഭീര്യവും തുലാവർഷത്തിലെ പെരുമഴ പോലെ പെയ്തിറങ്ങിയിരുന്നു. അദ്ദേഹം പ്രവാചകന്റെ ചാരത്ത് ചെന്ന് കാര്യങ്ങൾ അന്വേഷിച്ചു. ഖുറൈശികൾ പ്രവാചകനെ കാണുന്നതിൽ നിന്ന് തന്നെ വിലക്കാൻ ശ്രമിച്ച സംഭവം വിശദീകരിച്ചു. ഖുർആൻ സൂക്തം ഓതി കേൾപ്പിച്ചുകൊണ്ട് പ്രവാചകൻ തുഫൈലിനോട് ഈ സത്യദീനിലേക്ക് കടന്നുവരാൻ ആവശ്യപ്പെട്ടു. അങ്ങനെ തുഫൈൽ പ്രവാചക സമക്ഷം ഇസ്‌ലാം മതത്തെ കെട്ടിപുണർന്നു. തിരികെ നാട്ടിലെത്തിയ അദ്ദേഹം ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് തന്റെ നാട്ടുകാരേയും ഗോത്രക്കാരേയും സമീപിച്ചു. പക്ഷേ ആദ്യ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പിതാവും അബൂഹുറയ്റയും മാത്രമാണ് ഇസ്‌ലാമിന്റെ പാതയിലേക്ക് കടന്നുവന്ന മഹത്തുക്കൾ.

ഇസ്‌ലാമിലേക്ക്ക്ഷണിച്ചുകൊണ്ട് തുഫൈലും കൂട്ടരും നടത്തിയ പ്രബോധനങ്ങളോട് ദൗസ് ഗോത്രക്കാർ മുഖം തിരിച്ചു നിന്നു. പക്ഷേ പ്രവാചകന്റെ പ്രാർഥനയുടെ അനന്തരഫലമായി ആ ഗോത്രക്കാരിൽ നിന്നും കുറേ കുടുംബങ്ങൾ ഇസ്‌ലാമിനെ നെഞ്ചോട് ചേർത്ത് വാരിപ്പുണരുകയുണ്ടായി.

തുഫൈൽ (റ) ഒഴികെയുള്ള മറ്റു വ്യക്തികൾ പ്രവാചകനെ നേരിൽ കണ്ടുകൊണ്ടല്ല ഇസ്‌ലാമിലേക്ക് പ്രവേശിച്ചത്. അതുകൊണ്ട് തുഫൈൽ (റ)ന്റെ നേതൃത്വത്തിൽ ഇസ്‌ലാംമതം സ്വീകരിച്ച് ദൗസ് ഗോത്രത്തിലെ എല്ലാ കുടുംബാംഗങ്ങളും പ്രവാചകന്റെ പരിശുദ്ധ വദനം നേരിൽ ദർശിക്കാൻ മദീനിയിലേക്ക് പുറപ്പെടുകയുണ്ടായി. പ്രവാചകന്റെ അനുഗൃഹീത സാന്നിദ്ധ്യം കൊണ്ട് കോൾമയിർ കൊണ്ട മദീന നഗരത്തിൽ അവർ എത്തിച്ചേർന്നപ്പോൾ, പ്രവാചകൻ ഖൈബർ യുദ്ധ ഭൂമിയിൽ ശത്രുക്കളായ യഹൂദികളോട് പോരാടിക്കൊണ്ടിരിക്കുകയായിരുന്നു. എല്ലാവരും ഖൈബർരണാങ്കണത്തിലേക്ക് യാത്രയായി.

അബൂഹുറയ്റ(റ) ആദ്യമായി പ്രവാചകനെ കണ്ടുമുട്ടുന്നത് ഖൈബർ യുദ്ധ ഭൂമിയിൽ വെച്ചായിരുന്നു. ഹിജ്റ 7-ാം വർഷത്തിലായിരുന്നു ആ കൂടി കാഴ്ച. അന്ന് അബൂഹുറയ്റ(റ)ന്റെ പ്രായം 30 വയസ്സായിരുന്നു. മദ്ധ്യാഹ്നത്തിലെ സൂര്യനെ പോലെ കത്തിജ്ജ്വലിക്കുന്ന യുവത്വം.

വിശ്വമഖിലം സന്മാർഗത്തിന്റെ സത്യപാന്ഥാവിലൂടെയും തൗഹീദിന്റെ വീഥിയിലൂടെയും നയിക്കാൻ ആഗതനായ പ്രവാചക പ്രഭു(സ)വുമായി സംഗമിച്ച ആ അനുഗൃഹീത നിമിഷങ്ങൾ അബൂഹുറയ്റയുടെ ജീവിതത്തിലെ നാഴിക കല്ലായിരുന്നു. ഇഷ്ടവരനെ പ്രാപിച്ച മണവാട്ടിപ്പെണ്ണിന്റെ മനമായിരുന്നു അപ്പോൾ അബൂഹുറയ്റയുടേത്. യമനിൽ നിന്ന് വന്ന സംഘാംഗങ്ങളിൽ പലരും പ്രവാചകനോട് യാത്ര ചോദിച്ച് യമനിലേക്ക് മടങ്ങിപോയപ്പോൾ അബൂഹുറയ്റ തിരികെ പോകാതെ പ്രവാചകന്റെ പ്രഭാവത്തിൽ മയങ്ങി നിന്നു. സൂര്യ തേജസ് പോലെ പ്രകാശ പൂരിതമായ പ്രവാചകന്റെ അനുഗൃഹീത സാമിപ്യത്തിൽ നിന്നും വിടച്ചൊല്ലി മടങ്ങാൻ മനസ്സു സമ്മതിച്ചില്ല. പ്രവാചകന്റെ സവിധത്തിൽ പൂന്തോട്ടത്തിലെ പൂമ്പാറ്റകളെപ്പോലെ പാറിപറക്കാനാണ് പ്രവാചക സ്നേഹത്തിൽ മുങ്ങികുളിച്ച അബൂഹുറയ്റയുടെ ഹൃദയം കൊതിച്ചത്.

പ്രവാചകന്റെ പരിശുദ്ധ സാന്നിദ്ധ്യം അനുസ്യൂതം നുകരുന്നതിനു വേണ്ടിയും ഇസ്‌ലാമിക ജ്ഞാനങ്ങൾ പ്രവാചകന്റെ മുഖാരവിന്ദത്തിൽ നിന്ന് നേരിട്ട് ഗ്രഹിക്കുന്നതിനു വേണ്ടിയും അബൂഹുറയ്റ ജന്മനാടും ഗോത്രവും കുടുംബവും സ്വത്തും എല്ലാം ഉപേക്ഷിച്ച് മദീനയിൽ സ്ഥിര താമസമാക്കി. അങ്ങനെ മദീന അബൂഹുറയ്റക്ക് ജന്മനാട് പോലെയായി. പ്രവാചകന്റെ പാദസ്പർശമേൽക്കാൻ ഭാഗ്യം കിട്ടിയ മദീനയിലെ ഓരോ മണൽ തരിയും അബൂഹുറയ്റക്ക് ചിരപരിചിതമായി മാറി. പ്രവാചകൻ നടന്നു നീങ്ങിയ വീഥികളിലൂടെ, മണൽ പരപ്പുകളിലൂടെ, രണാങ്കണങ്ങളിലൂടെ ഈന്തപ്പന തോട്ടങ്ങളിലൂടെ അബൂഹുറയ്റയും നടന്നു നീങ്ങി. പ്രവാചകനോടുള്ള സ്നേഹം മാത്രമായിരുന്നു ആ ഹൃദയത്തിൽ തുളുമ്പി നിന്നിരുന്നത്. ഇസ്‌ലാമിക ജ്ഞാനം ആർജിക്കാനുള്ള തൃഷ്ണ അബൂഹുറയ്റയുടെ ഹൃദയത്തിൽ തിളച്ചു മറിഞ്ഞുകൊണ്ടിരിക്കുന്നു. അതിനു വേണ്ടി ദുനിയാവിലെ എല്ലാ വർണപ്പൊലിമകളിൽ നിന്നും അകലം പാലിച്ചു കൊണ്ട് പ്രവാചകനു പിന്നാലെ പ്രവാചകന്റെ കാലടികൾക്കൊപ്പം ആകാശത്തിലെ പറവകളെപ്പോലെ ആത്മീയതയുടെ വിഹായസ്സിൽ ചിറകടിച്ചു പറക്കുയായിരുന്നു.

പ്രവാചകന്റെ മൊഴിമുത്തുകൾ ഏറ്റവും അധികം റിപ്പോർട്ട് ചെയ്യാൻ ഭാഗ്യം ലഭിച്ചത് അബൂഹുറയ്റക്കാണ് എന്നത് ചരിത്ര യാഥാർഥ്യമാണ്. ഇതിന് ഭാഗ്യം ലഭിച്ചത് പ്രവാചകൻ (സ)ചെയ്ത പ്രാർഥനയുടെ ഫലമാണെന്ന് അബൂഹുറയ്റ പറയുന്നു. അബൂഹുറയ്റ എന്ന ഞാൻ നബി(സ) തിരുമേനി പറഞ്ഞ കാര്യങ്ങൾ അധികമധികമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് നിങ്ങൾ കരുതുന്നു. ഈ കഴിവ് അല്ലാഹു തന്നെയാണ് നൽകിയത്. ഞാനൊരു മിസ്ക്കീനായിരുന്നു. ഞാൻ ആത്മാർഥമായി നബിയുടെ അടുക്കൽ വരുമായിരുന്നു. മുഹാജിറുകൾ ബസാറുകളിൽ തിരക്കിലായിരുന്നു. അൻസാറുകൾ അവരുടെ സമ്പത്തുകളിൽ മുഴുകിയിരുന്നു. ഒരു ദിവസം ഒരു സംഭവം ഉണ്ടായി. ആരാണ് തന്റെ മടിത്തട്ട് നീട്ടാൻ തയ്യാറുള്ളതെന്ന് നബി(സ) തിരുമേനി ചോദിച്ചു. അങ്ങനെ നീട്ടുന്നവൻ എന്നിൽ നിന്ന് കേട്ടതൊന്നും മറക്കുകയില്ലെന്നും നബി(സ) പറഞ്ഞു.

ഇത് കേട്ടയുടനെ ഞാൻ എന്റെ പുതപ്പ് നിലത്തുവിരിച്ചു. നബി(സ)യുടെ സംസാരം തീരുന്നതുവരെ. പിന്നീട് ഞാനത് ചുരുട്ടിയെടുത്തു. അതിനു ശേഷം നബി(സ) തിരുമേനിയിൽ നിന്നും കേട്ടതൊന്നും ഞാൻ മറന്നിട്ടില്ല.

പ്രവാചകന്റെ തിരുമൊഴികൾ മറന്നു പോകാതെ വളരെ കൃത്യതയോടെ അതിസൂക്ഷ്മമായി നിവേദനം ചെയ്യാൻ അബൂഹുറയ്റക്ക് കഴിഞ്ഞതിന്റെ പിന്നിലെ രഹസ്യം പ്രവാചകന്റെ പ്രാർഥനയുടെ അനന്തരഫലമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. എഴുത്തും വായനയും അറിയാത്ത ആളായിരുന്നു അബൂഹുറയ്റ. അതുകൊണ്ട് കേൾക്കുന്ന കാര്യങ്ങൾ എഴുതിവെച്ച് പഠിക്കാനോ, സൂക്ഷിക്കാനോ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പക്ഷേ ഒരു പ്രാവശ്യം കേൾക്കുന്ന കാര്യങ്ങൾ ഓർമയിൽ സൂക്ഷിക്കാൻ അബൂഹുറയ്റക്ക് കഴിഞ്ഞിരുന്നു. ഒരിക്കൽ മർവാനുൽ ഹക്കം അബൂഹുറയ്റയുടെ ഓർമ ശക്തിപരീക്ഷിച്ച് ബോധ്യം വരുത്താൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹം ഒരിക്കൽ അബൂഹുറയ്റയെ വിളിച്ച് ചില വിഷയങ്ങളെ സംബന്ധിച്ച് ചോദിക്കുകയും അബൂഹുറയ്റ അറിയാതെ എഴുതി രേഖപ്പെടുത്തിവെക്കുകയും ചെയ്തു. പിന്നീട് ആ വർഷാവസാനം അദ്ദേഹം അബൂഹുറയ്റയെ വിളിച്ചു വരുത്തി അതേ കാര്യത്തെ കുറിച്ച് ചോദിക്കുകയുണ്ടായി. അതിന് അപ്പോൾ അബൂഹുറയ്റ നൽകിയ മറുപടിയും, നേരത്തെ പറഞ്ഞ ഉത്തരവും തമ്മിൽ ഒരക്ഷര

ത്തിൽ പോലും വ്യത്യാസം ഉണ്ടായിരുന്നില്ല.

ഒരിക്കൽ നബി(സ) അബൂഹുറയ്റ യോട് ചോദിച്ചു. സമരാർജിത സ്വത്തുക്കളിൽ നിന്ന് താങ്കളുടെ സുഹൃത്തുക്കൾ ചോദിക്കുന്നതുപോലെ താങ്കൾ ചോദിക്കാത്തതെന്താണ്? അബൂഹുറയ്റ പറഞ്ഞു "അങ്ങയ്ക്ക് അല്ലാഹു അറിയിച്ചു തരുന്നതിൽ നിന്ന് അവിടുന്ന് എനിക്ക് പഠിപ്പിച്ചു തരണമെന്ന് ഞാൻ അങ്ങയോട് ആവശ്യപ്പെ ടുന്നു." ഈ വാക്കുകൾ ഇസ്‌ലാമിക ജ്ഞാനം ആർജിക്കാനുള്ള അതിരുകളില്ലാത്ത അടങ്ങാത്ത ആർത്തിയാണ് അടയാളപ്പെടുത്തുന്നത്.

ധനം സമ്പാദിക്കുന്നതിനു വേണ്ടി കച്ചവടത്തിന്റെയും കൃഷിയുടെയും പിന്നാലെ പലരും പരക്കം പാഞ്ഞപ്പോൾ അബൂഹുറയ്റ നബി(സ)യുടെ പിന്നാലെ ഇസ്‌ലാമിക ജ്ഞാനം കരസ്ഥമാക്കാനുള്ള തന്ത്രപ്പാടിലായിരുന്നു. വിശപ്പ് ശമിപ്പിക്കാനുള്ള വിഭവങ്ങൾ മാത്രമേ അദ്ദേഹം അന്വേഷിച്ചിരുന്നുള്ളൂ. പലപ്പോഴും അദ്ദേഹം പട്ടിണിയിലും, ദാരിദ്ര്യത്തിലുമാണ് കഴിച്ചു കൂട്ടിയിരുന്നത്. പ്രവാചകന്റെ കൂടെ നടന്ന് പ്രവാചകന്റെ ഇഷ്ട തോഴനായി മാറി മറ്റുള്ളവർക്ക് പഠിപ്പിച്ചു കൊടുക്കുന്നതാണ് ഭൗതിക ധനത്തേക്കാളും ഏറ്റവും വലിയ സമ്പത്ത് എന്നാണ് അബൂഹുറയ്റ ചിന്തിച്ചത്.

അബൂഹുറയ്റ പറയുന്നു. "പ്രവാചകനുമായി പിരിയാതിരിക്കുന്നതിനും, തിരുമേനി(സ)ക്ക് സേവനം ചെയ്യുന്നതിനു വേണ്ടിയും, വിശപ്പടക്കുന്നതിലപ്പുറം സുഭിക്ഷമായി കഴിയാനോ, സമ്പാദിക്കാനോ ആഗ്രഹിച്ചിരുന്നില്ല. കിട്ടുന്ന ഭക്ഷണത്തിൽ തൃപ്തിയടഞ്ഞ് തിരുമേനി(സ)യോടൊന്നിച്ച് കഴിഞ്ഞ് കൂടുക. വിശപ്പടക്കാതെ ജീവിതം നിലനിർത്താൻ ആർക്കും കഴിയുകയില്ലല്ലോ? ഇസ്‌ലാമിക ജ്ഞാനങ്ങൾ സ്വായത്തമാക്കാൻ ശ്രമിക്കുമ്പോൾ ഭൗതികതയുടെ ആസക്തികൾ കൈവെടിയേണ്ടിവരുമെന്നാണ് അബൂഹുറയ്റയുടെ ജീവിതത്തിലൂടെ തെളിഞ്ഞു വരുന്നത്.

വിനയവും ലാളിത്യവും വിശുദ്ധിയും പുലർത്തിയ ജീവിതമായിരുന്നു അബൂഹുറയ്റ(റ)ന്റേത്. ഹിജാസ് ഗവർണരായിരുന്ന മർവാനുബ്നുൽ ഹക്കീമിന്റെ പ്രതിനിധിയായി മദീനയുടെ ചെങ്കോൽ ഏന്തിയപ്പോഴും അദ്ദേഹം തന്റെ സാത്വിക വേഷം ഊരിയെറിയാൻ ശ്രമിച്ചില്ല. സാധാരണക്കാരിൽ ഒരാളായി വിനയാന്വിതനായി, ഹൃദയനൈർമല്യത്തോട് കൂടിയാണ് അധികാര വീഥിയിലൂടെ അദ്ദേഹം കടന്നു പോയത്. അതുപോലെ സത്യം ആരോടും തുറന്നു പറയാനുള്ള ചങ്കൂറ്റവും ധൈര്യവും അദ്ദേഹം എപ്പോഴും പ്രകടിപ്പിച്ചിരുന്നു. അതിന് ആരുടേയെങ്കിലും സ്ഥാനങ്ങളോ പദവികളോ അധികാരമോ അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല.

ഒരിക്കൽ മദീനയുടെ ഭരണാധികാരിയായിരുന്ന മർവാനുബ്നുൽ ഹക്കമുമായി ഉണ്ടായ വാക്കുതർക്കം അതിനു ഒരുദാഹരണംമാത്രമാണ്. പ്രവാചക പൗത്രൻ ഹസ്സൻ(റ) വഫാത്തായപ്പോൾ പ്രവാചകന്റെ ഖബറിന്റെ അടുത്ത് അദ്ദേഹത്തെ ഖബറടക്കം ചെയ്യുന്നതിന് മർവാൻ എതിർക്കുകയുണ്ടായി. ഈ എതിർപ്പിനെ ചോദ്യം ചെയ്തു കൊണ്ട് അബൂഹുറയ്റ മർവാനുമായി വാക്കുതർക്കം ഉണ്ടായപ്പോൾ ദേഷ്യം വന്ന മർവാൻ അബൂഹുറയ്റയെ ഒതുക്കുവാൻ വേണ്ടി ഇങ്ങനെ പറഞ്ഞു. "പ്രവാചകന്റെ പേരിൽ അബൂഹുറയ്റ ഹദീസുകൾ പെരുപ്പിച്ചിരുന്നു എന്ന് ജനം പറയുന്നു. താങ്കളാണെങ്കിൽ തിരുമേനി (സ)യുടെ വിയോഗത്തിനു അല്പം മുമ്പേ എത്തിയിട്ടുള്ളതാണ് താനും'' ഇതു കേട്ട അബുഹൂറയ്റ, മർവാന്റെ അധികാര ശക്തിയെ തെല്ലും കൂസാതെ അതേ നാണയത്തിൽ തന്നെ തിരിച്ചടിക്കുകയുണ്ടായി. "അതെ ഞാൻ ഹിജ്റ വർഷം ഏഴിൽ നബി(സ)ഖൈബറിലായിരുന്നപ്പോഴാണ് എത്തിയത്. തിരുമേനിയുടെ വിയോഗം വരെ ഞാൻ അദ്ദേഹത്തോടൊന്നിച്ച് കഴിഞ്ഞു കൂടി. അവിടത്തെ സഹധർമിണിമാരുടെ വീടുകളിലും തിരുമേനിയൊടൊന്നിച്ച് ചുറ്റിക്കറങ്ങുക എന്റെ പതിവായിരുന്നു. ഞാൻ നബി (സ)യ്ക്ക് വേണ്ടി സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവാണ സത്യം ഞാൻ ദരിദ്രനായിരുന്നു. ഞാൻ പ്രവാചകനോടൊന്നിച്ച് നമസ്കരിക്കുകയും, ഹജ്ജ് കർമം നിർവഹിക്കുകയും യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തു. അതിനാൽ അവിടത്തെ ഹദീസുകളെക്കുറിച്ച് മറ്റാരെക്കാളും കൂടുതൽ അറിവ് എനിക്ക് ലഭിച്ചു. ഞാൻ സ്വന്തം ഇഷ്ടമനുസരിച്ചും അനുസരണത്തോടും ഇസ്‌ലാം സ്വീകരിച്ചു. തിരുമേനി(സ)യെ അത്യഗാധമായി സ്നേഹിക്കുയും ചെയ്തു. നിങ്ങൾ (മർവാൻ) നബി(സ)യെ സ്വന്തം നാട്ടിൽ നിന്നും ബഹിഷ്കരിച്ചു. അദ്ദേഹത്തേയും അനുചരന്മാരേയും ദ്രോഹിക്കുകയും ചെയ്തു. എന്റെ ഇസ്‌ലാം ആശ്ളേഷത്തിന് ശേഷമാണ് നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചത് അതും നിർബന്ധിതാവസ്ഥയിൽ" (മക്കാ വിജയം). അതോടെ മർവാൻ തന്റെ സംസാരത്തിൽ ഖേദിക്കുകയും അബൂഹുറയ്റയുടെ കാര്യത്തിൽ സൂക്ഷ്മത പാലിക്കുകയും ചെയ്തു.

അബൂഹുറയ്റ ഒരു ധീരനായ യോദ്ധാവും പോരാളിയും കൂടിയായിരുന്നു. പ്രവാചകനെ കണ്ടുമുട്ടിയ നാൾമുതൽ നടന്ന എല്ലാ യുദ്ധങ്ങളിലും അബൂഹുറയ്റ പങ്കെടുത്തിയിരുന്നു. പ്രവാചകനുമായി സന്ധിച്ച ഖൈബർ യുദ്ധം ഉൾപ്പെടെ അതിനു ശേഷം നടന്ന എല്ലാ യുദ്ധങ്ങളിലെ സംഭവ വികാസങ്ങളും മറ്റും നിവേദനം നടത്താൻ അബൂഹുറയ്റക്ക് ഭാഗ്യം ലഭിച്ചിരുന്നു. ഇസ്‌ലാമിക വിജയത്തിന്റെ വെന്നിക്കൊടിപാറിച്ചുകൊണ്ട് മക്കയുടെ വീഥികളിലൂടെ നബിയും സഖാക്കളും ജൈത്രയാത്രനടത്തിയ, ചരിത്രത്തിൽ അതുല്യമായ മക്കാ വിജയത്തിൽ പങ്കാളിയായിക്കൊണ്ട് ഇസ്‌ലാമിക വിജയത്തിന്റെ സുന്ദര മുഹൂർത്തങ്ങളും, ഹൃദയ സ്പൃക്കായ ഒട്ടനവധി സംഭവങ്ങളും ലോകത്തോട് വിളിച്ചു പറഞ്ഞത് അബൂഹുറയ്റയായിരുന്നു. പ്രവാചക വിയോഗാനന്തരം ഇസ്‌ലാമിക ലോകത്തിന്റെ ഖലീഫയായി നിയോഗിതനായ അബൂബക്കർ (റ) ന്റെ ഭരണ കാലഘട്ടത്തിൽ ഖിലാഫത്തുമായി ഏറ്റുമുട്ടിയ കലാപകാരികളെ നിയന്ത്രിക്കാനും, അവരുമായി നടന്ന പോരാട്ടത്തിലും അബൂഹുറയ്റ തന്റേതായ പങ്ക് നിർവഹിക്കുകയുണ്ടായി. മൂന്നാം ഖിലാഫത്തിന്റെ കാലത്ത് ഖലീഫയായ ഉസ്മാനെ(റ) തിരെ കലാപകാരികൾ നിർബാധം കാലാപങ്ങൾ അഴിച്ചു വിടുകയും കുപ്രചരണങ്ങൾ പ്രചരിപ്പിക്കുകയും ഖലീഫയുടെ വീട് ഉപരോധിക്കുകയും ചെയ്തപ്പോൾ അതിനെതിരെ ഖലീഫയുടെ സംരക്ഷണത്തിനായി രംഗത്ത് വരുകയും പോരാടുകയും ചെയ്തു. ധീരനും വീരനുമായ പോരാളിയായിരുന്നു അബൂഹുറയ്റ(റ).

അബൂഹുറയ്റ(റ)ന്റെ മാതാവ് ബിംബാരാധകയായിരുന്നു. ഒരു ദിവസം അബൂഹുറയ്റ (റ) തന്റെ മാതാവിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾനബി (സ)യെകുറിച്ച് താൻ കേൾക്കാനിഷ്ടപ്പെടുന്നില്ല എന്ന് പറയുകയുണ്ടായി. ഇത് കേട്ട് അബൂഹുറയ്റ(റ)കരഞ്ഞു കൊണ്ട് നബി (സ) തിരുമേനിയുടെ അടുത്ത് എത്തി. നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. അബൂഹുറയ്റ തന്റെ മാതാവിന് ഹിദായത്ത് ലഭിക്കാൻ ദുആയ്ക്കപേക്ഷിച്ചു നബി (സ) ദുആ ചെയ്തു. "അല്ലാഹുവേ ഈ ഉമ്മക്ക് ഹിദായത്ത് നല്കണമേ."

തിരുമേനിയുടെ പ്രാർഥന കേട്ട്

പ്രവാചകനോടുള്ള സ്നേഹവും അനുസരണയും ഒരു മുസ്‌ലീമിനെ സംബന്ധിച്ചടത്തോളം നിർബന്ധമാണ്. ഇത് ആജ്ഞാപിക്കുന്ന ഒരുപാടു സൂക്തങ്ങൾ വി.ഖുർആനിൽ ഉണ്ട്. "പറയുക നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നു വെങ്കിൽ എന്നെ (പ്രവാചകനെ) അനുസരിക്കുവിൻ എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരുകയും ചെയ്യും. (ആലു ഇംറാൻ 32). പറയുക നിങ്ങൾ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുവിൻ (ആലു ഇംറാൻ 33). ഇത്തരം സുക്തങ്ങളുടെ ആത്മാവിനെ തൊട്ടറിഞ്ഞുകൊണ്ട് അബൂഹുറയ്റ പ്രവാചകനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തു എന്നത് പകൽ പോലെ സത്യമാണ്. പ്രവാചക സ്നേഹത്തിന്റെയും അനുസരണത്തിന്റെയും മികവുറ്റ ഉദാഹരണമാണ് അബൂഹുറയ്റ എന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ല.

അബൂഹുറയ്റ പ്രവാചകനോട് ഒന്നിച്ച് ജീവിച്ച നാളുകൾ വെറും നാലു വർഷം മാത്രമാണ്. എന്നാൽ യാത്രാ സമയവും മറ്റും മാറ്റിവെച്ച് പൂർണമായും ഒന്നിച്ചു നിന്നത് മൂന്നു വർഷം മാത്രമാണ്. പ്രവാചകനോട് ഒന്നിച്ച് കഴിച്ചു കൂട്ടിയ ഈ ചുരുങ്ങിയ കാലയളവിൽ ഇസ്‌ലാമിക ജ്ഞാനം ആർജിക്കുകയും, അത് മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുയും ചെയ്തുകൊണ്ട് ഇസ്‌ലാമിക ജ്ഞാനത്തിന്റെ പരിമളം പരത്തുന്ന വിടർന്ന പുഷ്പമായി ഇന്നും നിൽക്കുന്നു.

യമനിൽ വെച്ച് ഇസ്‌ലാംമതം സ്വീകരിക്കുകയും ജന്മനാടിനോട് വിടപറഞ്ഞ് മദീനയിൽ എത്തി നബി(സ)യുടെ നിഴലായി ജീവിച്ച ആ ധന്യജീവിതം 80-ാം മത്തെ വയസ്സിൽ അവസാനിച്ചു. ഹിജ്റ വർഷം 57-ാം ആണ്ടിലാണ് അബൂഹുറയ്റ എന്ന പ്രവാചക സ്നേഹി ഈ ലോകത്തോട് വിടപറഞ്ഞത്. അദ്ദേഹം അസുഖം മൂർച്ഛിച്ച് മരണശയ്യയിൽ കിടക്കുമ്പോൾ ഭരണാധികാരിയായ മർവാൻ കാണാൻ വന്നു. അപ്പോൾ അദ്ദേഹം ഇങ്ങനെ പ്രാർഥിക്കുകയുണ്ടായി. ''താങ്കളെ അല്ലാഹു സുഖപ്പെടുത്തട്ടെ" അപ്പോൾ അബൂഹുറയ്റ പറഞ്ഞത് "അല്ലാഹുവേ, ഞാൻ നീയുമായി സന്ധിക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ നീ എന്നെ കാണുവാനും, ഇഷ്ടപ്പെടാനും ഇടയാക്കണമേ" എന്നാണ്. മർവാൻ തിരിച്ച് അങ്ങാടിയിൽ എത്തിയപ്പോഴേക്കും അബൂഹുറയ്റ(റ) ഈ ലോകത്ത് നിന്നും യാത്ര ചോദിച്ചിരുന്നു.

ഉസാമത്ത്ബ്നു സൈദ്(റ), ആയിശ(റ), എന്നിവരിൽ നിന്നും ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്.

നിർഭാഗ്യവശാൽ അബൂഹുറയ്റയുടെ ഈ സൽപേരിനെ ചൂഷണം ചെയ്തുകൊണ്ട് ചില ദുശ്ശക്തികൾ സ്വാർഥ താൽപര്യത്തിനുവേണ്ടി അബൂഹുറയ്റ(റ)യുടെ പേരിൽ ധാരാളം കള്ള ഹദീസുകൾ പടച്ചു പ്രചരിപ്പിക്കുകയുണ്ടായി. ഈ കള്ള ഹദീസുകൾ കാരണം ചിലർ അബൂഹുറയ്റ(റ)യുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യാനും, ആക്ഷേപിക്കാനും രംഗത്ത് വന്നത് ചരിത്രത്തിന്റെ ദുര്യോഗം മാത്രമാണ്. പക്ഷേ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാത്വികരായ പൂർവകാല പണ്ഡിതന്മാരുടെ ഇടപെടൽ മൂലം ത്യാഗപൂർണമായ പരിശ്രമങ്ങളുടെ ഫലമായി നെല്ലും പതിരും വേർതിരിച്ച് അബൂഹുറയ്റ(റ)യുടെ പേരിൽ പ്രചരിപ്പിച്ചിരുന്ന കള്ള ഹദീസുകളെ തള്ളികളയുകയും യാഥാർഥ്യം അബൂഹുറയ്റ നിവേദനം ചെയ്ത സത്യസന്ധമായ ഹദീസുകൾ മാനവ ലോകത്തിന് വഴികാട്ടിയായി സന്മാർഗ വീഥിയിൽ പ്രകാശം ചൊരിഞ്ഞ് പ്രകാശിച്ചു നിൽക്കുന്നു.

പ്രവാചകനോടൊന്നിച്ചു ജീവിച്ച് തിരുമേനിയുടെ ജീവിതത്തിന്റെ വിവിധ വശങ്ങളും അദ്ദേഹത്തിന്റെ വചനങ്ങളും നന്നായി ഗ്രഹിച്ച ആളാണ് അബൂഹുറയ്റ. അതുകൊണ്ട് എല്ലാവരും തന്നെ ഇസ്‌ലാമിനെ കുറിച്ചുള്ള സംശയങ്ങൾ ചോദിക്കാനും വിധികൾ തേടാനും അബൂഹുറയ്റയെ സമീപിച്ചിരുന്നു. ഉമറുൽ ഫാറൂഖിന്റെ ഖിലാഫത്ത് കാലത്ത് മദീനയുടെയും അതിർവരമ്പുകൾ കടന്ന് ഇറാഖ്, സിറിയ, ഫലസ്തീൻ, ഈജിപ്ത് പോലുള്ള പുതിയ പ്രദേശങ്ങളിലെ ആളുകൾ ഇസ്‌ലാമിനെ വാരിപുണരുകയുണ്ടായി. ഖുലാഫാ ഉർറാശ്ശിദീങ്ങളുടെ ഖിലാഫത്ത് കാലഘട്ടത്തിനു ശേഷം അധികാരത്തിലേറിയതോടെ ഇസ്‌ലാമിക സ്വഭാവങ്ങളും രൂപങ്ങളും ചര്യകളും സമൂഹത്തിൽ നിന്നും അപ്രത്യക്ഷമാകാൻ തുടങ്ങി. ഈ ഘട്ടത്തിൽ ഇസ്‌ലാമിക അധ്യാപനങ്ങളും പ്രവാചകചര്യകളും ജനങ്ങളെ മനസ്സിലാക്കി കൊടുക്കേണ്ടതും യഥാർഥ ഇസ്‌ലാമിന്റെ മുഖം കാണിച്ചു കൊടുക്കേണ്ടതും ജീവിച്ചിരിക്കുന്ന സഹാബികളുടെ ബാദ്ധ്യതയായി മാറി. ഈ ഉത്തരവാദിത്വം ഏറ്റെടുത്ത സഹാബക്കളിൽ പ്രമുഖനാണ് അബൂഹുറയ്റ(റ) ഈ മഹദ് കൃത്യത്തിന്റെ സദ്ഫലങ്ങളാണ് അദ്ദേഹത്തിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീസുകൾ.

അബൂഹുറയ്റ (റ) സന്തോഷത്തോടെ വീട്ടിൽ ചെന്നു. ഉമ്മ കതക് അടച്ചിരിക്കുന്നതായി അബൂഹുറയ്റ കണ്ടു. അബൂഹുറയ്റയുടെ കാലടി ശബ്ദം കേട്ടപ്പോൾ ഉമ്മ അകത്തു നിന്ന് വിളിച്ചു പറഞ്ഞു. അബൂഹുറയ്റ അവിടെ തന്നെ നിൽക്കുക. വെള്ളം വീഴുന്ന ശബ്ദം കേൾക്കുന്നുണ്ട്. അബൂഹുറയ്റയുടെ ഉമ്മ കുളിച്ച് വസ്ത്രമണിഞ്ഞ് പുതച്ച് പെട്ടെന്ന് വന്ന് കതക് തുറന്നു എന്നിട്ട് പറഞ്ഞു: 'അബൂഹുറയ്റ അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു." അതുകേട്ട് അബൂഹുറയ്റ തിരിച്ച് നബി (സ)യുടെ അടുക്കൽ ചെന്നു. അപ്പോഴും അബൂഹുറയ്റ കരയുകയായിരുന്നു. സന്തോഷത്തിന്റെ കണ്ണീരായിരുന്നു അത്. അബൂഹുറയ്റ പറഞ്ഞു. അല്ലാഹുവിന്റെ റസൂലെ അങ്ങയുടെ ദുആ സ്വീകരിച്ച് കൊണ്ട് അല്ലാഹുത്തഅല അബൂഹുറയ്റയുടെ ഉമ്മായ്ക്ക് ഹിദായത്ത് നൽകിയിരിക്കുന്നു. അതു കേട്ട നബി(സ) തിരുമേനി അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തു. എന്നിട്ട് പറഞ്ഞു "വളരെ നല്ലത്". അബൂഹുറയ്റ വീണ്ടും ദുആയ്ക്ക് വേണ്ടി അപേക്ഷിച്ചു. നബിയെ അല്ലാഹുവിനോട് എനിക്കും എന്റെ മാതാവിനും സത്യവിശ്വാസികളായ ആളുകളെ സ്നേഹിതന്മാരാക്കിത്തരാൻ ദുആ ചെയ്താലും. നബി(സ) ദുആ ചെയ്തു. അല്ലാഹുവേ നിന്റെ ദാസനായ അബൂഹുറയ്റക്കും അദ്ദേഹത്തിന്റെ മാതാവിനും സത്യവിശ്വാസികളെ സ്നേഹിതരാക്കുകയും ചെയ്യേണമേ. ഇപ്പോൾ നോക്കൂ, അബൂഹുറയ്റയെ കണ്ടിട്ടില്ലാത്ത സത്യവിശ്വാസികൾ പോലും അബൂഹുറയ്റയെ കുറിച്ച് കേൾക്കുമ്പോൾ അബൂഹുറയ്റയെ(റ) സ്നേഹിക്കുന്നു.

നബി(സ)യിൽ നിന്ന് ഏറ്റവും അധികം ഹദീസുകൾ നിവേദനം ചെയ്ത ആളെന്ന നിലയിൽ അബൂഹുറയ്റ(റ)ന് ഇസ്‌ലാമിക സമൂഹത്തിൽ ഉന്നതമായ സ്ഥാനമാണ് ഉള്ളത്. അതുകൊണ്ട് തന്നെ അബൂഹുറയ്റ എവിടെയായിരുന്നാലും അവിടെ ജനങ്ങൾ അദ്ദേഹത്തിനു ചുറ്റും കൂടുക പതിവായിരുന്നു. ആ കൂട്ടത്തിൽ പ്രമുഖരും പ്രശസ്തരും സഹാബാക്കളും ഉണ്ടായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അബൂഹുറയ്റ(റ) നബി(സ)യിൽ നിന്ന് മാത്രമല്ല, അബൂബക്കർ(റ), ഉമർ (റ), അബ്ബാസ്(റ), ഉബയ്യുബ്നു കഅബ്(റ)


# ലണ്ടൻ മസ്ജിദിന്റെ ചരിത്രം

എട്ടരപതിറ്റാണ്ടുകൾക്ക് മുമ്പ് പാശ്ചാത്യ നാഗരികതയുടെ വളർത്തുതൊട്ടിലായ ലണ്ടൻ പട്ടണത്തിൽ പണിത ആദ്യത്തെ മുസ്‌ലിം പള്ളിയുടെ ചരിത്രം

ആസിഫ് എം. ബാസിത്

**1926** ഒക്ടോബർ 3 ലെ പ്രഭാതം ലണ്ടൻ നിവാസികൾക്ക് മറ്റൊരു ഞായറാഴ്ച പുലരുകയായിരുന്നു, എന്നാൽ പുട്നി വാസികൾക്കതൊരു നീണ്ട കാത്തിരിപ്പിന്റെ അവസാനവും. കഴിഞ്ഞ രണ്ട് വർഷമായി മെൽറോസ് റോഡിലെ എസ് ഡബ്ലിയു 18 ൽ ഒരു പ്രത്യേക മന്ദിരത്തിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു. തദ്ദേശവാസികൾക്ക് ഇത് ഒരു പുതുമയുള്ള കാഴ്ചയായിരുന്നു. 1924 ൽ ഈ മന്ദിരത്തിന് തറക്കല്ലിട്ടത് അഹ്മദിയ്യാ ജമാഅത്തിന്റെ അന്നത്തെ ഖലീഫ ആയിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ആയിരുന്നു. പ്രശസ്തരായ ആർക്കിടെക്റ്റുകളായ ടി.എച്ച്. മതസ ണ്ണിനെപ്പോലുള്ളവരുടെ സന്ദർശനം കൊണ്ടും, എല്ലാ ആഴ്ചകളിലും നടന്നുവരാറുള്ള സന്നദ്ധ സേവക രുടെ ജോലികൾ കൊണ്ടും ഈ സ്ഥലം പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ഇന്നിവിടെ ഈ മന്ദിരം ഉദ്ഘാടനം ചെയ്യപ്പെടാൻ പോവുകയാണ്. ഉച്ചയ്ക്ക് ശേഷമാണ് പരിപാടി. ഈ പരിപാടിയുടെ ചരിത്രപരമായ പ്രത്യേകത, ഇത് ലണ്ടനിലെ ആദ്യത്തെ മുസ്‌ലിം പള്ളിയുടെ ഉദ്ഘാടനം ആയിരുന്നു എന്നത് തന്നെ. ലണ്ടനിൽ കാലങ്ങ ളോളമായി മുസ്‌ലിം സാന്നിദ്ധ്യമുണ്ടെ ങ്കിലും, ഈ ഉദ്ദേശ്യത്തോടുകൂടി ഒരു പള്ളി നിർമിക്കാനുള്ള സൗഭാഗ്യം ആദ്യമായി ലഭിച്ചത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനാണ്. അത് കൊണ്ട് തന്നെ ഇതിന്റെ ചരിത്ര പ്രാധാന്യം ഒന്ന് കൂടി വർദ്ധിക്കുന്നു. സാമൂഹ്യ പരമായും, ഭൂമിശാസ്ത്ര പരമായും ലണ്ടൻ ലോകത്തിന്റെ കേന്ദ്രത്തിലാണ് സ്ഥിതി ചെയ്യുന്നത്. ലണ്ടനിലെ പള്ളി എന്നത് ഇസ്‌ലാമിക ചരിത്രത്തിൽ മാത്രമല്ല, ബ്രിട്ടന്റെ ചരിത്രത്തിൽ തന്നെ സുവർണ ലിപികളാൽ എഴുതപ്പെട്ടിരിക്കുന്നു.

മുസ്‌ലിംകൾക്ക് ഒരു പള്ളി എന്നത് വെറും ഒരു ആരാധനാലയം മാത്രമല്ല. മറിച്ച് അത് അവരുടെ സാംസ്കാരിക, രാഷ്ട്രീയ, സാമൂഹ്യ കേന്ദ്രം കൂടിയാണ്. വളരെകാലം, ഇന്ത്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും കോളനി ഭരണം നടത്തിയിരുന്ന ബ്രിട്ടീഷുകാർക്ക് ഇത് നല്ലപോലെ അറിയാം. ഇത് നിർമിച്ചിരിക്കുന്നതോ, ലോകമെങ്ങും വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന അഹ്മദിയ്യാ സമൂഹവും! വിശ്വാസത്തിന്റെ സംരക്ഷണത്തിനു വേണ്ടി എന്തു ത്യാഗത്തിനും തയ്യാ റുള്ള ഒരു സമൂഹം! ഇവിടെ ആശങ്ക ഉയർത്തുന്ന ഒരു ചോദ്യം, ഇവർ ബ്രിട്ടനിൽ എങ്ങനെ



സ്വീകരിക്കപ്പെടും എന്നതാണ്. ഇന്ത്യയിൽ ക്രിസ്ത്യൻ മിഷനറികൾക്ക് ലഭിച്ച സ്വീകരണ മായിരിക്കുമോ? ഇവരെ രണ്ടു കൈ യും നീട്ടിസ്വീകരിക്കുമോ? പ്രദേശ നിവാസികൾക്ക് ഇത് കൗതുകമുണർത്തുന്ന ഒരു കാര്യമാണെങ്കിലും, ചരിത്രപരമായും, സാമൂഹ്യ പരമായും ഉയർന്നുചിന്തിക്കുന്നവരും, അധികാരികളും ഈ സന്ദർഭത്തെ വളരെ ഗൗരവമായിട്ടു തന്നെയാണ് കാണുന്നത്. ഈ സന്ദർഭത്തിൽ, ഈ മസ്ജിദ് നിർമാണത്തിന് പിന്നിലെ കുറച്ചു ചരിത്രം അറിയുന്നത് നന്നായിരിക്കും.

ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) 1889 ൽ സ്ഥാപിച്ച ഇസ്‌ലാമിക വിഭാഗമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. അദ്ദേഹത്തിന്റെ സ്വദേശം, പഞ്ചാബിലെ 'ഖാദിയാൻ' എന്ന ഒരു കുഗ്രാമമായിരുന്നു. ഈ കാലഘട്ടത്തിൽ അവതരിക്കേണ്ട വാഗ്ദത്ത മസീഹും, മഹ്ദിയും ആണ് താൻ എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഇത് 'പ്രവാചക സമാപ്തി' എന്ന മുസ്‌ലിം സങ്കൽപ്പത്തിന്ന് നിരക്കുന്നതല്ല എന്നായിരുന്നു ഭൂരിപക്ഷ മുസ്‌ലിംകളുടെ മറുപക്ഷവാദം. ഈ വാദം, അതിന്റെ തുടക്കത്തിൽ തന്നെ വൈരുദ്ധ്യം നിറഞ്ഞതാണ്. പ്രവാചകൻ അവസാന പ്രവാചകനാണെന്ന് വിശ്വസിക്കുന്നതോടൊപ്പം തന്നെ മസീഹിന്റെ രൂപത്തിൽ ഒരു ദിവ്യാത്മാവിനെ അവർ പ്രതീക്ഷിച്ചിരിക്കുന്നു എന്നതാണ് ആ വൈരുദ്ധ്യം. വരാൻ പോകുന്ന വ്യക്തി മുൻകഴിഞ്ഞു പോയ മസീഹിന്റെ അക്ഷരാർഥത്തിലുള്ള പുനരാഗമനമായിരിക്കുമെന്ന് അനഹ്മദികളായ മുസ്‌ലിംകൾ വിശ്വസിക്കുമ്പോൾ, അതല്ലമറിച്ച് അത്ആലങ്കാരിക അർഥത്തിൽ മാത്രമാണെന്നും, വരാൻ പോകുന്ന വ്യക്തി മുസ്‌ലിം ഉമ്മത്തിൽ നിന്ന് തന്നെയാണ് വരേണ്ടതെന്നും അഹ്മദി മുസ്‌ലിംകൾ വിശ്വസിക്കുന്നു.

വിശ്വാസത്തിലുള്ള ഈ വ്യത്യാസം മൂലം, മുസ്‌ലിം സമൂഹത്തിൽ നിന്നും അന്യവത്ക്കരിക്കപ്പെട്ടവരാണ് അഹ്മദികൾ. പ്രവാചകർ (സ) ആരാണ് മുസ്‌ലിം എന്നു വ്യക്തമായി പറഞ്ഞ പ്രകാരം, അല്ലാഹുവിലും, പ്രവാചകർ മുഹമ്മദ് നബി (സ) യിലും വിശ്വസിക്കുന്നവരാണ് അഹ്മദികൾ, എങ്കിലും യാഥാസ്ഥിക മതപണ്ഡിതൻമാരുടെ ഫത്‌വകൾ കാരണം, മുസ്‌ലിം പൊതു സമൂഹത്തിൽനിന്ന്, ബഹിഷ്കൃതരാക്കപ്പെട്ടതിനു പുറമെ,



ലണ്ടൻ പള്ളി സന്ദർശിക്കാൻ എത്തിയ ഫൈസൽ രാജാവിനെ സ്വീകരിക്കുന്നു

പല സന്ദർഭങ്ങളിലും, ജീവൻ ബലി അർപ്പിക്കേണ്ടതായും വന്നിട്ടുണ്ട്. പാകിസ്താനിലും മറ്റുചില മുസ്‌ലിം രാജ്യങ്ങളിലും അത് ഇന്നും നടന്നു വരുന്നു. ഇങ്ങനെയെല്ലാമായിരുന്നിട്ടു കൂടി സമാധാനപരമായി ഇസ്‌ലാമിന്റെ സന്ദേശം ലോകമൊട്ടുക്കും പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരാണ് അഹ്മദികൾ. ഔദ്യോഗിക കണക്കുകളനുസരിച്ച് 2011 ഓടു കൂടി 200 ഓളം രാജ്യങ്ങളിൽജമാഅത്ത് സ്ഥാപിതമായി. സെപ്റ്റംബർ ഇലവനു മുമ്പെങ്ങുമില്ലാത്ത രീതിയിൽ ഇസ്‌ലാം വീക്ഷിക്കപ്പെടുന്നുണ്ട്. ഇസ്‌ലാം തീവ്രവാദത്തിന്റെ പേരിൽ ആരോപണ വിധേയമാക്കപ്പെടുന്നുണ്ടെങ്കിലും, മറ്റുള്ള വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന പ്രചാരണ പ്രവർത്തനങ്ങളിൽ മുൻപന്തിയിലാണ് ഇന്ന് അഹ്മദികൾ. വസ്തുതകൾ ഇത്രയൊക്കെ ആയിരിക്കെ ലണ്ടനിലെ ആദ്യത്തെ പള്ളി നിർമിക്കാനുള്ള അവസരം അഹ്മദികൾക്ക് കിട്ടിയതിൽ വലിയ സന്തോഷമൊന്നും അനഹ്മദി മുസ്‌ലിംകൾക്കില്ല. 1924 ഒക്ടോബർ 24 നു തറക്കല്ലിട്ടതു മുതൽ ഈ പള്ളിക്കു വാർത്താമാധ്യമങ്ങളിൽ വമ്പിച്ച പ്രാധാന്യമാണ് ലഭിച്ചിരിക്കുന്നത്. ഇതിനു കാരണം, അന്നത്തെ ഖലീഫയായിരുന്ന മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എഴുതിയ ഒരു സന്ദേശമായിരുന്നു. ഈ സന്ദേശം തറക്കല്ലിടുന്ന സമയത്ത് പ്രത്യേകം തയ്യാറാക്കിയ ഒരു ഫലകത്തിൽ എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു. അത് ഇപ്രകാരമാണ്.

"ഇന്ന് ഹിജ്റ വർഷം 1343 റബിഉൽ അവ്വൽ 20 - നു, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആത്മീയ നേതാവായ ഞാൻ, മിർസാ മഹ്മൂദ് അഹ്മദ്, ദൈവ പ്രീതിമാത്രം ലക്ഷ്യമാക്കിക്കൊണ്ട് നിർമിക്കുന്ന ഈ പള്ളിയുടെ ശിലാസ്ഥാപനം നിർവഹിക്കുന്നു. ദൈവപ്രീതിയാൽ ഇംഗ്ലണ്ടും, ഇംഗ്ലണ്ടിലെ ജനങ്ങളും അനുഗ്രഹിക്കപ്പെടുമാറാകട്ടെ. ഞങ്ങളുടെ ഈ എളിയ സേവനം ദൈവ സവിധത്തിൽ സ്വീകാര്യമാകട്ടെ. ഈ പള്ളിയുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ള വഴികൾ സർവശക്തൻ ഒരുക്കുമാറാകട്ടെ. പരിശുദ്ധിയുടെയും, ന്യായത്തിന്റെയും, സമാധാനത്തിന്റെയും പ്രഭാകേന്ദ്രമായി മാറട്ടെ. ഈ രാജ്യത്തും ലോകമൊട്ടുക്കം ഈ ആത്മീയ പ്രകാശം ചെന്നെത്തുമാറാകട്ടെ. പ്രവാചക പ്രഭു മുഹമ്മദ് നബി(സ) യുടെയും, അദ്ദേഹത്തിന്റെ ആത്മീയ ശിഷ്യൻ ഹദ്റത്ത് അഹ്മദ് (അ)ന്റെ സന്ദേശം പരത്തുന്ന ദിവ്യ പ്രതീകങ്ങളായി മാറട്ടെ."

ഈയൊരു സന്ദേശത്തിന്റെ പൊരുൾ ഉൾക്കൊണ്ടുകൊണ്ട് മസ്ജിദ് ഉദ്ഘാടനത്തിനുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയായി. ഇസ്‌ലാമിലെ വിശുദ്ധകേന്ദ്രങ്ങളുടെ നടത്തിപ്പുകാരൻ എന്ന നിലക്ക് സൗദിയിലെ ഭരണാധികാരി അബ്ദുൾ അസീസ് ഇബ്നു യാണ് ഇതിനായി സംഘാടകർ ക്ഷണിച്ചത്. ക്ഷണം സ്വീകരിച്ച ചക്രവർത്തി, തനിക്കു പകരം തന്റെ മകൻ അമീർ ഫൈസലിനെ (മക്കയിലെ വൈസ്രോയിയും പിന്നീട് സൗദിയുടെ കിരീടാവകാശിയുമായിത്തീർന്ന

ഫൈസൽ രാജാവ്) അയക്കാമെന്നേറ്റു. ഇത് വളരെ സന്തോഷപൂർവ്വം സ്വീകരിച്ച സംഘാടകർ ഉദ്ഘാടനത്തിനുള്ള ഒരുക്കങ്ങൾ തകൃതിയിലാക്കി. സാന്ദർഭികമെന്നു പറയട്ടെ ഈ കാര്യങ്ങളെല്ലാം ചരിത്രപരമായ ഒരു മുഹൂർത്തത്തിലാണ് നടക്കുന്നത്. സഊദി ഭരണാവകാശം പിടിച്ചെടുത്ത അബ്ദുൾ അസീസ് ഇബ്നു സഊദിന്റെ ഭരണം അംഗീകരിച്ച രാജ്യങ്ങളിൽ പ്രധാനിയാണ് ബ്രിട്ടൺ. സഊദിയിലെ അന്നത്തെ ബ്രിട്ടീഷ് ഏജന്റ് എസ്.ആർ. ജോർഡൺ ലണ്ടനിലേക്ക് അയച്ച കത്തിൽ സഊദി ഭരണാധികാരി തന്റെ മകനെ ലണ്ടനിലേക്ക് അയക്കുന്നതിന്റെ ഒരു കാരണം ബ്രിട്ടനോടുള്ള നന്ദി സൂചകമായിട്ടാണ് എന്നും, കൂടാതെ ലണ്ടനിൽ നിർമിക്കുന്ന മുഹമ്മദൻ ചർച്ചിന്റെ ഉദ്ഘാടനവും നടത്തപ്പെടും എന്നുള്ളതും സൂചിപ്പിച്ചിരുന്നു.

1926 സെപ്റ്റംബർ 23 ന് സഊദി രാജകുമാരൻ ലണ്ടനിലെ വാഷിംഗ്ടൺ സ്റ്റേഷനിൽ എത്തിച്ചേർന്നു. എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായിരുന്നു. രാജകുമാരന്റെ ആഗമനോദ്ദേശ്യം മസ്ജിദിന്റെ ഉദ്ഘാടനമായിരിക്കെ അദ്ദേഹത്തെ സ്വീകരിക്കാൻ ലണ്ടൻ ഇമാം എ.ആർ. ദർദ് സാഹിബിന്റെ നേതൃത്വത്തിൽ ജമാഅത്ത് ഭാരവാഹികൾ ഉണ്ടായിരുന്നു. അദ്ദേഹത്തെ സ്വീകരിച്ച് പ്രത്യേകം തയ്യാറാക്കിയ ഹൈഡ് പാർക്ക് ഹോട്ടലിലെത്തിച്ചു. മസ്ജിദിന്റെ ഉദ്ഘാടനം അഹ്മദികളെ സംബന്ധിച്ച് ഒരു ഉത്സവമായിരുന്നു. ഇതിന്റെ മുഴുവൻ നിർമാണ ചെലവിനുള്ള പണവും നൽകിയത് ഇന്ത്യയിലെ പാവപ്പെട്ട അഹ്മദികളായിരുന്നു. സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഇതിൽ ഉൾപ്പെടും. ഭൂരിഭാഗവും സ്ത്രീകളായിരുന്നു. ഇതിൽ പലരും സാധാരണ വീട്ടമ്മമാരായിരുന്നു. ഈ ലക്ഷ്യത്തിനുവേണ്ടി സ്വന്തം ആഭരണങ്ങളും വീട്ടിലെ വിലപിടിച്ച വസ്തുക്കളും വരെ വിറ്റു കൊണ്ടായിരുന്നു പണം സ്വരൂപിച്ചത്. ഈ ത്യാഗങ്ങളുടെയെല്ലാം പിന്നിൽ ഖലീഫാ തിരുമനസ്സിന്റെ നിരന്തരമുള്ള ഖുർആൻ പ്രഭാഷണങ്ങളായിരുന്നു. ലണ്ടനിലൊരു പള്ളി നിർമിക്കേണ്ടതിന്റെ ചരിത്രപരമായ പ്രാധാന്യം ഖുത്ബകളിൽ ഹുസൂർ ആവർത്തിച്ചിരുന്നു. 'കിഴക്കും - പടിഞ്ഞാറും ഒന്നിക്കുന്നു' എന്ന തലക്കെട്ടോടെയായിരുന്നു മിക്ക മാധ്യമങ്ങളും ഇതിനെ എതിരേറ്റത്.

ഹൗസ് ഓഫ് ലോർഡ്സിലെയും, ഹൗസ് ഓഫ് കോമ്മൺസിലെയും 30 ഓളം പേർ സന്നിഹിതരാകേണ്ടിയിരുന്നതായും രാജകുടുംബത്തിലെ അംഗങ്ങൾ വരെ ക്ഷണിക്കപ്പെട്ടതായും, ഔദ്യോഗിക രേഖകൾ സൂചിപ്പിക്കുന്നു. 1926 ഒക്ടോബർ 2 ലെ ടൈംസ് മാസിക, ഫൈസൽ രാജകുമാരന്റെ ആഗമനത്തെക്കുറിച്ചും, ഉദ്ഘാടന ചടങ്ങുകളെക്കുറിച്ചും ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി.

സൗദീ രാജകുമാരന്റെ ആഗമനത്തോടെ ആരംഭിക്കുന്ന പരിപാടികൾ, പള്ളിയുടെ വാതിലുകൾ പ്രത്യേകമായി നിർമിച്ച വെള്ളി താക്കോലുകൾ കൊണ്ട് തുറക്കപ്പെടുന്നതോടെ ഔദ്യോഗികമായി വിശ്വാസികൾക്കായി തുറക്കപ്പെടും എന്നതായിരുന്നു പ്ലാൻ. ഇതിനു ശേഷം പ്രത്യേകം സജ്ജീകരിച്ച ഹാളിൽ, എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ ഹുസൂർ തിരുമനസ്സിന്റെ സന്ദേശം വായിച്ചു കേൾപ്പിക്കുവാനുള്ള ഏർപ്പാടുകളും ചെയ്തിരുന്നു. ഹുസൂർ തിരുമനസ്സിനു നേരിട്ട് പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. അന്നത്തെ ദിവസം എല്ലാവരും ഉത്സാഹത്തിലായിരുന്നു. മുമ്പെങ്ങും കാണാത്ത ഒരു പ്രത്യേക ആവേശം എല്ലാവരിലും കണ്ടിരുന്നു. ഒരു ചരിത്ര മുഹൂർത്തത്തിനു സാക്ഷിയാവുന്നതിന്റെ ആവേശമായിരുന്നു . വൈകീട്ട് 3 മണിയോടെ മുഖ്യാതിഥികൾ എല്ലാവരും എത്തിച്ചേർന്നു. ബ്രിട്ടീഷ് എം.പി.മാരും, ഹൗസ് ഓഫ് ലോർഡ്സിലെ മെമ്പർമാരും, ആംഗലേയ സഭയിലെ അംഗങ്ങളും, വിദേശ എംബസി പ്രതിനിധികളും, ജീവിതത്തിലെ നാനാതുറകളിലുള്ള പ്രമുഖരും സന്നിഹിതരായിരുന്നു. ഇത് കൂടാതെ സർ. ഹാരി ബ്രിട്ടൻ . എം.പി, സർ. പി.ജെ. ഹാന്നൺ ജെ.പി, വാണ്ട്സ് വെർത്ത് മെയർ, ഖാൻ ബഹാദൂർ ഷേഖ് അബ്ദുൾ ഖാദിർ (ഇദ്ദേഹം ലീഗ് ഓഫ് നേഷൻസിലെ ഇന്ത്യൻ പ്രതിനിധി ആയിരുന്നു) പങ്കെടുത്തു. ഇതൊന്നും കൂടാതെ ചടങ്ങിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബ്രിട്ടനിലെ മുസ്ലിം പൊതുജനവും ആവേശപൂർവം എത്തിച്ചേർന്നു.

ചടങ്ങുകൾ ആരംഭിക്കുന്നതിന് വെറും അരമണിക്കൂർ ശേഷിക്കേ, ലണ്ടൻ ഇമാമിന് ഒരു കമ്പി സന്ദേശം ലഭിച്ചു. എല്ലാവരെയും അദ്ഭുതപ്പെടുത്തുകയും ആശങ്കാഭരിതരാക്കുകയും ചെയ്ത ആ സന്ദേശം, സഊദി രാജാവിന്റെ വിദേശ സെക്രട്ടറിയിൽ നിന്നായിരുന്നു. ഇതിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു.

''അതീവ ദു:ഖത്തോടുകൂടി ഈ പരിപാടിയിൽ പങ്കെടുക്കാൻ അമീർ ഫൈസൽ ഇബ്നു അബ്ദുൽ അസീസിന് സാധിക്കില്ല എന്ന് അറിയിച്ചു കൊള്ളുന്നു. ഈ മസ്ജിദിന്റെ എല്ലാ അഭിവൃദ്ധിക്കും വിജയത്തിനും വേണ്ടി ആശംസകളറിയിക്കുന്നു. താങ്കളുടെ പ്രവൃത്തികൾക്ക് വിജയം ലഭിക്കാൻ ദൈവത്തോട് പ്രാർഥിക്കുന്നു."

അവസാന നിമിഷത്തിൽ ലഭിച്ച ഈ സന്ദേശം എല്ലാവരെയും ആശങ്കാകുലരാക്കി. ഇത് ഒരു സാധാരണ ചടങ്ങായിരുന്നുവെങ്കിൽ ലണ്ടൻ ഇമാം സ്വയം ഒരു തീരുമാനം എടുക്കുമായിരുന്നു. മറിച്ച് ചടങ്ങിന്റെ അതീവ പ്രാധാന്യം ഖലീഫാ തിരുമനസ്സിനെ അറിയിക്കേണ്ടത് ആവശ്യമായിരുന്നു. ഹുസൂർ തിരുമനസ്സിന് ഉടൻ തന്നെ കമ്പി അയച്ചു. പുതിയ സംഭവ വികാസങ്ങൾക്കനുസരിച്ച് എന്താണ് ചെയ്യേണ്ടത് എന്ന് ചോദിച്ചു കൊണ്ടുള്ള സന്ദേശമായിരുന്നു അത്. ഹുസൂറിൽ നിന്നും വളരെ പെട്ടെന്നു തന്നെ മറുപടി ലഭിച്ചു. പരിപാടിയിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം നടത്തുന്നതും ഫൈസൽ രാജകുമാരനു പകരം ഖാൻ ബഹദൂർ ഷേക് അബ്ദുൾ ഖാദിർ സാഹിബിനെ ഉദ്ഘാടന കർമ്മം നിർവഹിക്കാൻ ഏൽപ്പിക്കാൻ നിർദേശിച്ചു. പിന്നീടുള്ള പരിപാടികളെല്ലാം പ്രതീക്ഷിച്ചതുപോലെ നടന്നു. തലേന്നു പ്രസിദ്ധീകരിച്ച ടൈംസ് മാസികയിൽ വന്നത് ഇപ്രകാരമായിരുന്നു.

"ക്രിസ്തീയ വിശ്വാസത്തിനു പുറത്തുള്ള വിശ്വാസ കാര്യങ്ങളിൽ സുപ്രധാനമായ ഒരു ചരിത്ര സന്ദർഭമാണ് ഇത്. ഹണ്ട്സ് വർത്തിലെ മെട്രോപൊളിറ്റൻ ബറോവിൽ സ്ഥിതി ചെയ്യുന്ന ഇത് ഇസ്ലാമിക പ്രാർഥനയ്ക്കു വേണ്ടി നിർമിക്കപ്പെട്ട ആദ്യത്തെ മന്ദിരമാണ്. മേയറും ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കുന്നതാണ്"

ഡെയ്ലി ക്രോണിക്ക്ൾ ഇപ്രകാരം റിപ്പോർട്ട് ചെയ്തു.

''ലണ്ടനിലെങ്ങും ആവേശമുയർത്തിയ ഒരു ഔദ്യോഗിക ചടങ്ങായിരുന്നു ഇത്"

വെസ്റ്റ്മിനിസ്റ്റർ ഗസറ്റ് ഇപ്രകാരമാണ് റിപ്പോർട്ട് ചെയ്തത്

''മുസ്ലിം സമൂഹത്തിന് വളരെ സുപ്രധാനമായ ഒരു സന്ദർഭമാണ് ഇത്"

പത്രമാധ്യമങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് സജീവമായിരുന്നു ചടങ്ങുകൾ.

ശേഷം പേജ് 36-ൽ

# നവോത്ഥാനം: ദൈവീക പ്രസ്ഥാനത്തിലൂടെ

യാസർ അറഫാത്ത്, തിരുത്തിയാട്

ഇക്കാലത്തെ ഇസ്‌ലാമിക നവോത്ഥാനത്തിന് അല്ലാഹു അയച്ച വാഗ്ദത്ത മസീഹിലൂടെയാണ് തുടക്കം കുറിക്കപ്പെട്ടിരിക്കുന്നത്. ഖിലാഫത്ത് വ്യവസ്ഥയാണ് ആ നവോത്ഥാനത്തെ ദൈവിക പാതയിലൂടെ മുന്നോട്ടു നയിക്കുന്നത്. ഈ ദിവ്യവ്യവസ്ഥയുടെ പ്രതിഫലനങ്ങളും അനുകരണങ്ങളും മറ്റു മുസ്‌ലിം കക്ഷികളിലും ദൃശ്യമാണ്. ഇസ്‌ലാമിക നവോത്ഥാനത്തിന്റെ അവകാശ വാദവുമായി പ്രാദേശിക സംഘടനാഗ്രൂപ്പുകൾ സെമിനാറുകളും ക്യാമ്പയി നുകളും സംഘടിപ്പിക്കുമ്പോൾ, യഥാർഥത്തിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ചത് ദൈവീക പ്രസ്ഥാനമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണെന്ന് ഈ ലേഖനത്തിലൂടെ സമർഥിക്കുകയാണ്.

ഇസ്‌ലാമിലെ ജാഹിലിയ്യാ കാലഘട്ടം എന്ന് വിശേഷിപ്പിക്കപ്പെടുന്ന 19-ാം നൂറ്റാണ്ടിൽ ക്രൈസ്തവതക്ക് ലോക ത്തിനുമേൽ പ്രകടമായ സ്വാധീനവും മേധാവിത്വവുമുണ്ടായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഭാഗം ക്രൈസ്ത വതയുടെ ബഹുദൈവത്വത്തിന്റെയും പാശ്ചാത്യ ഭൗതികതയുടെയും ദ്വിമുഖ ദജ്ജാലീ ആക്രമണത്തിന്റെ പാരമ്യത്തിൽ മുസ്‌ലിം ലോകം ഭയവിഹ്വലമായിത്തീർന്നിരുന്നു. മോഹഭംഗങ്ങളുടെയും ഭൗതീകവും ആത്മീയവുമായ അധഃപതനത്തിന്റെയും അഗാധ ഗർത്തത്തിലായിരുന്ന ആഗോള മുസ്‌ലിം സമൂഹം അതിജീവനത്തിന് വേണ്ടി പ്രവചിതമായ വാഗ്ദത്ത രക്ഷകനെ കാത്ത് പ്രതീക്ഷയോടെ കാത്തു നിൽക്കുകയായിരുന്നു. മുഹമ്മദ് മുസ്തഫാ തിരുമേനി(സ) യിലൂടെ പരിപൂർണമായ ഇസ്‌ലാം തിരുമേനി(സ)യുടെ പ്രവചന പ്രകാരം തന്നെ മൂന്ന് നൂറ്റാണ്ടുകൾ ഉത്തമ നൂറ്റാണ്ടുകളായി നിലനിൽക്കുകയും അതിന് ശേഷം വ്യാജത്തിന്റെ വ്യാപനത്തിലൂടെ അധഃപതിക്കാൻ തുടങ്ങുകയും ചെയ്തു. അവിടം മുതൽ ആയിരം വർഷമാവുന്നത് വരെ ആത്മീയതയിൽ നിന്നകന്ന് കൊണ്ട് ഭൗതികതയിലേക്കുള്ള പ്രയാണത്തിന് വേഗം കൂടിവരികയുണ്ടായി. അങ്ങനെ 13 നൂറ്റാണ്ട് പൂർത്തിയാവുമ്പോഴേക്കും മുസ്‌ലിംകളുടെ ഈമാൻ ഭൂമിയിൽ നിന്നും വിട്ട് സുരയ്യാ നക്ഷത്രത്തിലെത്തിച്ചേർന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ ശോച്യാവസ്ഥയെ അപേക്ഷിച്ച് വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിന് ശേഷം ആശാവഹമായ ഉണർവാണ് ഇസ്‌ലാമിൽ കാണാൻ കഴിയുന്നത്. ഈ നവജാഗരണം അതിന്റെ പുറം മോടിയോടെ മസീഹിനെ എതിർത്തവരിലും ദൃശ്യമായി. അതിന് ശേഷം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇസ്‌ലാമിന് ഒരു നവോന്മേഷം വരാൻ തുടങ്ങി. എവിടെയും മനോഹരങ്ങളായ പള്ളികൾ ഉയർന്നു വരുന്നു. വിശ്വാസികൾ വർദ്ധിച്ചു വരുന്നു. പ്രത്യേകിച്ചും യുവതലമുറ ഇസ്‌ലാമിനോട് കൂടുതൽ താൽപ്പര്യം കാണിച്ചു കൊണ്ടിരിക്കുന്നു. പർദാ ധാരിണികളായി പൊതു രംഗത്ത് കടന്ന് വരുന്ന മുസ്‌ലിം സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. ശാസ്ത്ര ഗവേഷണ മേഖലകളിലും സാങ്കേതിക വിദ്യാഭ്യാസരംഗങ്ങളിലും മുസ്‌ലിം സ്വാധീനം വർദ്ധിച്ചു വരുന്നു. ലോക കോടതി, ലോക ബാങ്ക് എന്നിവയുടെ തലപ്പത്തും നോബൽ സമ്മാന ജേതാക്കളിലും മുഹമ്മദ് നബി(സ) യുടെ മേൽ സ്വലാത്ത് ചെല്ലുന്നവർ വന്നു കൊണ്ടിരിക്കുന്നു. ലോക ഭാഷകളിൽ വി. ഖുർആൻ തർജമകളും വ്യാഖ്യാനങ്ങളും ഹദീസു ഗ്രന്ഥങ്ങളും മറ്റ് ഇസ്‌ലാമിക ഗ്രന്ഥങ്ങളും വർദ്ധിച്ചു വരുന്നു. ഇന്റർനെറ്റിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതും ആരോപണങ്ങൾക്ക് മറുപടി പറയുന്നതുമായ ധാരാളം സൈറ്റുകൾ കാണാൻ കഴിയുന്നു. ഇസ്‌ലാമിക രീതിയിലുള്ള

ഗവേഷണങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ചരിത്രവും ശാസ്ത്രവും വികസിച്ചു വരുന്നു. ചുരുക്കിപ്പറഞ്ഞാൽ ലോകമെങ്ങും ഇസ്‌ലാമിക നവ ജാഗരണത്തിന്റെ അലയടികളാണ് ദൃശ്യമായിക്കൊണ്ടി രിക്കുന്നത്. പ്രത്യേകിച്ച് പടിഞ്ഞാറൻ രാഷ്ട്രങ്ങളിൽ മുഹമ്മദ് മുസ്തഫാ(സ) ആകുന്ന സൂര്യൻ ഉദിച്ചുയർന്നു വരുന്ന കാഴ്ച ഏതൊരു മുസ്‌ലിമിന്റെയും ഹൃദയത്തെ പുളകം കൊള്ളിക്കുമെന്നതിൽ സംശയമില്ല.

കേരളത്തെ സംബന്ധിച്ചിടത്തോളം നവോത്ഥാന പ്രസ്ഥാനങ്ങൾ അവരുടേതായ പങ്കു നിർവഹിച്ചു വരുന്നു. 1920 കൾക്ക് ശേഷം രൂപം കൊണ്ട മുസ്‌ലിം ഐക്യ സംഘം കേരള ജംഇയ്യത്തുൽ ഉലമയും അതിന് ശേഷം കേരള നദ്‌വത്തുൽ മുജാഹിദീനുമായി നവോത്ഥാനത്തിൽ തുടങ്ങിയ സംഘടനകൾ തനതായ പങ്ക് നിർവഹിക്കുകയുണ്ടായി. ഇപ്പോഴാകട്ടെ ഏ. പി. ഗ്രൂപ്പും എഷ്. എം. ഗ്രൂപ്പും രണ്ടുമല്ലാത്ത ഗ്രൂപ്പും ഗ്രൂപ്പില്ലാഗ്രൂപ്പുമായി വേർപിരിഞ്ഞുവെങ്കിലും എണ്ണപ്പണത്തിന്റെ ബലത്തിൽ മത്സര ബുദ്ധിയോടുകൂടി ദീനി സേവന പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.1920 കൾക്ക് ശേഷം സുന്നികൾ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എന്നപേരിൽ സംഘടിത പ്രവർത്തനങ്ങളും വിദ്യാഭ്യാസ തൊഴിൽ ദാന മേഖലകളിൽ സേവനങ്ങളും അർപ്പിക്കുന്നു. ഇപ്പോൾ ചേളാരിയിലും കാരന്തൂരിലും കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് പ്രമുഖ ഗ്രൂപ്പുകൾ സമുദായ സേവന രംഗങ്ങളിൽ മത്സര ബുദ്ധ്യാ പ്രവർത്തിച്ചു വരുന്നു. 1940 കൾക്ക് ശേഷം സ്ഥാപിതമായ ജമാഅത്തെ ഇസ്‌ലാമി മറ്റു സംഘടനകൾ ശ്രദ്ധചെലുത്താതിരുന്ന മേഖലകളാണ് പ്രവർത്തനത്തിനായി തെരഞ്ഞെടുത്തത്. ഒരു പ്ലൂറലിസ്റ്റ് രാജ്യമായ ഇന്ത്യയിൽ മതാധിഷ്ഠിത രാഷ്ട്രത്തിന്റെ സ്ഥാപനമായിരുന്നു അവരുടെ ലക്ഷ്യം. അതിനനുസൃതമായി വിദ്യാഭ്യാസ, സാഹിത്യ മാധ്യമ, സാംസ്കാരിക രംഗങ്ങളിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുന്ന സേവനങ്ങളിൽ ഏർപ്പെടാൻ ജമാഅത്തെ ഇസ്‌ലാമി ശ്രദ്ധിച്ചിട്ടുണ്ട്. സന്നദ്ധ സേവന സംഘടനകളിലൂടെ നടത്തി വരുന്ന സാമൂഹ്യ സേവനം ഇപ്പോൾ സ്വന്തം രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്ന തലം വരെ എത്തിയിരിക്കുന്നു.

ലോകത്ത് കാണപ്പെടുന്ന ആശാവഹമായ ഈ ഉണർവിന്റെ പ്രാരംഭ കാരണമെന്താണ്? ഇതിന് ഉത്തരം തേടുമ്പോൾ ഇന്ന് നിലവിലുള്ള നവോത്ഥാന പ്രസ്ഥാനങ്ങൾ എന്നവകാശപ്പെടുന്നവരുടെ രൂപീകരണത്തിന് മുമ്പുള്ള കാലഘട്ടത്തിലേക്ക് നമ്മുടെ ശ്രദ്ധതിരിയേണ്ടതുണ്ട്. ഭൗതിക പ്രസ്ഥാനങ്ങൾ മിഥ്യാ മോഹങ്ങളുടെ പിന്നാലെ മനുഷ്യ സഹജമായ പ്രചോദനങ്ങളോടെ കുറച്ച് കാലം മുന്നോട്ടു പോകുകയും കാലാന്തരത്തിൽ യാഥാർഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ അവയുടെ കുതിപ്പ് കിതപ്പായി മാറുകയും ഒടുക്കം ഊർദ്ധശ്വാസം വലിക്കുകയും ചെയ്യുന്നു. എന്നാൽ ആത്മീയമായ പ്രസ്ഥാനങ്ങൾക്ക് കാലഘട്ടത്തിനനുസൃതമായി സ്ഥൈര്യത്തോടെയുള്ള നവോന്മേഷം പകരുന്നത് ദൈവിക വെളിപാടുകൾ കൊണ്ട നുഗൃഹീതരായ മഹാത്മാക്കളാണ്. അവരെയാണ് മുജദ്ദിദുകൾ (മത പരിഷ്കർത്താക്കൾ) എന്ന് വിളിക്കുന്നത്. മുഹമ്മദ് മുസ്തഫ (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ഓരോ നൂറ്റാണ്ടിന്റെ തലക്കലും അല്ലാഹു വിനാൽ എഴുന്നേൽപ്പിക്കപ്പെടുന്ന പരിഷ്കർത്താക്കളാണ് ഈ സമുദായത്തിന് ഊർജസ്വലതയോടെ കുതിച്ചു മുന്നേറുവാൻ കരുത്ത് പകർന്നിട്ടുള്ളത്. അവർ പ്രധാനമായും ഓരോ നൂറ്റാണ്ടിന്റെ തലക്കലും നിയോഗിക്കപ്പെട്ട മുഹിയിദ്ദീൻ(ദീനിനെ ജീവിപ്പിക്കുന്നവൻ) ആയിരുന്നു. അത് പ്രകാരം ഹിജ്റ 12-ാം നൂറ്റാണ്ടുവരെ നിയോഗിതരായ മുജദ്ദിദുമാരെ മുസ്‌ലിം ലോകം ഒന്നടങ്കം അംഗീകരിക്കുന്നു. നബി (സ) ക്കു ശേഷം ഉത്തമ നൂറ്റാണ്ടെന്ന് വിശേഷിപ്പിക്കപ്പെട്ട മൂന്നു നൂറ്റാണ്ടും അതിന് ശേഷം ഈമാനുയർന്നു പോകുന്ന ആയിരം വർഷവും കഴിയുമ്പോഴാണ് പ്രവചനപ്രകാരം ഭൂമിയിൽ ഈമാൻ പുനഃസ്ഥാപിക്കപ്പെടുക എന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കുന്നു. അഹ്മദ് (അ) ആഗതരായ 13-ാം നൂറ്റാണ്ടിൽ അദ്ദേഹത്തെ കൂടാതെ മറ്റൊരാളും മുജദ്ദിദ് വാദം ഉന്നയിച്ചിട്ടില്ല. ഈ കാലഘട്ടത്തിലെ മുജദ്ദിദ് ആരാണെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ അന്വേഷണം ഇമാം മഹ്ദിയിലേക്ക് തിരിയുന്നുവെന്ന് മനസ്സിലാക്കിയ സമുദായ സംഘടനകളാണ് ഈ നൂറ്റാണ്ടിലെ മുജദ്ദിദ് ഒരു 'പ്രസ്ഥാന'മായിരിക്കുമെന്ന നൂതനവാദം കൊണ്ടുവന്നത്. ഇമാം മഹ്ദി(അ)നെ നിഷേധിക്കാൻ അദ്ദേഹത്തെപ്പറ്റി പ്രവചിച്ച റസൂൽ തിരുമേനി(സ)യുടെ വചനങ്ങളെപ്പോലും നിഷേധിക്കുന്ന വിധം ദുർവ്യാഖ്യാനം ചമക്കാനും ആ ഹദീസ് തന്നെ അപ്രസക്തമാണെന്ന വാദം ഉന്നയിക്കാനും ധൃതിപ്പെടുന്നതു കാണുമ്പോൾ ദൈവഭയം ഈ സംഘടനകളിൽ നിന്നും നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാവുന്നു.

നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടതെങ്ങിനെയെന്ന് പരിശോധിക്കുകയാണെങ്കിൽ ചില വസ്തുതകൾ നമുക്ക് ബോധ്യമാവും. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ കേരളത്തിൽ സ്ഥാപിതമായിരുന്നു. ഉൽപ്പതിഷ്ണുക്കൾ പുരോഗമനപരമെന്നു പറയുന്ന മലയാളത്തിലുള്ള ജുമുഅ ഖുത്ബ മുജാഹിദുകൾ നടത്തുന്നതിന് പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ അഹ്മദികൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. അപ്രകാരം സ്ത്രീകളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ജുമുഅ നമസ്ക്കാരം ആരംഭിച്ചതും അഹ്മദികൾ തന്നെ. ജാറം മൂടൽ, പിഞ്ഞാണമെഴുത്ത്, ഉറുക്ക് കെട്ടൽ, ശകുനം നോക്കൽ, പുണ്യത്തിനായി മങ്കൂസ് മൗലൂദ്, മാലപ്പാട്ട് ഓതൽ, മുതലായ അസംഖ്യം ദുരാചാരങ്ങളിൽനിന്നും അഹ്മദി മുസ്‌ലിംകൾ ആരംഭകാലം മുതൽ തന്നെ അകന്ന് നിൽക്കുന്നവരാണ്. ഇന്ന് കേരളത്തിൽ മുജാഹിദ് പ്രസ്ഥാനം കൊണ്ടു വന്നുവെന്ന് അവകാശപ്പെടുന്ന ഗുണപരമായ മാറ്റങ്ങളെല്ലാം പതിറ്റാണ്ടുകൾക്ക് മുമ്പേ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രാവർത്തികമാക്കിയിരുന്നു. ഇത്തരം യഥാർഥ്യങ്ങൾക്ക് നേരെ മുജാഹിദ് നേതാക്കന്മാർ മൗനമവലംബിക്കുകയാണ് പതിവ്. കേരളത്തിൽ അഹ്മദികളെ അപേക്ഷിച്ച് മുജാഹിദ്-ജമാഅത്ത് പ്രസ്ഥാനങ്ങൾക്ക് അംഗബലം കൂടുതലുള്ളത് കൊണ്ട് കേരളത്തിലെ ഇസ്‌ലാമിക നവോത്ഥാനത്തിന്റെ മൊത്തം കുത്തകയുടെ അവകാശം അവർ ഉന്നയിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ ഇതിന്റെയെല്ലാം പ്രഭവ കേന്ദ്രം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തായിരുന്നു എന്നതാണ് സത്യം. അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഉയർത്തിപ്പിടിക്കുന്ന ആശയങ്ങൾ സാവകാശം മറ്റ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഏറ്റെടുത്തു കൊണ്ടിരിക്കുകയാണ്. മലയാള ഭാഷയിൽ ഇന്നു നിലവിലുള്ള ഇസ്‌ലാമിക ആനുകാലികങ്ങളിൽ ഏറ്റവും ആദ്യം ആരംഭിച്ചത് കേരളാ അഹ്മദിയ്യാ ജമാഅ

ത്തിന്റെ മുഖപത്രമായ 'സത്യദൂതൻ' ആണ്. ഈസാ നബി(അ) യുടെ മരണം, മുഹമ്മദ് നബി (സ) ശ്രേഷ്ഠ പ്രവാചകൻ, ശ്രീരാമനും ശ്രീകൃഷ്നനും ശ്രീബുദ്ധനും പ്രവാചകന്മാർ, ഹദീസുകൾക്ക് മേൽ ഖുർആനുള്ള പ്രാമാണികത, വിശുദ്ധ ഖുർആനിൽ ദുർബലമാക്കപ്പെട്ട ആയത്തുകളില്ല, അറബി ഭാഷ ഭാഷാ ജനനി, മതാന്തര സംവാദങ്ങൾ ഗുരുനാനാക്ക് ഒരു മുസ്‌ലിം വലിയ്യ്, ജിന്നുകളുടെ യാഥാർഥ്യം, ഖുർആൻ വചനങ്ങളെ ജ്ഞനാനപരമായും യുക്തിപരമായും വ്യാഖ്യാനിക്കൽ, പ്രസ്ഥാനത്തിലെ സ്ത്രീ-പുരുഷൻമാരേയും കുട്ടികളേയും പ്രായത്തിനനുസരിച്ച് വിവിധ ഘടകങ്ങളായി വേർതിരിക്കൽ... തുടങ്ങി ഇന്ന് മുസ്‌ലിം ലോകത്ത് കാണുന്ന ഇസ്ലാമിക നവോത്ഥാന ചലനങ്ങൾക്കെല്ലാം തുടക്കം കുറിച്ചത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകരോ അദ്ദേഹത്തിന്റെ ഖലീഫമാരോ ആണ്. സൂര്യനുദിച്ചുയർന്നാൽ അതിന്റെ പ്രകാശകിരണങ്ങൾ ശുദ്ധ ജലത്തിൽതട്ടി പ്രകാശിക്കുന്നത് പോലെ അഴുക്കുജലത്തിലും പ്രകാശത്തിന്റെ പ്രതിഫലനം ദൃശ്യമാവുന്നതാണ്. അപ്രകാരം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ അംഗീകരിക്കാത്തവർ പോലും ആ ആത്മീയ ജ്യോതിസ്സിൽ നിന്നും ബാഹ്യ മാത്രമായെങ്കിലും പ്രകാശവും പ്രചോദനവുമുൾ കൊള്ളുവാൻ നിർബന്ധിതരായി. യഥാർഥ ഇസ്‌ലാം ലോകം കീഴടക്കുന്നതിന്റെ മുന്നൊരുക്കങ്ങളാണ് എവിടെയും കാണപ്പെടുന്നത്. അതിനിടക്ക് നവോത്ഥാനത്തിന്റെ കുത്തക അവകാശപ്പെടുന്ന മുക്കുമൂല സംഘടനകൾ രംഗത്ത് വരുന്നത് സ്വഭാവികമാണ്. അവരുടെ അവകാശ വാദങ്ങളിലെ ശരികളെല്ലാം അംഗീകരിച്ചുകൊണ്ടു തന്നെ അവക്കെല്ലാം പ്രാരംഭം കുറിച്ചത് ഒരു ദൈവനിയുക്ത വാദിയാണെന്ന് സത്യം അംഗീകരിച്ചേ തീരൂ.

കേരളത്തിൽ മുജ-ജമ- സുന്നികളുടെ പ്രവർത്തനങ്ങളെല്ലാം നിലനിൽക്കുന്നത് ഗൾഫ് പണത്തിന്റെ പിൻബലത്തോടെയാണ്. ഗൾഫ് പണത്തിന്റെ ധാരാളിത്ത്വമാണ് ഈ മുസ്‌ലിം സംഘടനകളുടെ വർണപൊലിമക്കടിസ്ഥാനം. ഇപ്പോൾ ഈ സംഘടനകളെല്ലാം പിളർപ്പിന്റെയും പരസ്പര പോരാട്ടത്തിന്റെയും വഴിയിലാണ്. ഈ പോരാട്ടത്തിന് ദീനീ താൽപര്യങ്ങളുമായി യാതൊരു ബന്ധവുമില്ല. എല്ലാത്തിന്റെയും പിന്നിൽ അധികാരമോഹവും സാമ്പത്തിക താൽപര്യവുമാണെന്ന് കാണാം. ഖിലാഫത്ത് വ്യവസ്ഥ കൊണ്ടനുഗൃഹീതമായ ഒരു ദൈവിക സംവിധാനത്തിന്ന് മാത്രമേ ദൈവികമായുണ്ടായ നവോ ത്ഥാനത്തിന്റെ സത്ഫലങ്ങൾ സുസ്ഥി രമായി നിലനിർത്താൻ സാധിക്കു കയുള്ളൂ. ഇസ്‌ലാം മതത്തെ നേർ മാർഗത്തിൽ വഴിനടത്താൻ ഇമാം മഹ്ദി ആഗതനാകുമെന്ന് മുസ്‌ലിംകൾക്ക് സുവിശേഷമറിയിച്ച റസൂൽ തിരുമേനി(സ)യുടെ മേൽ ആയിരമായിരം സലാമും സ്വലാത്തും വർഷിക്കുമാറാകട്ടെ( ആമീൻ)

---

33 ൽ നിന്ന് തുടർച്ച

ഉദ്ഘാടനം നിർവഹിച്ച ബഹുമാന്യഷേയ്ക്ക് താൻ ഒരഹ്മദിയല്ല എന്ന കാര്യം വ്യക്തമാക്കിയതിനു ശേഷം ഈ സന്ദർഭത്തിന്റെ പ്രാധാന്യം വ്യക്തമാക്കി. തുടർന്നദ്ദേഹം ഇപ്രകാരം പ്രസംഗിച്ചു.

"ചടങ്ങുകൾ നടത്തുന്നതിനോട് തനിക്ക് വലിയ അഭിപ്രായമില്ല. എന്നാൽ മാറിവരുന്ന സാഹചര്യങ്ങളിൽ "പബ്ലിസിറ്റി" വളരെ പ്രാധാന്യമുള്ളതാണ്. ലണ്ടനിലെ ഇസ്‌ലാമിക പ്രചാരണത്തിന് ഒരു മുതൽക്കൂട്ടായിരിക്കും ഈ പള്ളി. ഒരു പക്ഷേ ഈ പ്രചാരണം ലഭിച്ചിട്ടില്ലെങ്കിൽ ഈ ചടങ്ങും സമൂഹത്തിന്റെ കണ്ണിൽ അപ്രസക്തമായിരുന്നു.

അമുസ്‌ലിംകളായ പല പ്രമുഖ വ്യക്തികളുടെയും സന്ദേശങ്ങളും വായിക്കപ്പെട്ടു. ഇതിനു ശേഷം ഖാദിയാനിൽ നിന്നും അയച്ച ഹുസൂർ തിരുമനസ്സിന്റെ സന്ദേശം വായിപ്പിക്കപ്പെട്ടു. ''ലണ്ടനിൽ പള്ളി നിർമിച്ചതിന്റെ യഥാർഥ ഉദ്ദേശം വ്യക്തമാക്കുന്നതായിരുന്നു ഹുസൂറിന്റെ സന്ദേശം. സന്ദേശം ഇപ്രകാരമായിരുന്നു.

"ക്രിസ്തമതത്തോട് യാതൊരു വിധ ശത്രുതയും ഞങ്ങൾ പുലർത്തുന്നില്ല, മറിച്ച് ക്രിസ്തു ദൈവത്തിന്റെ സത്യപ്രവാചകനും, പരിശുദ്ധനുമാണ് എന്നതാണ് ഞങ്ങളുടെ വിശ്വാസം."

തുടർന്ന് മസ്ജിദ് നിർമിക്കുന്നതിന്റെ ഉദ്ദേശ്യം വിശദീകരിച്ചു കൊണ്ട് ഹുസൂർ ഇപ്രകാരം എഴുതി,

"ഏകദൈവാരാധനയ്ക്കുള്ള പരിശുദ്ധ ഗേഹമായി ഈ മസ്ജിദ് പ്രാവർത്തികമാകും. ജനങ്ങളുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം അങ്കുരിപ്പിക്കുന്നതിന്റെ കേന്ദ്രമായിത്തീരട്ടെ ഈ മസ്ജിദ്. വിവിധ മതാനുയായികൾ തമ്മിലുള്ള സ്പർധ ഇല്ലായ്മ ചെയ്യുന്നതിനും പരസ്പര സ്നേഹം ഊട്ടി വളർത്തു ന്നതിനും നാം ശ്രമിക്കുന്നതാണ്. ധാർമിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനും തിന്മകൾ ഇല്ലായ്മ ചെയ്യുന്നതിനും നാം ശ്രമിക്കുന്നതാണ്. ആത്മാർഥമായ അർപ്പണവും യഥാർഥ സമത്വവും പരിപോഷിപ്പിക്കും പരസ്പരമുള്ള കാരുണ്യവും സമത്വവും സഹകരണവും ഉറപ്പുവരുത്തും.

ഇതോടൊപ്പം ക്രിസ്തീയ സഹോദരന്മാരോട് എനിക്കുള്ള അഭ്യർഥന നിങ്ങൾ ഇസ്‌ലാമിനോട് വച്ച് പുലർത്തുന്ന ശത്രുതാ ഭാവം അകറ്റണമെന്നതാണ് ഇസ്‌ലാമിക അദ്ധ്യാപനങ്ങളിലുള്ള തെറ്റുകൾ കണ്ടു പിടിക്കുന്നതിനു പകരം ക്രിസ്തീയ വിശ്വാസത്തിലെ നന്മകൾ കണ്ടെത്തട്ടെ, കാരണം മതത്തിന്റെ ഉദ്ദേശ്യം മറ്റുള്ളവരിലെ തെറ്റുകൾ കണ്ടെത്തുന്നതല്ല മറിച്ച് നന്മകൾ അന്വേഷിക്കലാണ്.

സഹോദരങ്ങളെ, ലോകം ഇന്ന് നിരീശ്വര വാദത്തിലും ബഹുദൈവ വിശ്വാസത്തിലും, രാജ്യങ്ങൾ തമ്മിലുള്ള സംഘർഷത്തിലും, വർഗ്ഗ സമരത്തിലും അകപ്പെട്ട് ഒരു സങ്കടകരമായ അവസ്ഥയിലാണ്. ഏതൊരു മനുഷ്യന്റെയും പ്രവൃത്തി, മനുഷ്യനെ ദൈവസ്നേഹത്തിലധിഷ്ഠിതമായ ഒരുപരസ്പര ഐക്യത്തിലേക്ക് അടുപ്പിക്കലാണ്. അല്ലാതെ ആരാധനാലയങ്ങൾ ദൈവ നിഷേധത്തിലേക്കോ, അനൈക്യമുണ്ടാക്കുന്നതിലേക്കോ വേണ്ടിയുള്ളതല്ല.

ഹുസൂറിന്റെ ഈ സന്ദേശം വായിച്ചു കേൾപ്പിച്ചതോടു കൂടി ഇമാം സാഹിബ് പള്ളിയുടെ താക്കോൽ ശേയ്ഖ് അബ്ദുൾ ഖാദിർ സാഹിബിനെ ഏൽപ്പിക്കുകയും അദ്ദേഹം ഔപചാരികമായി പള്ളി തുറന്നു കൊടുക്കുകയും ചെയ്തു. ഫൈസൽ രാജകുമാരൻ സഊദിയിൽ നിന്നും ലണ്ടൻവരെ ദീർഘദൂര യാത്ര ചെയ്തു വന്നതിന്റെ ഉദ്ദേശ്യം തന്നെ പള്ളിയുടെ ഉദ്ഘാടനമായിരുന്നു. അവസാന നിമിഷം ഈ ഉദ്ദേശ്യത്തിൽ നിന്ന് പിൻമാറിയതെന്തിനായിരുന്നു? **(തുടരും)**

(വിവർത്തനം: വി.പി. ബശീർ, കോഴിക്കോട്)

# തവഫ്ഫയുടെ പ്രയോഗങ്ങൾ

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

**വി**ശുദ്ധ ഖുർആനിലെ മാഇദ അധ്യായത്തിൽ 117-ാമത്തെ വചനത്തിൽ പറഞ്ഞിട്ടുള്ള **'ഫലമ്മാ തവഫ്ഫയ്തനീ'** (നീ എന്നെ മരിപ്പിച്ചപ്പോൾ) എന്ന ഭാഗമാണ് കഴിഞ്ഞ ലക്കത്തിൽ ചർച്ച ചെയ്തത്.ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യും ഖിയാമത്തുനാളിൽ 'ഹദ്റത്ത് ഈസാനബി(അ)പറഞ്ഞതു പോലെ പറയും' എന്നു പറഞ്ഞ ബുഖാരി ശരീഫിൽ വന്നിട്ടുള്ള ഹദീഥും ഉദ്ധരിക്കുകയുണ്ടായി.എന്നല്ല ആ ഹദീഥിൽ രണ്ടു മുജാഹിദു പണ്ഡിതന്മാർ നടത്തിയ തിരിമറിയെക്കുറിച്ചും പറഞ്ഞിരുന്നു. ഇവിടെയും അതു സംബന്ധമായി ചില കാര്യങ്ങൾ പറയാനാണ് ഉദ്ദേശിക്കുന്നത്. വബില്ലാഹി തൗഫീഖ്.

ഒരു മുസ്ലിം മരിച്ചു കഴിഞ്ഞാൽ മറ്റുള്ളവർക്ക്, അവനോടു ചെയ്യാനുള്ള ഏറ്റവും വലിയ കടമ അവനുവേണ്ടി മയ്യിത്ത് നമസ്കരിക്കുക എന്നതാണ്. നബി(സ)തിരുമേനിയും തന്റെ ജീവിതകാലത്ത് മരിച്ചവരുടെ, മയ്യിത്ത് നമസ്കരിച്ചിരുന്നുവെന്നതിൽ അഭിപ്രായ വ്യത്യാസമില്ല. ഇന്നും സുന്നി-മുജാ-ജമാ-തബ്ലീഗ് എന്നല്ല എല്ലാ മുസ്ലിം കക്ഷികളും തങ്ങളുടെ മുസ്ലിം സഹോദരങ്ങൾക്കുവേണ്ടി മയ്യിത്ത് നമസ്കരിക്കാറുണ്ട്. മരിച്ചത് മുസൽമാനാണെങ്കിൽ മയ്യിത്തു നമസ്കരിച്ചിട്ടേ ഖബറടക്കാറുള്ളു. അത്രയേറെ പ്രാധാന്യമാണ് മയ്യിത്ത് നമസ്കാരത്തിനുള്ളത്. അതിൽ ചൊല്ലുന്ന സുന്നത്താക്കപ്പെട്ട ഒരു പ്രാർഥന ഇപ്രകാരമാണ്. **അല്ലാഹുമ്മഗ്ഫിർ ലിഹയ്യിനാ വ മയ്യിത്തിനാ വ ശാഹിദിനാ വ ഗാഇബിനാ വ സ്വഗീറിനാ വ കബീറിനാ വ ദകറിനാ വ ഉൻഥാനാ അല്ലാഹുമ്മ മൻ അഹ്യയ്തഹൂ മിന്നാ ഫഅഹ്യിഹീ അലൽ ഇസ്ലാം വ മൻ തവഫ്ഫയ്തഹൂ മിന്നാ ഫതവഫ്ഫഹൂ അലൽ ഈമാൻ അല്ലാഹുമ്മ ലാ തഹ്രിംനാ അജ്റഹൂ വലാ തഫ്തിന്നാ ബഅ്ദഹൂ.** "അല്ലാഹുവേ! ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും ഞങ്ങളിൽനിന്ന് മരിച്ചു പോയവർക്കും, ഞങ്ങളിൽ ഹാജരുള്ളവർക്കും ഞങ്ങളിൽ ഹാജരില്ലാത്തവർക്കും, ഞങ്ങളിൽ ചെറിയവർക്കും ഞങ്ങളിൽ വലിയവർക്കും, ഞങ്ങളിൽ പുരുഷന്മാർക്കും ഞങ്ങളിൽ സ്ത്രീകൾക്കും പാപമോചനം നല്കേണമേ. അല്ലാഹുവേ! ഞങ്ങളിൽ ആരെ നീ ജീവിപ്പിച്ചിരുത്തുന്നുവോ അവരെ നീ ഇസ്ലാമിൽത്തന്നെ നിലനിറുത്തേണമേ. ഞങ്ങളിൽനിന്ന് ആരെ നീ മരിപ്പിക്കുന്നുവോ അവരെ നീ ഈമാനോടുകൂടി മരിപ്പിക്കേണമേ. അല്ലാഹുവേ! ഇതിന്റെ പുണ്യം ഞങ്ങൾക്കു തടയരുതേ. ഇതിനുശേഷം ഒരിക്കലും നീ ഞങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തരുതേ.

പ്രായപൂർത്തിയായിട്ടുള്ള മിക്ക മുസ്ലിംകൾക്കും ഈ പ്രാർഥന മനഃപ്പാഠമായിരിക്കും; അർഥം അറിഞ്ഞിട്ടാണോ അതു ചൊല്ലാറുള്ളത് എന്നത് വേറെ കാര്യം!. എന്തായാലും ഇവിടെ ചർച്ച ചെയ്യപ്പെടുന്നത് ഈ സുപ്രധാന പ്രാർഥനയിലെ രണ്ടേരണ്ട് പദങ്ങളാണ്. (1) **അഹ്യയ്ത** (2) **തവഫ്ഫയ്ത. അഹ്യയ്ത** എന്ന പദത്തിന്റ വിപരീത പദമാണ് **തവഫ്ഫയ്ത**. നീ ജീവിപ്പിക്കുന്നു **X** നീ മരിപ്പിക്കുന്നു.

മാഇദാ അധ്യായത്തിൽ ഉപയോഗിച്ച **തവഫ്ഫാ** എന്ന പദം ഒരു വ്യത്യാസവും കൂടാതെ മയ്യിത്ത് നമസ്കാരത്തിന്റെ പ്രാർഥനയിലും ഉപയോഗിച്ചിരിക്കുകയാണ്. അവിടെ പറഞ്ഞ **'ഫലമ്മാ തവഫ്ഫയ്തനീ'** (നീ എന്നെ മരിപ്പിച്ചപ്പോൾ) എന്നതിലെ മുൻ ഭാഗത്തു വന്നിട്ടുള്ള **'ഫലമ്മാ'**യും അവസാന രണ്ടക്ഷരമായ **'നൂനും യായും'** മാറ്റി നിറുത്തിയാൽ **'തവഫ്ഫയ്ത്ത'** എന്ന പദം തെളിഞ്ഞുവരും. പ്രസ്തുത **'തവഫ്ഫയ്ത്ത'** എന്ന പദം തന്നെയാണ് മയ്യിത്തു നമസ്കാരത്തിലും ചൊല്ലുന്നത്.

**'തവഫ്ഫയതനീ'** എന്നതിലെ **'തവഫ്ഫ'** എന്നതിനു ശേഷം വന്നിട്ടുള്ള **'ത'** മുഖാത്വിബ് (മദ്ധ്യമ പുരുഷൻ) അതായത് അല്ലാഹുവാണ്. അവനെ സംബോധന ചെയ്തുകൊണ്ടാണ് ഈ അർഥന നടത്തുന്നത്. **'യ'** ('എന്നെ' എന്ന് അർഥം) മുത്തകല്ലിം (ഉത്തമ പുരുഷനാണ്). അതായത് പ്രാർഥിക്കുന്നയാൾ. **ഫിഅ്ലു**കളിലും (കർമങ്ങൾ) മറ്റു ചില **കലിമ**കളിലും **'കസർ'** വരുന്നതിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുവേണ്ടിയാണ് **നൂനു വിഖായ** (രക്ഷയുടെ നൂൻ) മുത്തകല്ലിമായ **'യ'** യ്ക്കുമുമ്പേ ചേർക്കുന്നത്.

ഇതിന്റെ തൊട്ടുമുമ്പേ പറഞ്ഞ **'മൻ അഹ്യയ്ത്തഹൂ മിന്നാ'** (ഞങ്ങളിൽനിന്ന് ആരെ നീ ജീവിപ്പിച്ചിരുത്തുന്നുവോ) എന്നതിന്റെ വിപരീതമായിട്ടാണ് **'മൻ തവഫ്ഫയ്തഹൂ മിന്നാ'**(ഞങ്ങളിൽനിന്ന് ആരെ നീ മരിപ്പിക്കുന്നുവോ) എന്ന് പറഞ്ഞിട്ടുള്ളത്. മയ്യിത്തു നമസ്കരിക്കുന്ന ഒരാളും -അധികവും മയ്യിത്ത് മുമ്പിൽ വെച്ചിട്ടാണല്ലോ നമസ്കരിക്കാറുള്ളത്- ആദ്യത്തെ ലേഖനത്തിൽ പരിചയപ്പെടുത്തിയ ആറു പണ്ഡിതന്മാരുൾപ്പെടെ ഈ മയ്യിത്തു നമസ്കാരത്തിൽ ചൊല്ലുന്ന **'തവഫ്ഫാ'** എന്ന പദത്തിന് മരണം എന്നല്ലാതെ അർഥം പറയുകയില്ലെന്നത് തീർച്ചയാണ്. കാരണം റൂഹില്ലാത്ത ജഡത്തിനു മുമ്പിൽനിന്ന്, അതിനു ദൃക്സക്ഷിയായിക്കൊണ്ട് **റൂഹുണ്ട്** എന്നു പറയുന്നതെങ്ങനെ? എന്തുകൊണ്ടെന്നാൽ, ഹദ്റത്ത് ഈസാ(അ) **'തവഫ്ഫയ്തനീ '** (നീ എന്നെ മരിപ്പിച്ചപ്പോൾ) എന്ന് വ്യക്തമായും പറഞ്ഞിട്ടും റൂഹോടുകൂടി- ആത്മാവോടുകൂടി അദ്ദേഹത്തെ ഉയർത്തി എന്നാണല്ലോ ഇവർ എഴുതിപിടിപ്പിച്ചിട്ടുള്ളത്.

ഇനി ഈ പണ്ഡിതന്മാർ നല്കിയ അർഥങ്ങൾ മയ്യിത്തു നമസ്കാരത്തിൽ ചൊല്ലുന്ന **'തവഫ്ഫാ'**യിൽ ചേർത്താൽ എന്തായിരിക്കും'കോലം' എന്നു നമുക്കു നോക്കാം.

1. മുട്ടാണിശ്ശേരിൽ എം. കോയക്കുട്ടി, പരിശുദ്ധഖുർആൻ (അറബിക് ടെക്സ്റ്റോടുകൂടിയ മലയാള പരിഭാഷ, മോറൽ ബുക്സ്, കോട്ടയം, 1986)
2. സി.എൻ. അഹ്മദ് മൗലവി, വിശുദ്ധ ഖുർആൻ പരിഭാഷയും വ്യാഖ്യാനവും, നാഷണൽ ബുക്സ്, കോട്ടയം, 1973
3. അബുൽ അഅ്ലാ മൗദൂദി, ഖുർആൻഭാഷ്യം, വിവ: ടി.കെ. ഉബൈദ്, ഐ.പി.എച്ച്. കോഴിക്കോട് 1988
4. അബ്ദുൽ ഗഫ്ഫാർ മൗലവി അൽകൗസരി, ഖുർആൻ, ഡി.സി. ബുക്സ്, കോട്ടയം, 1997
5. മുഹമ്മദ് അമാനീ മൗലവി, തഫ്സീറുൽ ഖുർആൻ-വിശുദ്ധഖുർആൻ വിവരണം, കെ.എൻ.എം. കോഴിക്കോട് 1996

6. വിശുദ്ധഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ. ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, പറപ്പൂർ കുഞ്ഞു മുഹമ്മദ് മദനി. മലിക് ഫഹ്ദ് ഖുർആൻ പ്രിന്റിംഗ് പ്രസ്സ്, അൽമദീന)

1.'എന്നെ നീ (നിങ്കലേയ്ക്ക്) എടുത്തപ്പോൾ' (ഖുർആൻ വചനത്തിനു കൊടുത്ത അർഥമാണിത്). ഈ അർഥം മയ്യിത്തു നമസ്കാരത്തിൽ വന്നിട്ടുള്ള **'തവഫ്ഫാ'** യിൽ ചേർത്താൽ അർഥം ഇങ്ങനെയായിരിക്കും. ഞങ്ങളിൽനിന്ന് ആരെ നീ (നിങ്കലേയ്ക്ക്)എടുക്കുന്നുവോ *അവരെ നീ ഈമാനോടുകൂടി എടുക്കേണമേ"*

2. നീ എന്റെ (ആയുഷ്ക്കാലം) പൂർത്തിയാക്കിയപ്പോൾ... ഞങ്ങളിൽ നിന്ന് ആരുടെ (ആയുഷ്ക്കാലം) നീ പൂർത്തിയാക്കുന്നുവോ *അവരെ നീ ഈമാനോടുകൂടി(ആയുഷ്ക്കാലം)പൂർത്തിയാക്കേണമേ.*

3. നീ എന്നെ തിരിച്ചുവിളിച്ചപ്പോഴോ.........ഞങ്ങളിൽനിന്ന് ആരെ നീ തിരിച്ചു വിളക്കുന്നുവോ *അവരെ ഈമാനോടുകൂടി തിരിച്ചു വിളിക്കേണമേ*

4. നീ എന്നെ വേർപിരിച്ചപ്പോൾ ......... ഞങ്ങളിൽനിന്ന് ആരെ നീ വേർപിരിക്കുന്നുവോ *അവരെ ഈമാനോടുകൂടി വേർപിരിക്കേണമേ.*

5. നീ എന്നെ പൂർണമായെടുത്തപ്പോൾ....... ഞങ്ങളിൽനിന്ന് ആരെ നീ പൂർണമായെടുക്കുന്നുവോ *അവരെ ഈമാനോടുകൂടി പൂർണമായി എടുക്കേണമേ.*

6. പിന്നീട് നീ എന്നെ പൂർണമായി എടുത്തപ്പോൾ..... ഞങ്ങളിൽനിന്ന് ആരെ നീ പൂർണമായെടുക്കുന്നുവോ *അവരെ ഈമാനോടുകൂടി പൂർണമായെടുക്കേണമേ*

ഇവിടെ മാന്യ വായനക്കാർ നിഷ്പക്ഷബുദ്ധ്യാ ചിന്തിക്കുക, മയ്യിത്ത് നമസ്കരിക്കുമ്പോൾ, ആ മയ്യിത്തിനെ ഈമാനോടുകൂടി അല്ലാഹു തിരിച്ചുകൊണ്ടുപൊയ്ക്കൊള്ളും, നമ്മുടെ പണി ഈപ്രാർഥനയോടെ കഴിഞ്ഞിരിക്കുന്നു എന്നാരെങ്കിലും കരുതുമോ? അങ്ങനെ ആരെങ്കിലും വിചാരിച്ചാൽ ആ മയ്യിത്തിന്റെ സ്ഥിതി എന്തായിരിക്കും. ഒരു പദത്തിന്, അതിനു ചേരാത്ത രീതിയിലുള്ള അർഥം കൊടുക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. വിശുദ്ധ ഖുർആനിൽ വന്ന **തവഫ്ഫാ** എന്നപദത്തിന്, മയ്യിത്തുനമസ്കാരത്തിൽ വന്ന **തവഫ്ഫാ**യുടെ, സാധാരണക്കാർ മനസ്സിലാക്കുന്ന ലളിതമായ അർഥം -ഞങ്ങളിൽനിന്ന് ആരെ നീ **മരിപ്പിക്കുന്നുവോ** എന്ന അർഥം ഈ പണ്ഡിതന്മാർ നല്കിയിരുന്നുവെങ്കിൽ ഇസ്ലാമിന് വന്നു ഭവിച്ചിട്ടുള്ള അപകടകരമായ ഒരു അന്ധവിശ്വാസം അതിൽ കടന്നുകൂടില്ലായിരുന്നു.

അഹ്മദികൾ ഈസാനബി(അ) മരിച്ചുപോയി എന്നു പറയുമ്പോൾ ഭൂരിപക്ഷ മുസ്ലീംകളിൽപലരും പലരീതിയിലാണ് അതിനോട് പ്രതികരിക്കുന്നത്. ഒരു കൂട്ടർ പറയുന്നത് മരിക്കട്ടെ മരിക്കാതിരിക്കട്ടെ; നമ്മൾക്കു അതിന്റെ പിന്നാലെ പോകേണ്ട ആവശ്യമില്ലെന്നാണ്. ചില മുജാഹിദു പണ്ഡിതന്മാരും അവരുടെ അണികളുമാണ് ഈ ചിന്താഗതിക്കാർ. അതുകൊണ്ട് അവർ ആ വിഷയം ചർച്ചക്കെടുക്കാറില്ല. കാരണം അവരുടെ ചില കഴിഞ്ഞുകടന്ന പണ്ഡിതന്മാർ പരേതനായ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ യുമായി (റഹ്മത്തുല്ലാഹി അലയ്ഹി) വാദപ്രതിവാദം നടത്തി പരാജയപ്പെട്ട വിഷയമാണിത്.

മറ്റൊരു കൂട്ടർ പറയുന്നത്, ഈസാനബിയെ മരിപ്പിച്ചെങ്കിലേ മിർസാ ഗുലാം അഹ്മദിനെ അഹ്മദികൾക്കു നബിയാക്കാൻ പറ്റുകയുള്ളു, അതുകൊണ്ടാണ് അവർ ഈ വിഷയവുമായി നടക്കുന്നതെന്നാണ്. ഇത്തരം ചിന്താഗതിക്കാരോട് ഞങ്ങൾക്കു പറയാനുള്ളത്, **മുസ്ലിംകൾ ശപിക്കപ്പെട്ട ഒരു ജനതയിൽപ്പെട്ടുപോകാൻ പാടില്ല** എന്ന ആത്മാർഥമായ സ്നേഹം ഒന്നുകൊണ്ടു മാത്രമാണ് ഞങ്ങൾ ഇക്കാര്യം നിങ്ങളുടെ മുമ്പിൽ നിരന്തരം അവതരിപ്പിക്കുന്നത് എന്നു മാത്രമാണ്.

കാരണം നബി(സ)തിരുമേനി 1400 വർഷങ്ങൾക്കു മുമ്പേ ഇങ്ങനെ ഒരു മുന്നറിയിപ്പു നല്കിയിരുന്നു: "അല്ലയോ മുസ്ലീംകളേ! നിശ്ചയമായും നിങ്ങൾ നിങ്ങൾക്കു മുമ്പേയുള്ളവരുടെ ചെയ്തികളെ **ചവിട്ടടിതോറും അനുഗമിക്കും; ചാണിനു ചാണായും മുഴത്തിനു മുഴമായും**. അവർ ഒരു ഉടുമ്പിന്റെ പൊത്തിൽ കടന്നിട്ടുണ്ടെങ്കിൽ നിങ്ങളും അതിൽ കടക്കും.'' സ്വഹാബാക്കൾ ചോദിച്ചു, 'അല്ലാഹുവിന്റെ റസൂലേ! മുമ്പേയുളളവർ എന്നു പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് **യഹൂദരും ക്രിസ്ത്യാനികളുമാണോ?**' നബി(സ)തിരുമേനി പറഞ്ഞു: **'അവരല്ലാതെ മറ്റാരാണ്?'**

യഹൂദികളുടെ വിശ്വാസം എന്തായിരുന്നു എന്ന് നമുക്ക് നോക്കാം. ഹദീഥു ഗ്രന്ഥങ്ങളിൽ ഇബ്നുമർയം അവസാന കാലത്ത് ഇറങ്ങുമെന്ന് പറഞ്ഞു കാണുന്നതുപോലെ യഹൂദികളുടെ വേദഗ്രന്ഥത്തിലും, മസീഹിനുമുമ്പേ വഴിതെളിപ്പാൻ ആകാശത്തുനിന്ന് ഇൽയാസാനബി ഇറങ്ങുമെന്ന് പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. എങ്ങനെയാണ് ഇൽയാസ് ആകാശത്തേക്ക് പോയതെന്നതിനെക്കുറിച്ച്, ബൈബിൾ പഴയനിയമം രാജാക്കന്മാർ രണ്ടാം പുസ്തകം രണ്ടാം അധ്യായം പതിനൊന്നാം വചനത്തിൽ പറയുന്നു:

"അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു; അങ്ങനെ ഏലിയാവ് (ഇൽയാസുനബി)ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് കയറി."

ഈ ഏലിയാവിനെ (ഇൽയാസുനബിയെ) മസീഹിന്റെ വരവിനു മുമ്പേ സ്വർഗത്തിൽനിന്ന് ഇറക്കുമെന്ന് അല്ലാഹു പറഞ്ഞു. അതിപ്രകാരമാണ്.

മലാക്കി പുസ്തകം നാലാം അധ്യായം നാലാം വചനത്തിൽ പറയുന്നു: ''അവൻ ഹോരേബിൽവെച്ച് എല്ലാ യിസ്രായേലിന്നും വേണ്ടി എന്റെ ദാസനായ മോശയോടു കല്പിച്ചിരിക്കുന്ന ന്യായപ്രമാണങ്ങളും ചട്ടങ്ങളും വിധികളും ഓർത്തുകൊൾവിൻ. യഹോവയുടെ വലുതും ഭയങ്കരവുമായ നാശം വരുന്നതിനു മുമ്പേ ഞാൻ നിങ്ങൾക്കു **ഏലിയാ പ്രവാചകനെ (ഇൽയാസുനബിയെ) അയക്കും**."

ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു മുസ്ലീംകൾ ഇക്കാലത്ത് ഈസാനബിയെ കാത്തിരിക്കുന്നതുപോലെ അക്കാലത്ത് യഹൂദികൾ കാത്തിരുന്നത്. പക്ഷേ, അവരുടെ കാത്തിരിപ്പിനു വിരുദ്ധമായി മസീഹ് ഈസാ ആദ്യമേ വന്നു. ഏലിയാവ് (ഇൽയാസ്) ഇറങ്ങിയത് അവർ കണ്ടില്ല. യഹൂദികൾ ഹദ്റത്ത് ഈസാ(അ)ന്റെ അടുത്തു വന്ന് കാര്യം അന്വേഷിച്ചു. അപ്പോൾ ഹദ്റത്ത് ഈസാനബി (അ) യഹൂദികളോടു പറഞ്ഞ മറുപടിയിലേക്കു മുസ്ലീംകൾ സശ്രദ്ധം നോക്കേണ്ടതാണ്. എന്നല്ല, അങ്ങനെ നോക്കാൻ പറഞ്ഞത് അല്ലാഹുവിന്റെ കല്പനയാണ്.

വിശുദ്ധഖുർആൻ പറയുന്നു: **ഫസ് അലൂ അഹ്ലദ്ദിക്രി ഇൻ കുൻതും ലാതഅ്ലമൂൻ** 'അതിനാൽ നിങ്ങൾ അറിയാത്തവരാണെങ്കിൽ വേദപണ്ഡിതന്മാരോടു ചോദിച്ചു നോക്കുക' ഈ കല്പന രണ്ടു സ്ഥലത്തു കാണാം,16:44 ലും 21:8 ലും. ഇതിൽനിന്നുതന്നെ അതിന്റെ ഗൗരവം മനസ്സിലാക്കാവുന്നതാണ്. ഈസാ(അ)യോടു യഹൂദികൾ, ഏലിയാവിനെക്കുറിച്ചു അദ്ദേഹം ആകാശത്തുനിന്ന് ഇറങ്ങിയില്ലല്ലോ, പിന്നെ നീ എങ്ങനെയാണ് മസീഹ് ആകുക എന്നു

ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു:

"യേശു യോഹന്നാനെ (യഹ്‌യാനബിയെ)ക്കുറിച്ചു പുരുഷാരത്തോടു പറഞ്ഞു തുടങ്ങിയതു:...... 'ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയക്കുന്നു; അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും' എന്നെഴുതപ്പെട്ടിരിക്കുന്നവൻ അവൻ തന്നെ. സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ **യോഹന്നാൻ** സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല;...............നിങ്ങൾക്കു പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള **ഏലിയാവ്(ഇൽയാസുനബി)**അവൻ തന്നെ. കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ." (മത്തായി 11:715)

ഏലിയാവിനെ (ഇൽയാസിനെ)കുറിച്ചു അന്വേഷിച്ച യഹൂദികളോട് യേശു പറഞ്ഞു: ഏലിയാവ് മരിച്ചുപോയിരിക്കുന്നു. അദ്ദേഹത്തിന്റെ സദൃശനായി യോഹന്നാൻ (യഹ്‌യാനബി)വന്നിരിക്കുന്നു. (ഈസാനബി(അ)മരിച്ചുപോയി, തൽസ്ഥാനത്ത് അല്ലാഹു തന്നെ നിയോഗിച്ചിരിക്കുന്നുവെന്ന് ഇക്കാലത്ത് ആഗതരായ മുഹമ്മദീമസീഹ് ഹദ്റത്ത് അഹ്‌മദ് (അ) പറഞ്ഞതുപോലെ തന്നെയാണ് യേശു അന്ന് യഹൂദികളോടു പറഞ്ഞത്.)അപ്പോൾ യഹൂദികൾ ചോദിച്ചു: സകരിയ്യാവിന്റേയും ഹന്നയുടേയും പുത്രനാണ് യോഹന്നാൻ. അവനെങ്ങനെയാണ് യാസീന്റെ മകനായ ഏലിയാവാകുന്നത്.(ഇക്കാലത്തെ മുസ്‌ലീം പണ്ഡിതന്മാർ ചോദിക്കുന്നു; മർയമിന്റെ മകൻ മസീഹ് ഇറങ്ങുമെന്നാണ് ഹദീഥിൽ പറഞ്ഞിട്ടുള്ളത്. ഗുലാം മുർതദായുടേയും ചിരാഗുബീവിയുടേയും മകൻ എങ്ങനെയാണ് മർയമിന്റെ മകൻ മസീഹ് ആകുന്നത്?) ചരിത്രം ഇവിടെ ആവർത്തിക്കുകയാണ്. ഇൽയാസ് നബിയെ മരിപ്പിച്ചിട്ടാണ് ഈസാ(അ), നബിയായതെന്ന യാഥാർഥ്യം മുസ്‌ലിംലോകം അറിയേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. ആ തിരിച്ചറിവ് ഉണ്ടായെങ്കിലെ ഈസാനബിയെ മരിപ്പിച്ചിട്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ് (അ) എങ്ങനെ മുഹമ്മദീമസീഹായി എന്ന യാഥാർഥ്യം മുസ്‌ലിം ലോകത്തിനു മനസ്സിലാകുകയുള്ളു. ഇവിടെ തങ്ങൾ തങ്ങളുടെ വിശ്വാസത്തിൽ യഹൂദികൾക്കു സമാനരായിട്ടുണ്ടോ എന്ന് മുസ്‌ലിംലോകം ചിന്തിക്കുന്നത് അവർക്കു പറ്റിയ തെറ്റു തിരുത്താൻ അവരെ സഹായിക്കുന്നതാണ്. അതോടെ മുഹമ്മദീമസീഹിനെ വിശ്വസിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാകാനും അവർക്കു സാധിക്കും. ഇൻശാഅല്ലാഹ്.

**ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന് ഖുർആനിൽ പറഞ്ഞിട്ടില്ല.**

അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിനെ നശിപ്പിക്കുന്നതിനുവേണ്ടി ദീർഘകാലം വിയർപ്പൊഴുക്കുകയും അതിൽ പരാജയപ്പെടുകയും, ഇപ്പോഴും ഒഴുക്കിക്കൊണ്ടിരിക്കുകയും പരാജയപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന, അംഗീകരിച്ച ഒരു സത്യമുണ്ട്. ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന് ഖുർആനിൽ ഒരിടത്തും പറഞ്ഞിട്ടില്ല എന്നതാണത്. അദ്ദേഹം പറയുന്നതു കാണുക:

"ഇനി ആദ്യത്തെ ചോദ്യമെടുക്കാം. (ഈസാനബി) മരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് ആ കാര്യം ഖുർആൻ പറഞ്ഞില്ല? വിശുദ്ധഖുർആൻ ലോകാന്ത്യം വരെ നിലനില്ക്കുന്നതും അവസാനത്തെ മനുഷ്യനും ഹിദായത്തിനുള്ള ഗ്രന്ഥവുമാണെന്ന് വിശ്വസിക്കുന്നവരാണല്ലോ മുസ്‌ലീംകൾ. എന്നിരിക്കെ, **ഈസാ(അ)ജീവിച്ചിരിപ്പുണ്ടെന്ന് അതിനെങ്ങനെ പറയാൻ കഴിയും?** ഈസാ(അ) വരികയും 40 വർഷത്തെ ജീവിതത്തിനുശേഷം മരണപ്പെട്ട് **റൗളാശരീഫിൽ** സംസ്കരിക്കപ്പെടുകയും ചെയ്തതിനു ശേഷവും പാരായണം ചെയ്യപ്പെടുന്ന ഖുർആനിൽ **ഈസാനബി മരിച്ചിട്ടില്ലെന്ന സൂക്തമുണ്ടായാൽ** എന്തായിരിക്കും ആ ഖുർആന്റെ വില? ജനങ്ങളുടെ കൺമുമ്പിൽവെച്ചു മരണപ്പെട്ട് മറമാടപ്പെട്ട വ്യക്തിയെപ്പറ്റി ഖുർആനിൽ മരിച്ചിട്ടില്ല, തിരിച്ചു വരുമെന്ന് വായിക്കേണ്ടി വരുന്ന ഒരവസ്ഥ ഖുർആനുണ്ടാവില്ല (ആൾമാറാട്ടത്തിന്റെ കഥ, ആമുഖം,പേജ് 7,16-01-1992, അഞ്ചു. കൊടിയത്തൂർ). അതിനാൽ, ഇനിയാരും ഈസാനബി(അ) ജീവിച്ചിരിപ്പുണ്ടെന്നതിന് പ്രമാണവും തെളിവും വിശുദ്ധ ഖുർആനിൽ തിരയാൻ മെനക്കെടേണ്ട. ശത്രുപ്രമുഖർ റഞ്ഞ യാഥാർഥ്യം -അതുതന്നെയാണ് സത്യവും-ഇനിയെങ്കിലും കേരളത്തിലെ മുസ്‌ലിം കക്ഷികൾ അംഗീകരിക്കുമോ?

---

പേജ് 26ൽ നിന്ന് തുടർച്ച

കൊളൈഡറിലെ (Large Hadrone Collider) പരീക്ഷണത്തിൽ നടക്കുന്നത്. ഫ്രാൻസ് - സ്വിസ് അതിർത്തിയിൽ ഭൂനിരപ്പിൽ നിന്ന് താഴെ 100 മീറ്റർ ആഴത്തിൽ 27 കിലോമീറ്റർ ചുറ്റളവിൽ നിർമിച്ച കൊളൈഡറിൽ വെച്ചാണ് ഈ പരീക്ഷണം നടക്കുന്നത്. ഹിഗ്സ് ബോസോൺ ഒളിച്ചിരിക്കുന്ന കണങ്ങളിൽ നിന്നും അതിനെ പുറത്ത് ചാടിക്കാനായി വൻ കൂട്ടിയിടിക്ക് വിധേയമാക്കുകയാണ് ഈ കണികാ കൊളൈഡറിൽ അഥവാ കൂട്ടിയിടി തുരങ്കത്തിൽ ചെയ്യുന്നത്. അതിന്നായി പ്രോട്ടോണുകളുടെ രണ്ട് ബീമുകൾ പ്രകാശ വേഗത്തോടടുത്ത വേഗതയിൽ അത്യുന്നത ഊർജ്ജ നിലകളിൽ പായിച്ച് അതിനെ ശക്തിയേറിയ കാന്തം മുഖേന നിയന്ത്രിച്ച് പരസ്പരം കൂട്ടിയടിപ്പിക്കുന്നു. ഇവിടെ ഒരു പ്രശ്നമുള്ളത് ഹിഗ്സ് ബോസോൺ എന്ന ഈ പരമാണുവിന് സ്വതന്ത്രമായി നിൽക്കാൻ സാദ്ധ്യമല്ല എന്നാണ്. കൂട്ടിയിടിയുടെ ആഘാതത്തിൽ ഹിഗ്സ് ബോസോൺ സ്വതന്ത്രമായാൽ തന്നെ സെക്കന്റിന്റെ പതിനാനുള്ളിൽ അത് മറ്റൊരു രൂപത്തിലാവും. ഈ ക്ഷണമാത്രക്കുള്ളിൽ ശക്തിയേറിയ സെൻസറുകളുപയോഗിച്ച് ഹിഗ്സ് ബോസോണിനെ കണ്ടെത്തുകയാണ് ചെയ്തത്. അതിന്റെ പ്രഖ്യാപനമാണ് നടത്തിയതെങ്കിലും സ്ഥിരീകരണത്തിന്ന് ഇനിയും പഠനങ്ങൾ നടത്തേണ്ടതുണ്ട്. ചാടിപ്പുറ പ്പെട്ട് അഭിപ്രായം പറയുന്നത് ശാസ്ത്രീ യരീതിയല്ല എന്ന് സേൺ ഡയറക്ടർ ജനറൽ റോൾഫ് ഹ്യൂയർ പറഞ്ഞതും ശ്രദ്ധേയമാണ്.

**ഉപസംഹാരം**

ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തിന്റെ സൃഷ്ടി രഹസ്യങ്ങൾ തേടിയുള്ള അവന്റെ യാത്ര അനസ്യൂതം പുരോഗമിക്കട്ടെ. ജ്ഞാനസാഗരത്തിൽ മനുഷ്യൻ അവന്റെ സമസ്ത വൈഭവത്താലും പണിതധിഷണയുടെ യാനത്തിൽ സഞ്ചാരം തുടർന്നാലും, ജ്ഞാനവിസ്മയങ്ങളുടെ അനന്ത ചക്രവാളങ്ങൾ ദൈവത്തിന്റേതായി ബാക്കിയുണ്ടാവും. ഖുർആൻ പറയുന്നു: ***ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റേതാണ്. വൃക്ഷങ്ങളഖിലവും തൂലികകളാക്കിയാലും സമുദ്രം (മഷിയും) അതിനു പുറമെ സപ്തസാഗരങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താൽപ്പോലും അല്ലാ ഹുവിന്റെ (ജ്ഞാന) ദൃഷ്ടാന്തങ്ങൾ തീർന്നു പോകുകയില്ല. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനു മാകുന്നു. (31:28)***

# ആർക്കും വേണ്ടാത്ത പെൺകുട്ടികൾ

**മുസാഫിർ**

'ജീവനോടെ കുഴിച്ചു മൂടപ്പെട്ട പെൺകുഞ്ഞിനെ പറ്റി, അവൾ എന്തുകുറ്റം കാരണത്താലാണ് വധിക്കപ്പെട്ടതെന്ന് ചോദിക്കപ്പെടുമ്പോൾ' (വിശുദ്ധ ഖുർആൻ 81 : 8 –9)

**പെ**ൺകുട്ടികളുടെ തരുണ പ്രകൃതി കാരണം അവരെ പ്രത്യേക പരിഗണനയും സ്നേഹ വാത്സല്യങ്ങളും നൽകി വളർത്താനാണ് മതങ്ങളും മനുഷ്യത്വവും ആവശ്യപ്പെടുന്നത്. അത്തരത്തിൽ ദൈവം വിശ്വാസപൂർവം മനുഷ്യനെ ഏൽപ്പിച്ച പെൺ ശിശുവിനെ ആചാര പിശാചും സ്വാർത്ഥതയും ബാധിച്ച പൊതു സമൂഹം വിരിയുന്നതിന് മുമ്പേ ഗർഭപാത്രത്തിൽ വെച്ചുതന്നെ ചതച്ചരക്കുന്ന ഭീകരവും ഭീതിജനകവുമായ കണക്കുകളാണ് വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്. 2011 ലെ ഇന്ത്യൻ ജനസംഖ്യാസ്ഥിതിവിവരക്കണക്കുകളും മെഡിക്കൽ രേഖകളും പരിശോധിച്ച് വിശകലനം ചെയ്ത വിദഗ്ദന്മാർ ആൺപെൺ അനുപാതത്തിലെ ഭീമമായ അന്തരം ചൂണ്ടിക്കാട്ടിയതിന്റെ റിപ്പോർട്ട് കൽക്കത്തയിൽ നിന്നും പുറപ്പെടുന്ന 'ദ ടെലഗ്രാഫ്' (ജൂലായ് 26ന്) പ്രസിദ്ധീകരിച്ചിരിക്കുന്നു. വ്യാപകമായ പെൺഭ്രൂണഹത്യമൂലം സ്ത്രീകളുടെ ജനസംഖ്യ ഗണ്യമായി കുറഞ്ഞു വരികയാണ്. സമൂഹത്തിലെ പൈശാചികമായ ആചാരങ്ങളുടെയും മനുഷ്യത്വഹീനമായ മൂല്യങ്ങളുടെയും സമ്മർദം മൂലം ദുഷ്ടതയുടെ കരാള ഹസ്തങ്ങൾ സ്ത്രീയുടെ ഗർഭപാത്രത്തിൽ കടന്ന് ചെന്ന് നിഷ്ക്കളങ്കയും നിസ്സഹായയുമായ മനുഷ്യ ശിശുവിനെ അറുകൊല ചെയ്യുകയാണ്. എല്ലാ നാടുകളിലെ കുടുംബങ്ങളിൽ നിന്നും അവൾ നിലവിളിക്കുകയാണ്. അബലയുടെ ഈ മൂകരോദനം ദൈവശിക്ഷ ക്ഷണിച്ചു വരുത്തുന്ന ഒരു ഭീകര പാതകമാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

അമേരിക്കയിലെ ടൊറണ്ടോ യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ ഗ്ലോബൽ ഹെൽത്ത് വാച്ച് എന്ന അന്തർ ദേശീയ സംഘടന പ്രഭാത് ജ്ഹായുടെനേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ട് വിശ്വപ്രസിദ്ധ മെഡിക്കൽ ജേർണലായ ***'ലാൻസെറ്റ്'*** പ്രസിദ്ധീകരിച്ചതിന്റെ സംക്ഷിപ്ത വിവരണമാണ് 'ദ ടെലഗ്രാഫ്' റിപ്പോർട്ട് ചെയ്തത്.

1980 നും 2010 നും ഇടയിൽ 12 ദശലക്ഷം പെൺഭ്രൂണഹത്യകളാണ് ഇന്ത്യയിൽ നടന്നിട്ടുള്ളതെന്നാണ് അവർ കണ്ടെത്തിയത്. 1991 ൽ ഇന്ത്യയിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ കുറവ് 4.2 ദശല ക്ഷമായിരുന്നു. 2001 ൽ ഈ വ്യത്യാസം 6 ദശ ലക്ഷമായി വർദ്ധിച്ചു. 2010 ൽ ഇന്ത്യയിൽ 2 മുതൽ 4 ശതമാനം വരെ ഗർഭിണികൾ ലിംഗനിർണയം നടത്തി ഗർഭസ്ഥശിശു പെൺകുട്ടിയാണെന്നറിഞ്ഞ് ഗർഭഛിദ്രം നടത്തി (Selective abortion). ഈ സംഖ്യ 3 ലക്ഷം മുതൽ മുതൽ 4 ലക്ഷം വരെ വരും. ഇതേ വർഷം മൊത്തം ജനിച്ചത് 13. 3 ദശല ക്ഷം മുതൽ 13.7 ദശലക്ഷം വരെ പെൺകുട്ടികളാണ്. 2001 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ പെൺ ഭ്രൂണഹത്യയും ഗർഭഛിദ്രവും വീണ്ടും വർദ്ധിച്ചു 170 ശതമാനമായെന്നാണ് പഠനം വ്യക്തമാക്കുന്നത്.

ആൺ പെൺ ജനനത്തിലെ അന്തരം പഠിക്കാനായി, 1990 ൽ നടന്ന 250,000 ജനനങ്ങൾ അവർ പരിശോധിച്ചു. ആദ്യ ശിശു പെൺകുട്ടിയായുള്ള സ്ത്രീകളുടെ രണ്ടാമത്തെ പ്രസവത്തിൽ 1000 പെൺ കുട്ടികൾക്ക് 906 പെൺകുട്ടികൾ എന്ന അനുപാതമാണ് കണ്ടത്. 2005 ൽ അത് 1000 ആൺകുട്ടികൾക്ക് 836 പെൺകുട്ടികളായി കുത്തനെ വീണ്ടും താഴ്ന്നു. ആദ്യ ശിശു ആൺ മക്കളായ സ്ത്രീകളുടെ രണ്ടാമത്തെ പ്രസവത്തിൽ ഈ ഭീമമായ അന്തരം ദൃശ്യമല്ല. ഇതിൽ നിന്നും മനസ്സിലാവുന്നത് ആദ്യം പെൺകുട്ടി പിറന്നാൽ രണ്ടാമത്തെതെങ്കിലും ആൺകുട്ടിയായിരിക്കണം എന്ന നിർബന്ധത്തിൽ ഗർഭകാലത്ത് ലിംഗപരിശോധനടത്തുകയും പെൺഭ്രൂണത്തെ ഇല്ലാതാക്കുകയുമാണ് ഈ മനുഷ്യകശാപ്പുകാരും കശാപ്പുകാരികളും ചെയ്യുന്നത്.

1990 മുതൽ ഇന്ത്യയിലെ ഗ്രാമങ്ങളിൽ പോലും ശബ്ദ തരംഗങ്ങളുപയോഗിച്ചുള്ള അൾട്രാസൗണ്ട് സകാനിം വ്യാപകമായതോടെയാണ് ഈ പ്രവണത ഗുരുതരമായി വർദ്ധിച്ചത് എന്ന് പഠനം ചൂണ്ടിക്കാണിക്കുന്നു. മറ്റൊരു പ്രധാനകാര്യം ഇന്ത്യയിൽ സമ്പന്നർക്കും വിദ്യാഭ്യാസം ലഭിച്ചവർക്കുമിടയിലാണ് പെൺ ഭ്രൂണഹത്യയും ഗർഭഛിദ്രവും കൂടുതൽ കാണുന്നത്. ഇതിന്ന് കാരണം ആധുനിക മെഡിക്കൽ സംവിധാനങ്ങൾ ഉപയോഗിക്കാൻ ഈ വിഭാഗത്തിന്ന് എളുപ്പത്തിൽ സാദ്ധ്യമാവുന്നു എന്നതാണ്. പാവങ്ങൾക്കിടയിലും വിദ്യാഹീനർക്കിടയിലും ഈ സൗകര്യം അത്രയെളുപ്പത്തിൽ ലഭ്യമല്ല. മറ്റൊരുകാരണം ചൂണ്ടികാണിക്കപ്പെടുന്നത് ഗവർമെന്റ് ഇക്കാര്യത്തിൽ കാണിക്കുന്ന ഉദാസീന മനോഭാവമാണ്. ഗവർമെന്റിന്റെ ജനസംഖ്യാനയത്തിൽ എങ്ങിനെയെങ്കിലും ജനസംഖ്യ കുറക്കണമെന്ന

വ്യഗ്രതയാണ് കാണുന്നത്. അതിനാൽ ഭ്രൂണഹത്യയോടും പെൺ ഭ്രൂണഹത്യയോടും ഗർഭഛിദ്രത്തോടും അയഞ്ഞ നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. 1971 വരെ ഇന്ത്യയിൽ Medical Termination of Pregnacy Act (MTP) നിയമ പ്രകാരമായിരുന്നു ഗർഭഛിദ്രം അനുവദിച്ചത്. ആ നിയമ പ്രകാരം ഗർഭിണിയുടെ ജീവൻ രക്ഷിക്കാനൊഴികെ ഗർഭഛിദ്രം നടത്തിയാൽ ഗർഭിണിക്ക് 7 വർഷം തടവും പിഴയും, ഡോക്ടർക്കും ഗർഭഛിദ്രത്തിന് സഹായിച്ച സൂതികർമിണിക്കോ മറ്റുള്ളവർക്കോ 3 വർഷം തടവും പിഴയും ശിക്ഷലഭിക്കും. 1971 ൽ ഇന്ത്യൻ പാർലമെന്റ് ഈ നിയമം ഭേദഗതി ചെയ്ത് ഉദാരമാക്കി. ആ നിയമത്തിൽ ഗർഭധാരണം കാരണമായി സ്ത്രീയുടെ മാനസികവും ശാരീരികവുമായ നില അപകടപ്പെടൽ, അംഗവൈവകല്യങ്ങളോടെ ശിശു ജനിക്കുമെന്ന ഭീതി, ബലാൽസംഘം മൂലമുണ്ടായ ഗർഭം, 18 വയസ്സിന്ന് മുകളിലുള്ള അവിവാഹിതയായ സ്ത്രീയുടെ ഗർഭം (അവരുടെ സ്വന്തം സമ്മതത്തോടെ), 18 വയസ്സിന്നു താഴെയുള്ള അവിവാഹിതയായ സ്ത്രീയുടെ ഗർഭം (രക്ഷിതാവിന്റെ സമ്മതത്തോടെ) മാനസിക രോഗിയുടെ ഗർഭം (രക്ഷിതാവിന്റെ സമ്മതത്തോടെ), വന്ധ്യംകരണം നടത്തിയിട്ടും യാദൃച്ഛികമായുണ്ടാകുന്ന ഗർഭം മുതലായവ ഗർഭഛിദ്രത്തിന്നു വിധേയമാക്കാവുന്നതാണ്. ഈ നിയമത്തിന്റെ നൈതികവും ധാർമികവുമായ വശം ഇവിടെ പരിശോധിക്കാൻ മുതിരുന്നില്ല. ഏതായാലും ചികിത്സക്കും മനുഷ്യജീവന്റെ രക്ഷക്കും വേണ്ടിയുള്ള ഇത്തരം നിയമപരമായ അനുവാദങ്ങൾ പെൺഭ്രൂണഹത്യക്ക് വേണ്ടി ദുരുപയോഗം ചെയ്യുന്നതായാണ് കാണുന്നത്. ഗർഭധാരണം പോലെ ഗർഭ ഛിദ്രവും സ്ത്രീയുടെ അവകാശമാണെന്ന അധാർമിക വാദമുയർത്തുന്ന സ്ത്രീസ്വാതന്ത്ര്യവാദികളും നമ്മുടെ സമൂഹത്തിലുണ്ട് എന്ന കാര്യവും ഇവിടെ സ്മരണീയമാണ്.

1990 കളിൽ അൾട്രാ സോണാർ പരിശോധന പ്രചാരത്തിലായതിന് ശേഷമാണ് ഇത്ര വ്യാപകമായ തോതിൽ പെൺഭ്രൂണഹത്യ വർദ്ധിക്കുന്നതെന്ന് പറഞ്ഞുവല്ലോ.സോണാർ ടെസ്റ്റ് കൂടാതെ മറ്റു സൂക്ഷ്മമായ പരിശോധനാ മാർഗങ്ങളും ആവിഷ്ക്കരിക്കപ്പെടുകയുണ്ടായി. ഗർഭസ്ഥശിശുവിന്റെ ജനിതകപരവും ഉപാപജയപരവുമായ (Matabolic) വൈകല്യങ്ങൾ, ക്രോമോസോം വൈകല്യങ്ങൾ, ചില ജന്മജാതരോഗങ്ങൾ മുതലായ തകരാറുകൾ തിരിച്ചറിയാൻ ഗർഭപാത്രത്തിൽ നിന്ന് അമ്നിയോട്ടിക് ദ്രവം കുത്തിയെടുത്ത് പരിശോധന നടത്തുന്ന സമ്പ്രദായമാണ് അതിലൊന്ന്. ആദ്യത്തെ ആഴ്ച്ചകൾക്കുള്ളിൽ തന്നെ ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം നടത്താൻ ഈ പരിശോധനയിലൂടെ സാധിക്കും. സാമൂഹ്യ സംഘടനകളും ഗവർമെന്റിതര സംഘടനകളും ഈ പൈശാചിക കൃത്യത്തിനെതിരെ മുറവിളികൂട്ടിയതിന്റെ ഫലമായി ഇന്ത്യൻ പാർലമെന്റ് ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണയ പരിശോധന നയന്ത്രിക്കാനും അതിന്റെ ദുരുപയോഗം തടയാനും 1994ൽ Pre-Natal Diagnostic Techniques Act (Regulation and Prevention -PNDT Act) പാസ്സാക്കി. 1996 ജനുവരി 1 മുതൽ അത് പ്രാബല്യത്തിൽ വരികയുണ്ടായി. ഇതിനകം ലിംഗനിർണയം നടത്താൻ അത്യന്താധുനികമായ മറ്റുപലരീതികളും നിലവിൽ വന്നു. സമൂഹത്തിന്റെ ഹീന മനോഭാവം ചൂഷണം ചെയ്ത് ഈ കശാപ്പു വ്യവസായം കൊഴുപ്പിക്കുന്നത് ചില ഡോക്ടർമാരാണ്. ഗർഭധാരണത്തിന്ന് മുമ്പ് തന്നെ ലിംഗനിർണയം നടത്തി പെൺഭ്രൂണത്തിന്റെ സാദ്ധ്യത ഇല്ലാതാക്കുന്ന സ്പേം സെപറേഷൻ ടെക്നിക് (Sperm Seperation Technic), ടെസ്റ്റ്റ്റ്യൂബ് ബീജസങ്കലനം മുതലായ ആധുനിക സങ്കേതങ്ങൾ വളരെ സൂക്ഷ്മമായി പ്രാഥമികാവസ്ഥയിൽ ഗർഭധാരണം നടക്കുന്നതിന്ന് മുമ്പ് തന്നെ ലിംഗം തിരിച്ചറിയാനോ നിയന്ത്രിക്കാനോ അത് നശിപ്പിക്കാനോ സാധിക്കുന്നതാണ്. വളരെ പ്രാഥമിക ഘട്ടത്തിലുള്ള ഇത്തരം നശീകരണം നടത്തുമ്പോൾ അതിന്റെ സാമൂഹികവും നൈതികവുമായ പ്രത്യാഘാതം കുറഞ്ഞുകിട്ടുമെന്ന സൗകര്യവുമുണ്ട്. ഇങ്ങിനെ ഗർഭധാരണത്തിന് മുമ്പുള്ള അവസ്ഥയിൽ നിർണയം നടത്തി ദുരുപയോഗം ചെയ്യുന്നത് തടയാൻ മേൽപറഞ്ഞ നിയമത്തിനാകുമായിരുന്നില്ല. അത്കൊണ്ട് ഗർഭധാരണത്തിന് മുമ്പും ലിംഗനിർണയ പരിശോധയും ദുരുപയോഗവും തടയാൻ '*ഗർഭധാരണത്തിന് മുമ്പും*' (Pre-Conception ) എന്ന വാക്ക് കൂട്ടി ചേർത്ത് പ്രസ്തുത നിയമം PC & PNDT Act എന്ന് ഭേദഗതി ചെയ്യുകയുണ്ടായി. 2003 ഫെബ്ര: 14 മുതൽ രാജ്യത്തെ നിയമം അതാണ്. നിയമങ്ങൾ എത്രയുണ്ടായിട്ടും അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധമായ ഈ കുറ്റകൃത്യം നിർബാധം തുടരുകയാണ്. ഇതിന് മുഖ്യമായ കാരണം ലിംഗ നിർണയം നടത്തി പെണ്ണിനെ തിരിച്ചറിഞ്ഞ് നശിപ്പിക്കുന്ന ഈ കിരാത കൃത്യം ഒരു ക്രിമിനൽ കുറ്റമായി കണ്ട് ഇന്ത്യൻ പീനൽകോഡിന്റെ കീഴിൽ കൊണ്ടു വരാൻ നിയമം വ്യവസ്ഥ ചെയ്തിട്ടില്ല എന്നതാണ്. മെഡിക്കൽ പ്രഫഷന്റെ ഒരു ചട്ട ലംഘനം എന്ന നിലക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നത്. അത്കൊണ്ട് വളരെ അപൂർവമായേ ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യുന്ന ക്രിമിനലുകൾ ശിക്ഷിക്കപ്പെടുന്നുള്ളൂ. മാത്രമല്ല ഇത് വ്യഭിചാരം പോലെ ആ കൃത്യം നിർവഹിക്കുന്ന ഡോക്ടറും അതിന് വിധേയമാവുന്ന സ്ത്രീയും ഒത്തു ചേർന്നുള്ള കുറ്റകൃത്യമാണ്. ഈ കുറ്റകൃത്യത്തിൽ അന്യായക്കാരൻ പ്രതിക്കെതിരെ നീതിപീഠങ്ങൾക്ക് മുമ്പിൽ പരാതിയുമായി പോവുന്ന പ്രശ്നം ഉദിക്കുന്നില്ല. പിടികൂടേണ്ട പോലീസാവട്ടെ ഇത്തരം കാര്യങ്ങൾക്കൊന്നും മിനക്കെടാറുമില്ല. പിന്നെ സാമൂഹിക സംഘടനകളും മനുഷ്യ സ്നേഹികളുമാണ് ഈ പ്രശ്നം ഉന്നയിച്ച് ബഹളം വെക്കുന്നത്. സമൂഹത്തിൽ ഉന്നതതങ്ങളിൽ പിടിപാടുള്ള ഡോക്ടർമാരും അധികാരികളും ചേർന്നുള്ള മാഫിയാ സംഘങ്ങളാണ് ഇത്തരം ക്ലിനിക്കുകൾക്ക് പല സംസ്ഥാനങ്ങളിലും കൂട്ടുനിൽക്കുന്നത്. ത്യാഗനിർഭരമായ സേവനം നടത്തുന്ന ഡോക്ടർമാരിൽ നിന്നും ഈ കശ്മലന്മാരെ സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഇന്ത്യാഗവൺമെന്റിന്റെ ആരോഗ്യ വിഭാഗവും ഐക്യരാഷ്ട്ര സഭയും ചേർന്ന് പ്രസിദ്ധീകരിച്ച Pre-conception and Pre-Natal Diagnostic Techniques (Regulation and Prevention of Misuse) Act, 1994 Answer to Frequent ask Questions എന്ന ലഘുലേഖയിൽ ഇന്ത്യയിൽ പല സ്ഥലങ്ങളിലും സ്ത്രീകളുടെ കുറവ് അനുഭവപ്പെട്ടിരിക്കുന്നു എന്ന് കണക്കുകളുദ്ധരിച്ച് പറയുന്നു. അതിനാൽ പല സ്ഥലങ്ങളിലും ബഹുഭർതൃത്വസമ്പ്രദായം തിരിച്ചുവരികയാണെന്ന് പറയുന്നു. 2001 Oct 28 Pioneeer പത്രത്തിൽ അരുണാദത്ത് എഴുതിയ ലേഖനത്തിൽ



8 സഹോദരന്മാർ വിവാഹം കഴിച്ച ഒരു പെൺകുട്ടി തന്റെ ഭർത്താക്കന്മാരുടെ സംഘത്തോടൊപ്പം

പടിഞ്ഞാറൻ രാജസ്ഥാനിലെ ബാർമർ ജില്ലയിലെ രജപുത്രന്മാർക്ക് പ്രാമുഖ്യമുള്ള റത്തോർ ജാതിയിലെ ഒരു കൂട്ടുകുടുംബത്തിൽ ഓരോ കുടുംബത്തിലും രണ്ടോ മൂന്നോ ആൺകുട്ടികളാണുള്ളത്. 400 കുടുംബാംഗങ്ങളുള്ള ആ കുട്ടുകുടുംബത്തിൽ കേവലം 2 പെൺകുട്ടികൾ മാത്രമേയുള്ളു. ആ ലഘു ലേഖയിൽ ജെയ്സൽമിൽ ജില്ലയിലെ ദേവ്റ വില്ലേജിൽ 110 വർഷങ്ങൾക്ക് ശേഷം 1997 ൽ ഒരു വധുവിന്റെ വിവാഹത്തിന് സാക്ഷ്യം വഹിച്ചത് എന്ന കാര്യം വിവരിച്ചിരിക്കുന്നു. ആ ലഘു ലേഖയിൽ 8 സഹോദരന്മാർ വിവാഹം കഴിച്ച ഒരു പെൺകുട്ടി തന്റെ ഭർത്താക്കന്മാരുടെ സംഘത്തോടൊപ്പം നിൽക്കുന്ന ഫോട്ടോയും സ്ത്രീകളോട് കാണിക്കുന്ന ക്രൂരതക്കും അവഗണനക്കും ഈ ജനതയെ ദൈവം ഇങ്ങിനെ ശിക്ഷിക്കുകയാണോ?

ഇന്ത്യയിൽ പുരുഷന്മാരേക്കാൾ ഏറ്റവും കൂടുതൽ സ്ത്രീകളുള്ള സംസ്ഥാനം കേരളമാണ്. 2011 ലെ സെൻസസ്സ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,3387677 ആണ്. അതിൽ സ്ത്രീകൾ 1,7366387 ഉം പുരുഷന്മാർ 1,6021290 ഉം ആകുന്നു. അതായത് സ്ത്രീപുരുഷാനുപാതം 52:48 ആണ്. അതായത് 52 ശതമാനം സ്ത്രീകളും 48 ശതമാനം പുഷന്മാരും. 2011 ലെ സെൻസസ്സ് പ്രകാരം ഇന്ത്യയിലെ സ്ത്രീ പുരുഷ ലിംഗാനുപാതം (Sex Ratio) നെഗറ്റീവ് ആണ്. അതായത് 1000 പുരുഷന്ന് 914 സ്ത്രീകൾ. എന്നാൽ നമ്മുടെ കേരളത്തിൽ 1000 പുരുഷന്മാർക്ക്1084 സ്ത്രീകൾ ആണുള്ളത്. സ്ത്രീകൾ പുരുഷന്മാരേക്കാൾ അധികം!!. ഇന്ത്യയിൽ പുഷന്മാരേക്കാൾ ഏറ്റവും കൂടുതൽ സ്ത്രീകളുള്ള സംസ്ഥാനവും കേരളമാണ്. എന്നാൽ സാക്ഷരതയിലും പ്രബുദ്ധതയിലും മുന്നിട്ട് നിൽക്കുന്ന കേരളത്തി ന്റെ അഭിമാനമായിരുന്ന ഈ പെൺ പെരുമക്ക് ഗണ്യമായ കോട്ടം സംഭവിച്ചിരിക്കുന്നു എന്ന് The Times of India (2012 മാർച്ച് 19) റിപ്പോർട്ട് ചെയ്യുന്നു. 2011 ലെ സെൻസസിൽനിന്നും ആറുവയസ്സുവരെയുള്ള കുട്ടികളുടെ സ്ഥിതി വിവരകണക്കുകൾ സൂക്ഷ്മമായി വിശകലനം ചെയ്തപ്പോൾ 14 ജില്ലകളിൽ 9 എണ്ണത്തിലും പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കുറവാണ്. 2001 ൽ ആയിരം ആൺകുട്ടിക്ക് 963 ആയിരുന്നു ആൺ പെൺ അനുപാതം. അത് 2011 ൽ 959 എണ്ണമായി ചുരുങ്ങിയിരിക്കുകയാണ്. മൊത്തം ജനസംഖ്യയിൽ സ്ത്രീകൾ കൂടുതലാണെങ്കിലും 1990 മുതൽ ശിശുക്കളുടെ ജനസംഖ്യയിൽ പെൺ പങ്ക് കുറയാൻ ആരംഭിച്ചിരിക്കുന്നു. ആശുപത്രികളുടെയും ക്ലിനിക്കുകളുടെയും അത് പോലെ സ്ത്രീധനത്തിന്റെയും സ്വന്തം നാടായ കേരളത്തിൽ സ്ത്രീ ജനസംഖ്യ മാരകമായ ശോഷണ ഭീഷണി നേരിടുകയാണ്.

മിക്ക ഇന്ത്യൻ കുടുംബങ്ങളിലും മക്കളെ വളർത്തുന്നത് പോലും ലാഭനഷ്ടങ്ങളുടെ കണക്കനുസരിച്ചാണ്. . സ്ത്രീ വിവാഹശേഷം സ്വകുടുംബത്തിൽ നിന്നും വിട്ടുപോയി ഭർത്താവായ അന്യപുരുഷന് സേവനം ചെയ്യേണ്ടവളാകയാൽ അവളെകൊണ്ട് തങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കില്ല എന്ന ചിന്തയുടെ അടിസ്ഥാനത്തിലുള്ള സമീപനമാണ് ചെറുപ്പത്തിൽ തന്നെ പെൺശിശുവിനോടുള്ള അവഗണനയുടെ ഒരു കാരണം. പ്രായമായാൽ തങ്ങളെ സംരക്ഷിക്കേണ്ടത് ആൺ സന്തതിയാണെന്ന ചിന്തയിൽ കുടുംബത്തിന്റെ പരിഗണന മുഴുവൻ ആൺ സന്തതിക്ക് പോകുന്നു. സ്ത്രീധനാധിഷ്ഠിത വിവാഹം നടക്കുന്ന സമൂഹങ്ങളിൽ പെൺകുഞ്ഞ് ഭാരം പേറുന്ന ഒരു ദുശ്ശകുനമായിട്ടാണ് കുടുംബത്തിൽ വളരുന്നത്. മിക്ക ഇന്ത്യൻ കുടുബങ്ങളിലും ആൺ സന്തതിയെ പോലെ നല്ല പോഷണമോ വിദ്യാഭ്യാസമോ ശ്രദ്ധയോ പെൺകുട്ടികൾക്ക് ലഭിക്കാറില്ല. ആയിരത്തി നാനുറ് വർഷങ്ങൾക്ക് മുമ്പ് പെൺകുഞ്ഞ് ജനിച്ച മനുഷ്യന്റെ അവസ്ഥ വിശുദ്ധ ഖുർആൻ വരച്ചുകാട്ടുന്നു.'***അവരിലൊരാൾക്ക് പെൺകുട്ടിജനിച്ചുവെന്ന സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കരുവാളിച്ചുപോകുന്നു. അവൻ കോപം ഉള്ളിലടക്കി നിർത്തുന്ന വനായിരിക്കും. അവന് അനുമോദനം നൽകപ്പെട്ടതിന്റെ ദോഷം നിമിത്തം അവൻ ജനങ്ങളിൽ നിന്നും ഒളിക്കുന്നു അപമാനം സഹിച്ചു കൊണ്ട് അവൻ അതിനെ (പുത്രിയെ) വെച്ചു കൊണ്ടിരിക്കുമേ? അതല്ല, അതിനെ മണ്ണിൽ കുഴിച്ച് മുടുമോ? അറിയുക അവർ വിധിക്കുന്നത് വളരെ വിചിത്രം തന്നെ' (വി: ഖു ർ ആൻ 16: 59)*** നൂറ്റാണ്ടുകൾ പലത് കഴിഞ്ഞിട്ടും നാഗരികതയിൽ ലോകം പലമടങ്ങ് പുരോഗതി പ്രാപിച്ചിട്ടും പെൺകുഞ്ഞിനോടുള്ള ചില മനുഷ്യരുടെ സമീപനത്തിലെ നൃശംസതയിൽനിന്നും കാട്ടാളത്വം അത് പോലെ നിൽക്കുന്നു എന്നത് അദ്ഭുതകരമല്ലേ ? സ്ത്രീ ഇന്ന് തോരാത്ത കണ്ണീരിന്റെ പ്രതീകമാണ്. കുടുംബവും സമൂഹവും നടപ്പാക്കുന്ന ദുരാചാരങ്ങളുടെയും പ്രയാസങ്ങളുടെയും ഭാരം മുഴുവൻ അവൾ വഹിക്കേണ്ടിവരുന്നു. തന്റെ സമൂഹത്തിലെ ഒരു പ്രത്യേക ലിംഗത്തിൽ പെട്ടവരെ മാത്രം കൊന്നുനശിപ്പിക്കുന്ന ഒരു പ്രവർത്തനവും മൃഗലോകത്ത് നിന്നുപോലും നാം കേൾക്കാറില്ല. മനുഷ്യസന്താനമായി ജനിക്കാൻ വിധിച്ച ഈ ദുഃഖപുത്രിമാർ ജനിക്കുന്നതിന് മുമ്പ് ഉന്മൂലനം ചെയ്യപ്പെടുന്നത് മനുഷ്യന്റെ അധമത്വത്തിന്ന് ഉദാഹരണമാണ്.

സ്ത്രീയെ ഏറ്റവും കൂടുതൽ ആദരിച്ച മതമാണ് ഇസ്ലാം. പ്രകൃത്യായുള്ള ചില വ്യത്യാസങ്ങൾ സ്ത്രീപുരുഷന്മാർക്കിടയിലുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. ഈ വ്യത്യാസത്തെ അടിസ്ഥാനമാക്കിയുള്ള ഉത്തരവാദിത്വങ്ങളിലും ചുമതലകളിലും അതിന്റെ നിയമങ്ങളിലും നിയോഗങ്ങളിലും ചില വ്യത്യാസങ്ങൾ ഇസ്ലാമിലുണ്ട്. എന്നാൽ മനുഷ്യൻ എന്ന നിലയിൽ ഇസ്ലാമിൽ സ്ത്രീ പുരുഷനു തുല്യ


മാണ്. ബുദ്ധിപരമായും ആത്മീയമായും സ്ത്രീയും പുരുഷനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഇരുവർക്കും ഒരു പോലെയുള്ള കഴിവുകളാണ് പ്രദാനം ചെയ്തിട്ടുള്ളത്. അറേബ്യയിലെ അതികിരാതമായ സ്ത്രീഹത്യ നിറുത്തലാക്കിയ റസൂൽ തിരുമേനി (സ) സ്വർഗത്തെ പോലും സ്ത്രീയുടെ പാദങ്ങൾക്ക് കീഴിലാക്കി. പെൺകുട്ടിയെ നല്ല നിലയിൽ വളർത്തിവലുതാക്കുന്ന രക്ഷിതാക്കന്മാർ പരലോകത്ത് റസൂൽ തിരുമേനി (സ) യോടൊപ്പമായിരിക്കുമെന്നും അവർക്ക് സ്വർഗം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും റസൂൽ തിരുമേനി (സ) സുവിശേഷമറിയിക്കുകയുണ്ടായി. പെൺകുട്ടികളെ ആദരത്തിന്റെയും സനേഹ വാത്സല്യങ്ങളുടെയും ഭാജനമാക്കുന്ന ഇസ്‌ലാം സ്ത്രീവിമോചനത്തിന്റെ പ്രകടന പത്രികയാണ്.

ആ ഇസ്‌ലാമിലും താലിബാൻ എന്ന ദുർഭൂതം വന്ന് സ്ത്രീകളെ മതത്തിന്റെ പേരിൽ വേട്ടയാടുന്നു. അവൾക്ക് വിദ്യാഭ്യാസവും സ്വൈര്യ ജീവിതവും നിഷേധിക്കുന്നു. റസൂൽ തിരുമേനി(സ)യുടെ സമൂഹത്തിലും സ്ത്രീക്ക് ഇണയെ തേടുമ്പോൾ സ്ത്രീധനത്തിന്റെ നഗ്നമായ വില പേശലുകൾ നടക്കുന്നു. കുടുംബവും സമൂഹവും ആചാരങ്ങളും സർവോപരി മനുഷ്യന്റെ അധാർമിക മൂല്യ ബോധവും അടിച്ചേൽപ്പിക്കുന്ന അത്യാചാരങ്ങളുടെ ഭാരമെല്ലാം സ്ത്രീകളുടെ മേൽ പതിക്കുമ്പോൾ അവളെ വിരിയുന്നതുമുമ്പെ തല്ലികൊഴിക്കാൻ കഴുകൻ കണ്ണുമായി വൈദ്യശാസ്ത്രവും നിൽക്കുന്നു. ചുരുക്കത്തിൽ സമൂഹത്തിന്റെ ധാർമിക ബോധം ഉയരാതെ സ്ത്രീ വിമോചിത യാവില്ല. ഈ ധർമ വ്യവസ്ഥയിൽ സ്ത്രീജന സംഖ്യ ശോഷിച്ചു പോവുമോ? മനുഷ്യ സമൂഹത്തെ അല്ലാഹു രക്ഷിക്കട്ടെ (ആമീൻ)



മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം മേഖല ഇജ്തിമ അഖിലേന്ത്യാ നാഇബ് സദർ സി. ശമീം സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മുഹമ്മദ് സഫ്‌വാൻ, മൗലവി അബ്ദുൽ മുജീബ്, മുഹമ്മദ് കരീം എന്നിവർ സമീപം

# ജന്മനാട്ടിൽ ഹീറോ അല്ലാത്ത പാകിസ്താന്റെ ഒരേയൊരു നോബൽ സമ്മാന ജേതാവ്




ഡോ. അബ്ദുസ്സലാം

ഇസ്‌ലാമാബാദ് : കഴിഞ്ഞയാഴ്ച്ചഗോഡ് പാർട്ടിക്കിൾ എന്നറിയപ്പെടുന്ന അടിസ്ഥാന കണത്തിന്റെ പരീക്ഷണാത്മകമായ കണ്ടുപിടുത്ത ത്തിലേക്ക് നയിച്ചത് പാകിസ്താന്റെ ഒരേ യൊരു നോബൽ സമ്മാന ജോതാവിന്റെ ശാസ്ത്ര പവർത്തനങ്ങളാണ്. പക്ഷേ ദിവംഗതനയ ഈ ഊർജതന്ത്ര ശാസ്ജ്ഞൻ ജന്മനാട്ടിൽ ഹീറോ അല്ല. ടെക്സ്റ്റ് ബുക്കുകളിൽ നിന്നും അദ്ദേഹത്തിന്റെ നാമം വെട്ടി മാറ്റിയിരിക്കുന്നു. പാകിസ്താനിലെ സമാധാനാവശ്യങ്ങൾക്കായുള്ള അണു ഊർജ പദ്ധതികൾക്ക് ആദ്യ കാല നേതൃത്വംകൊടുത്തത് അബ്ദുസ്സലാമാണ്. ദശകങ്ങൾക്ക് മുമ്പ് മുസ്‌ലിം മത മൗലിക വാദികൾ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ഖ്യാതി തുടച്ച് നീക്കാനുള്ള ശ്രമം ആരംഭിച്ചു. അദ്ദേഹം അഹ്മദിയ്യാ വിഭാഗത്തിൽ പ്പെട്ടയാളായിയിരുന്നു. അഹ്മദികൾ അവിടത്തെത്തെ ഭരണകൂടത്താൽ പീഡിപ്പിക്കപ്പെട്ട് കൊണ്ടിരിക്കയാണ്. അഹ്മദികൾ മതത്തിൽ നിന്ന് പുറത്ത് പോയവരാണ് എന്ന വീക്ഷണം വെച്ച് പുലർത്തുന്ന താലീ ബാൻ ഭീകരവാദികളുടെ ഇരയാണ് അഹ്മദികൾ. മതതീവ്രവാദികൾളുടെ വ്യാഖ്യാനങ്ങൾക്ക് മേൽക്കൈ ഉണ്ടാകുകയും ഭീകരവാദി കൾ അവർക്കെതിരെ അക്രമമഴിച്ചു വിടുകയും ചെയ്യുന്നതിനാൽ കഴിഞ്ഞ കുറെ വർഷങ്ങളിലായി അഹ്മദികളുടെ പാക്കിസ്താനിലെനില വളരെ പരിതാപകരമാണ്

1926ൽ അസാധാരണമായ ബുദ്ധി വൈഭവത്തോടെ അവിഭക്ത ബ്രിട്ടീഷ് ഇന്ത്യയിൽ ജനിച്ച അബ്ദുസ്സലാം വിഭജനാനന്തരം പാക്കിസ് താനിലാവുകയായിരുന്നു. ഒരു ഡസനിലധികം അന്തർ ദേശീയ പുരസ്ക്കാരങ്ങൾ വാരിക്കൂട്ടിയ അദ്ദേഹം 1979 ൽ നോബൽ സമ്മാനം പങ്കിടുകയുണ്ടായി. പ്രപഞ്ചത്തിലെ മൊത്തം ഭൗതിക പ്രവർത്തനങ്ങളിൽ അടിസ്ഥാന ബലങ്ങളും കണികകളും എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അന്വേഷിക്കുന്ന സ്റ്റാന്റേർഡ് മോഡൽ എന്നറിയപ്പെടുന്ന സിദ്ധാന്തത്തിനാണ് അദ്ദേഹത്തിന് നോബൽ സമ്മാനം ലഭിച്ചത്. അബ്ദു സ്സലാം 1996 ൽ അന്തരിക്കുകയുണ്ടായി.

(ദുബായിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന GULF NEWS ൽ (ജൂലായ് 10) വന്ന വാർത്ത)

2012 August

Vol: 84 Issue.8
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14

**The Sathyadoothan Monthly**




**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free (9 am to 9 pm)**